VOL NO: 06 I ISSUE 13
www.nerpatham.com
mail@nerpatham.com
2022 MARCH 26 I ₹10

# നേർപഥം
വാരിക



## വിശുദ്ധിയുടെ വ്രതനാളുകൾ; നാം ഒരുങ്ങിയോ?

ജനാധിപത്യത്തിന്റെ മധുരതരമായ ഓർമകൾ അയവിറക്കി വോട്ട് രാഷ്ട്രീയത്തിന്റെ കയ്പുനീർ കുടിച്ചുതീർക്കേണ്ട ഗതികേടിലാണ് ഇന്ത്യൻ ജനത. പരമതവിദ്വേഷവും വിഭാഗീയചിന്തകളും ജയപരാജയത്തിന്റെ വിഭവങ്ങളായി മാറുന്ന സത്യാനന്തരകാലത്ത് മതേതരബോധമുള്ളവരെങ്കിലും കൃത്യമായ തിരുത്തലുകൾക്ക് തയ്യാറായിട്ടില്ലെങ്കിൽ പ്രത്യാശയുടെ പുലരിവെട്ടം പ്രതീക്ഷിക്കുന്നതിൽ യാതൊരു അർഥവുമില്ല.

# രാഷ്ട്രീയചതുരംഗം: തിരുത്തലുകളാണാവശ്യം

|| ‘അല്ലാഹുവിനെ കാണുന്ന സൂഫി’

|| ആത്മനിയന്ത്രണത്തിന്റെ ദിനരാത്രങ്ങൾക്ക് സ്വാഗതം

|| ശീഈ അത്യാചാരങ്ങൾക്കെതിരെ പണ്ഡിതശിരോമണികൾ




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയയ്ക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0270

# നേർപഥം
വാരിക

2022 മാർച്ച് 26
1443 ശഅബാൻ 23
പുസ്തകം 06 / ലക്കം 13






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

## രാഷ്ട്രീയചതുരംഗം: തിരുത്തലുകളാണാവശ്യം

മുജീബ് ഒട്ടുമ്മൽ

**05**
മുഖമൊഴി
ആത്മനിയന്ത്രണത്തിന്റെ ദിനരാത്രങ്ങൾക്ക് സ്വാഗതം

**06**
ലേഖനം
ശീഈ അത്യാചാരങ്ങൾക്കെതിരെ പണ്ഡിതശിരോമണികൾ
ഡോ. ഷാനവാസ് പറവണ്ണ
ചേക്കുമരക്കാരകത്ത്

**15**
ലേഖനം
നമ്മുടെ മനസ്സ് എന്തിനും പാകപ്പെട്ടുവോ?
ടി.കെ അശ്റഫ്

**18**
ലേഖനം
തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം
'അല്ലാഹുവിനെ കാണുന്ന സൂഫി'
സക്കീർ ഹുസൈൻ ഈരാറ്റുപേട്ട

**23**
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ചരിത്രപഥം
തബൂക് യാത്രയിൽ പിന്തി നിന്നവർ
ഹുസൈൻ സലഫി

**31**
ലേഖനം
വിശുദ്ധിയുടെ വ്രതനാളുകൾ; നാം ഒരുങ്ങിയോ?
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**34**
മധുരം ജീവിതം
പുത്രസ്നേഹം അന്ധമാകരുത്
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

# അടിസ്ഥാന ബാധ്യതകളെ അവഗണിക്കരുത്

ലോകം ഇന്ന് വിരൽത്തുമ്പിലാണെന്നത് മനുഷ്യരെ സംബന്ധിച്ച് വലിയൊരു അനുഗ്രഹമാണ്. ആധുനിക ടെക്നോളജി എല്ലാം എളുപ്പമാക്കിത്തരുന്നു. എന്നിരുന്നാലും 24 മണിക്കൂർ മനുഷ്യന് മതിയാകുന്നില്ല എന്നതാണ് അവസ്ഥ! അതാണ് എളുപ്പംകൊണ്ട് നാം നേടിയെടുത്തത്! വിശ്വാസികൾക്ക് ഇതിലെല്ലാം നന്മകൾ വാരിക്കൂട്ടാൻ അവസരങ്ങൾ നിരവധിയുണ്ട്. എന്നാലും കാലത്തിന്റെ കുത്തൊഴുക്കിൽ നാമും പെട്ട് പോകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അല്ലാഹു പറഞ്ഞു: ''നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ'' (3:104).

ഒരു ബാധ്യതയെക്കുറിച്ചാണ് റബ്ബ് പറഞ്ഞുതരുന്നത്. സ്വർഗ പ്രവേശനത്തിന് അർഹരാക്കുന്ന ബാധ്യത! നന്മയിലേക്ക് ക്ഷണിക്കാൻ പര്യാപ്തമായ സാധ്യതകൾ ഉണ്ടായിട്ടും അത് നിർവഹിക്കാൻ കഴിയുന്നില്ല എങ്കിൽ അവരാണ് നഷ്ടക്കാരെന്ന് അല്ലാഹു പറയുന്നു. എല്ലാവർക്കും പ്രാസംഗികരാവാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. എഴുത്തുകാരനാവാനും കഴിയണമെന്നില്ല. എന്നാൽ അറിവുള്ള കാര്യം പറഞ്ഞുകൊടുക്കുവാൻ ഏതൊരാൾക്കും കഴിയും; കഴിയണം. അതിന് മഹാപണ്ഡിതനാകണം എന്നില്ല.

മലീമസമാകുന്ന സാമൂഹിക അന്തരീക്ഷത്തിൽ വിശ്വാസത്തിന്റെ പൊൻകിരണങ്ങൾക്ക് കാതോർത്തിരിക്കുന്ന ചില ഹൃദയങ്ങളുണ്ട്. അവർ സമാധാനത്തിന്റെ തിരുവചനങ്ങൾക്ക് കാതോർത്തിരിക്കുന്നവരാണ്. അവരിലേക്ക് തൗഹീദിന്റെ വെളിച്ചവുമായി നാം കടന്നുചെല്ലേണ്ടതുണ്ട്. നമസ്കാരവും നോമ്പും സകാത്തും ഹജ്ജും മാത്രമല്ല ആരാധന. നബി(സ്വ) പറഞ്ഞു: ''നിങ്ങളിലാരെങ്കിലും വല്ല തിന്മയും കണ്ടാൽ അവൻ തന്റെ കൈകൊണ്ട് അതിനെ തടുക്കട്ടെ. സാധിച്ചില്ലെങ്കിൽ തന്റെ നാവുകൊണ്ട്. അതിനും സാധിച്ചില്ലെങ്കിൽ തന്റെ ഹൃദയംകൊണ്ടെങ്കിലും. അത് ഈമാനിന്റെ ഏറ്റവും ദുർബലമായ അവസ്ഥയാണ്'' (മുസ്‌ലിം).

ഇതിൽ തിന്മക്കെതിരെ ശബ്ദിക്കേണ്ടതിന്റെ ആവശ്യകതയാണ് നാം കാണുന്നത്. മുൻഗാമികൾ പ്രബോധനമാർഗത്തിൽ കാതങ്ങൾ പിന്നിട്ട് യാത്ര ചെയ്തിരുന്നു. നമുക്കിന്ന് യാത്ര ചെയ്യാതെ തന്നെ അത് നിർവഹിക്കാനുള്ള സംവിധാനങ്ങൾ എമ്പാടുമുണ്ട്. എന്നിട്ടും നമുക്കതിന് കഴിയുന്നില്ല. അല്ലാഹു നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാൻ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങൾ എന്തിനാണ് ഉപദേശിക്കുന്നത് എന്ന് അവരിൽപെട്ട ഒരു വിഭാഗം പറഞ്ഞ സന്ദർഭത്തിൽ, 'നിങ്ങളുടെ രക്ഷിതാവിങ്കൽ ഞങ്ങൾ അപരാധത്തിൽനിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്' എന്ന് മറുപടി പറയുന്ന രംഗം ക്വുർആനിലുണ്ട്.

പരിശുദ്ധ ക്വുർആൻ പറയുന്നു: ''(നബിയേ) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്ക് ചേർക്കുന്ന കൂട്ടത്തിലല്ല തന്നെ'' (12:108). പ്രബോധനം ചിലരുടെ മാത്രം ബാധ്യതയല്ല എന്ന് ഈ സൂക്തം വ്യക്തമാക്കുന്നു.

തന്റെ ദൗത്യം വൃഥാവിലല്ല എന്ന ബോധ്യം വേണം. നന്മയിലേക്കുള്ള ക്ഷണം ആളുകൾ സ്വീകരിച്ചോ ഇല്ലയോ എന്നതല്ല വിഷയം. അത് അവരുടെ ഇഷ്ടം. എത്തിക്കൽ നമ്മുടെ ബാധ്യതയും. ''അതിനാൽ (നബിയേ,) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല'' (ക്വുർആൻ 88:21,22).

**-വി.വി. ബഷീർ, വടകര**

# ആത്മനിയന്ത്രണത്തിന്റെ ദിനരാത്രങ്ങൾക്ക് സ്വാഗതം

ഒരു റമദാൻ മാസംകൂടി സമാഗതമാവുകയാണ്. കഴിഞ്ഞ രണ്ടുവർഷത്തെ റമദാൻ കോവിഡിന്റെ തീവ്രതയിലാണ് കഴിഞ്ഞുപോയതെങ്കിൽ ഈ വർഷം റമദാൻ കടന്നുവരുന്നത് ആ മഹാമാരിയുടെ പിടിയൊന്ന് അയഞ്ഞ അവസ്ഥയിലാണ്. അൽഹംദു ലില്ലാഹ്.

നോമ്പ് അതിമഹത്തായ ഒരു ആരാധനയാണ്. അത് മനുഷ്യന്റെ മനസ്സിനെയും ശരീരത്തെയും സംസ്‌കരിക്കുന്നു. സ്വയം നിയന്ത്രണത്തിന് പാത്രമാക്കുകയും മ്ലേച്ഛമായ സ്വഭാവങ്ങളിൽനിന്ന് മുക്തമാക്കുകയും ചെയ്യുക എന്ന ഉന്നതമായ ലക്ഷ്യത്തിനുതകുന്ന രീതിയിലായിരിക്കണം ഒരാൾ വ്രതമനുഷ്ഠിക്കേണ്ടത്. നോമ്പുകാരൻ ചീത്ത വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും പൂർണമായി മുക്തനായിരിക്കണം. അതില്ലാത്ത നോമ്പ് വ്യർഥമാണ്. പ്രവാചകൻ(സ്വ) പറഞ്ഞു: 'ചീത്ത വാക്കും പ്രവൃത്തിയും വെടിയാത്തവൻ അന്നപാനീയങ്ങൾ ഉപേക്ഷിക്കേണ്ട ആവശ്യം അല്ലാഹുവിന്നില്ല.'

ശക്തമായ ദൈവിക ബോധത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ചെറിഞ്ഞ് ദേഹേച്ഛകളുടെ പിന്നാലെ കുതിച്ചാൽ അപകടങ്ങളിലും അബദ്ധങ്ങളിലുമായിരിക്കും എത്തിച്ചേരുകയെന്ന് വിശുദ്ധ ക്വുർആൻ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

''സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പ ത്തിലാകുമായിരുന്നു. അല്ല, അവർക്കുള്ള ഉൽബോധനവും കൊണ്ടാണ് നാം അവരുടെ അടുത്ത് ചെന്നിരിക്കുന്നത്. എന്നിട്ട് അവർ തങ്ങൾക്കുള്ള ഉൽബോധനത്തിൽ നിന്ന് തിരിഞ്ഞുകളയുകയാകുന്നു'' (23:71).

സത്യം ബോധ്യപ്പെട്ടിട്ടും സത്യപ്രവാചകനായ മുഹമ്മദ് നബി(സ്വ)യെ തിരിച്ചറിഞ്ഞിട്ടും വേദത്തിന്റെ ആളുകളടക്കമുള്ളവരെ ആ സത്യം സ്വീകരിക്കുന്നതിൽ നിന്ന് തടഞ്ഞത് ദേഹേച്ഛകളാണെന്ന് ക്വുർആൻ ഉണർത്തുന്നു: ''ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽനിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച'' (28:50).

അതിനാൽ ദേഹേച്ഛകളെ നിയന്ത്രിക്കൽ അനിവാര്യമാണ്. ജീവിത വിജയത്തിന് അത് കൂടിയേ തീരൂ. അത്തരത്തിലുള്ളൊരു നിയന്ത്രണം സാധിതമാകുന്ന മഹത്തായൊരു ആരാധനയാണ് വ്രതം. വികാര വിചാരങ്ങളും വിശപ്പും ദാഹവുമൊക്കെ നിയന്ത്രിച്ച് ശരീരത്തെയും മനസ്സിനെയും ശക്തമായി മെരുക്കിയെടുക്കാൻ വ്രതം സഹായിക്കുന്നു. വിശപ്പും ദാഹവുമുണ്ടായിട്ടും രുചികരമായ ഭക്ഷണപാനീയങ്ങൾ സുലഭമായിട്ടും സത്യവിശ്വാസി വ്രതനാളുകളിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഒരു തുള്ളി വെള്ളം പോലും കുടിക്കുന്നില്ല; ഒരുപിടി ഭക്ഷണം പോലും കഴിക്കുന്നില്ല. മനസ്സിന്റെ കൊതികൾക്കെല്ലാം അയാൾ കടിഞ്ഞാണിടുന്നു. എല്ലാം സർവലോക പരിപാലകനായ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി. അങ്ങനെയുള്ള ആത്മനിയന്ത്രണം നോമ്പിലൂടെ നേടിയെടുക്കുവാൻ സാധിച്ചാൽ ആ നോമ്പ് സാർഥകമായിത്തീരുന്നു. നരകശിക്ഷയിൽ നിന്നുള്ള രക്ഷക്കായി എല്ലാവിധ തിന്മകളിൽനിന്നും മനസ്സിനെ നിയന്ത്രിച്ച് നിർത്തുന്ന രക്ഷാകവചമാണ് വിശ്വാസികൾ അനുഷ്ഠിക്കുന്ന വ്രതം. നബി(സ്വ) പറഞ്ഞു: ''നോമ്പ് ഒരു പരിചയാണ്. സത്യവിശ്വാസി അതുമുഖേന നരകത്തെ പ്രതിരോധിക്കുന്നു''(അഹ്മദ്).

ഈ തിരിച്ചറിവോടെ റമദാനിന്റെ രാപകലുകളെ ഉപയോഗപ്പെടുത്തുവാനും തുടർന്നുള്ള ജീവിതത്തിൽ അതിന്റെ ചൈതന്യം നിലനിർത്തുവാനും സാധിക്കേണ്ടതുണ്ട്. അപ്പോഴാണ് വിശുദ്ധ ക്വുർആൻ 2:183ൽ പറഞ്ഞ 'ദോഷബാധയെ സൂക്ഷിക്കുക''എന്ന ലക്ഷ്യം നേടിയെന്നാശ്വസിക്കാൻ കഴിയുക. ■




# ശീഈ അത്യാചാരങ്ങൾക്കെതിരെ പണ്ഡിതശിരോമണികൾ

ഡോ. ഷാനവാസ് പറവണ്ണ ചേക്കുമരക്കാരകത്ത്

ക്വബ്റിടങ്ങൾ കെട്ടിയുയർത്തലും ജാറം നേർച്ചകൾ തുടങ്ങിയ ഉൽസവങ്ങൾ നടത്തലും ശീഈ പാരമ്പര്യമുള്ള കൊണ്ടോട്ടി കൈക്കാരുടെ രീതിയാണ്. സുന്നീ-ശാഫിഈ പാരമ്പര്യം ഇതിനെതിരാണ്. കേരളത്തിലെ ഏറ്റവും പ്രഗത്ഭരായ ശാഫിഈ പണ്ഡിതർ ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെയും രണ്ടാമന്റെയും ക്വബ്റ് കെട്ടിപ്പൊക്കിയിട്ടില്ല. ജാറം നേർച്ചകൾ ആഘോഷിച്ച പാരമ്പര്യം ഇവിടത്തെ ശാഫിഈ ധാരയുടെ ചരിത്രത്തിലില്ല. കൊണ്ടോട്ടി തങ്ങന്മാരുടെ പാരമ്പര്യത്തെ മാതൃകയാക്കി ഇന്ന് 'ശാഫിഈകൾ' വ്യാപകമായി നടത്തുന്ന ജാറം നേർച്ചകൾ ശാഫിഈ മദ്ഹബിന് എതിരും ശീഈ സ്വാധീനത്തിന്റെ തെളിവുമാണ്.

ശീഈ-സ്വൂഫീ സ്വാധീനത്തിന് കീഴ്പെട്ടും ബഹുദൈവാരാധന ആചരിക്കുന്ന ഇതരമതസ്ഥരുമായുള്ള സമ്പർക്കഫലമായും മുസ്‌ലിം സമൂഹത്തിൽ കടന്നുകൂടിയിട്ടുള്ള വിശ്വാസാരാധനകളിലെ താദാത്മ്യത്തിനും ഇസ്‌ലാം അംഗീകരിക്കാത്ത നൂതനാചാരങ്ങൾക്കുമെതിരിൽ പല മതപണ്ഡിതൻമാരും കേരള മുസ്‌ലിം ഐക്യസംഘം സ്ഥാപിക്കുന്നതിന്റെ എത്രയോ കൊല്ലങ്ങൾക്കു മുമ്പുതന്നെ സമരം നടത്തിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെപേർ വിശ്വാസ ജീർണതകൾക്കെതിരെയുള്ള ബോധവൽക്കരണത്തിന് നേതൃത്വം നൽകിയിരുന്നു.

## കൊണ്ടോട്ടി-പൊന്നാനി കൈത്തർക്കം

ബോംബെയ്ക്കടുത്ത കർദാപൻകാരനായ മുഹമ്മദ്ശാ എന്ന ശീഈ സ്വൂഫി എ.ഡി 1717ൽ മലബാറിലെത്തുകയും കൊണ്ടോട്ടി കേന്ദ്രീകരിച്ച് ആധ്യാത്മിക പ്രവർത്തനങ്ങളിലേർപ്പെടുകയും ദർഗകളും മതത്തിൽ കേട്ടുകേൾവി പോലുമില്ലാത്ത ആചാരങ്ങളും ത്വരീക്വത്തുകളും പ്രചരിപ്പിക്കുകയും ചെയ്തു. മുഹമ്മദ്ശായുടെ പിൻഗാമികളായി അഫ്താബ്ശാ, ഇശ്തിയാഖ്ശാ തുടങ്ങിയവർ രംഗത്തുവന്നു.

കൊണ്ടോട്ടിയിലെ ഇശ്ത്തിയാഖ്ശാ ശീഇസത്തിന്റെ പല ആചാരനടപടികളും തുടങ്ങി. ശായുടെ മുമ്പിൽ മുരീദന്മാർ സുജൂദ് ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം കൊണ്ടോട്ടിയിൽ മുഹർറാഘോഷവും നടത്തിയിരുന്നു. ശിയാപക്ഷക്കാരനായിരുന്ന ശായുടെ വിശ്വാസാചാരങ്ങളെ പണ്ഡിതലോകം ഒറ്റക്കെട്ടായി എതിർത്തു. ശൈഖ് ജിഫ്‌രി, മമ്പുറം തങ്ങൾ, ഉമർക്വാദി,

ഔക്കോയ മുസ്‌ലിയാർ, പൊന്നാനി പുതിയകത്ത് കമ്മുക്കുട്ടി മുസ്‌ലിയാർ, നാദാപുരം അഹ്മദ് മുസ്‌ലിയാർ തുടങ്ങിയ പൊന്നാനി കൈക്കാരായ പണ്ഡിതന്മാർ കൊണ്ടോട്ടി കൈക്കാരെ പ്രതിരോധിച്ചു. മുഹമ്മദ്ശാ ശീഈ ആണെന്നും മെസ്മരിസക്കാരനാണെന്നും, അയാളുടെ ത്വരീഖത്ത് ഇസ്‌ലാമികാദർശത്തിന് കടകവിരുദ്ധമാണെന്നും ആദ്യമായി മതവിധി നൽകിയത് മലബാറിലെ പ്രധാന മുഫ്തിയായിരുന്ന സയ്യിദ് ശൈഖ് ജിഫ്‌രിയാണ്.

കൊണ്ടോട്ടി-പൊന്നാനി കൈതർക്കത്തിന്റെ പേരിൽ നീണ്ട കേസുകളും സംഘർഷങ്ങളും സാമൂഹിക ബഹിഷ്കരണങ്ങളും സാർവത്രികമായി നടന്നു. ഒപ്പം ഫത്‌വകളുടെ ഘോഷയാത്രയും തുടർന്നു.

കേരളത്തിലെ മൺമറഞ്ഞ മത പണ്ഡിതന്മാരിൽ അഗ്രേസരനും സയ്യിദ് ഇബ്രാഹീം എന്ന മസ്താൻ തങ്ങളുടെ പുത്രനുമായിരുന്ന തിരൂർ വെട്ടത്ത് പുതിയങ്ങാടിയിൽ ജനിച്ചുവളർന്ന പാടൂർ കോയക്കുട്ടി തങ്ങൾ എന്നറിയപ്പെട്ട സയ്യിദ് മുഹമ്മദ് ഫഖ്റുദ്ദീൻ ബുഖാരി കൊണ്ടോട്ടി-പൊന്നാനി കൈത്തർക്കം രൂക്ഷമായ കാലത്ത് കൊണ്ടോട്ടി തങ്ങന്മാരുടെ ത്വരീഖത്തിന്റെ നിശിതവിമർശകരിൽ ഒരാളായിരുന്നു. തന്റെ വൈതുല്യം എന്ന പ്രൗഢഗ്രന്ഥത്തിൽ ഹിജ്റ 1279ൽ അദ്ദേഹം എഴുതിയത് കാണുക:

''ഇതുപോലെതന്നെ ഇപ്പോൾ 'വേദപുരാണ'മെന്നും 'യെനംതിരണ്ട് നീതം'യെന്നും മുഹ്‌യിദ്ദീൻ മാല'യെന്നും മറ്റും ചില പാട്ടുകൾ അഹ്‌ലുസ്സുന്നിയാക്കളെ അഖീദക്ക് മാറായിട്ട്[1] പെരിത്ത് കാരിയങ്ങളെ അതിൽ പറയുന്നതായിട്ട് നടന്നുവരുന്നുണ്ട്. ആയതിനെ പെരുമാറുന്നതും ജായിസ് അല്ലാ.''[2]

> **കൊണ്ടോട്ടിയിലെ ഇശ്ത്തിയാ ഖ്ശാ ശീഇസത്തിന്റെ പല ആചാരനടപടികളും തുടങ്ങി. ശായുടെ മുമ്പിൽ മുരീദന്മാർ സുജൂദ് ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം കൊണ്ടോട്ടിയിൽ മുഹർറാഘോഷവും നടത്തിയിരുന്നു. ശിയാപക്ഷക്കാരനായിരുന്ന ശായുടെ വിശ്വാസാചാരങ്ങളെ പണ്ഡിതലോകം ഒറ്റക്കെട്ടായി എതിർത്തു. ശൈഖ് ജിഫ്‌രി, മമ്പുറം തങ്ങൾ, ഉമർഖ്വാദി, ഔക്കോയ മുസ്‌ലിയാർ, പൊന്നാനി പുതിയകത്ത് കമ്മുക്കുട്ടി മുസ്‌ലിയാർ, നാദാപുരം അഹ്മദ് മുസ്‌ലിയാർ തുടങ്ങിയ പൊന്നാനി കൈക്കാരായ പണ്ഡിതന്മാർ കൊണ്ടോട്ടി കൈക്കാരെ പ്രതിരോധിച്ചു. മുഹമ്മദ്ശാ ശീഈ ആണെന്നും മെസ്മരിസക്കാരനാണെന്നും, അയാളുടെ ത്വരീഖത്ത് ഇസ്‌ലാമികാദർശത്തിന് കടകവിരുദ്ധമാണെന്നും ആദ്യമായി മതവിധി നൽകിയത് മലബാറിലെ പ്രധാന മുഫ്തിയായിരുന്ന സയ്യിദ് ശൈഖ് ജിഫ്‌രിയാണ്.**

തന്റെ ജീവിതകാലത്തെ വ്യാജത്വരീഖത്ത് പ്രസ്ഥാനങ്ങളെയും തമിഴിലെയും അറബിമലയാളത്തിലെയും ഭക്തിഗാനങ്ങളെയും വിമർശിക്കാനും ഖുർആനിനും സുന്നത്തിനും വിരുദ്ധമായ ത്വരീഖത്തുകളും മാലപ്പാട്ടുകളും തെറ്റാണെന്നു സ്ഥാപിക്കാനും അദ്ദേഹം സുധീരമായ പ്രയത്നങ്ങൾ തന്നെ നടത്തി.

വെളിയങ്കോട് ഉമർഖ്വാദിയുടെ സഹപാഠിയും മമ്പുറം സയ്യിദ് അലവി തങ്ങളുടെ ഉറ്റസുഹൃത്തും തങ്ങളുടെ മകനായ സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങളുടെ ഗുരുനാഥനും തിരൂരങ്ങാടി നടുവിലെ പള്ളിയിലെ മുദർരിസുമായിരുന്ന തിരൂരങ്ങാടി ചാലിലകത്ത് കുസാഈ ഹാജി കൊണ്ടോട്ടി-പൊന്നാനി കൈത്തർക്കം ഉഗ്രത പ്രാപിച്ചിരുന്നകാലത്ത്, ഇത്തിയാഖ് ശായുടെ നൂതന ത്വരീഖത്ത്‌വാദത്തെ നിശിതമായി വിമർശിച്ചു. മുരീദന്മാരെ ശായുടെ മുമ്പിൽ സുജൂദ് ചെയ്യിക്കുന്ന വിഷയത്തിൽ പണ്ഡിതന്മാരുമായി നേരിട്ട് സംവാദത്തിന് തയ്യാറാകാത്ത ശായുടെ നിലപാടിനെ കുസായി ഹാജി മജ്മൂഅതുൽ ഫതാവായിൽ[3] രൂക്ഷമായി എതിർക്കുകയും ചെയ്യുന്നുണ്ട്.[4]

1850കളിൽ നിര്യാതനായ കണ്ണൂർ പുറത്തിയിൽ മുഹമ്മദ് ശൈഖ് തങ്ങൾ ഇത്തരം സുജൂദുകൾക്കെതിരെ മതവിധി പുറപ്പെടുവിച്ചിട്ടുണ്ട്. മുഹ്‌യിദ്ദീൻ മാലയിൽ അനുബന്ധമായി ചേർക്കപ്പെട്ടിട്ടുള്ള 'അലിഫെന്ന മാണിക്യം' രചിച്ച കോഴിക്കോട് ഖ്വാദി മുഹ്‌യിദ്ദീൻ സുജൂദ് വാദക്കാരൻ നിർമതവാദിയാണെന്ന് തന്റെ മതവിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അക്കാലത്തുതന്നെ പൊന്നാനിയിൽ ജീവിച്ചിരുന്ന പ്രസിദ്ധ പണ്ഡിതന്മാരായിരുന്ന പുതിയകത്ത് കമ്മുക്കുട്ടി മുസ്‌ല്യാരും വലിയ ബാവ മുസ്‌ല്യാരും കൊണ്ടോട്ടി ത്വരീഖത്തിനെതിരിൽ നാവുകൊണ്ടും തൂലികകൊണ്ടും അവിശ്രമം പടനയിച്ചവരിൽ പ്രധാനികളാണ്. തലശ്ശേരി ഖ്വാദി അബ്ദുല്ല അറബി ഭാഷയിൽ നൽകിയ മതവിധിയിൽ ശരീഅത്തിനെതിരായ എല്ലാ ത്വരീഖത്ത് ആചാരങ്ങളും കൈവെടിയാൻ ശക്തമായി ആഹ്വാനം ചെയ്യുന്നുണ്ട്.

തിരൂരങ്ങാടി ഖ്വാദിയും സയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ സഹപാഠിയുമായിരുന്ന പുതിയകത്ത് അഹ്മദ് മുസ്‌ല്യാരും പൊന്നാനിയിലെ പുതിയകത്ത് കമ്മുക്കുട്ടി മുസ്‌ല്യാരുടെ ശിഷ്യനും പ്രസിദ്ധ മുദർരിസും ആയിരുന്ന നാവരകുളങ്ങരകത്ത് കുഞ്ഞഹ്മദ്കുട്ടി മുസ്‌ല്യാരും പടപ്പുകൾ പടപ്പുകൾക്ക് സുജൂദ് ചെയ്താൽ ആ പടപ്പ് നബിയായിരുന്നാലും

വലിയ്യ് ആയിരുന്നാലും ചെയ്തവൻ കാഫിറായിപ്പോകുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു.

പൊന്നാനി മഖ്ദൂം കുടുംബത്തിലെ ശൈഖ് അഹ്മദ് മഖ്ദൂം മഅ്ബരി, കോഴിക്കോട് കുഞ്ഞാമുട്ടി ഹാജി, മഞ്ചേരി പയ്യനാട് ബൈത്താൻ അഹ്മദ് മുസ്‌ല്യാർ തുടങ്ങിയ പ്രമുഖ പണ്ഡിതന്മാരും വിവാദസുജൂദ് വാദത്തിനെതിരെ മതവിധി പുറപ്പെടുവിച്ചവരാണ്.

കൊണ്ടോട്ടി പഴയങ്ങാടി ജുമുഅത്ത് പള്ളിയിൽവെച്ച് പൊന്നാനി-കൊണ്ടോട്ടി വാദപ്രതിവാദം നടന്നു. കൊണ്ടോട്ടി തങ്ങളുടെ പ്രതിനിധിയായി വാദിച്ചത് മുസ്‌ലിയാരകത്ത് അഹ്മദ്കുട്ടി മുസ്‌ലിയാരായിരുന്നു. പൊന്നാനിഭാഗത്തെ പ്രതിനിധീകരിച്ചത് പ്രസിദ്ധനായ അണ്ടത്തോട് ശുജായി മൊയ്തു മുസ്‌ലിയാരുമായിരുന്നു. ഒരു സൃഷ്ടി മറ്റൊരു സൃഷ്ടിക്കുമുമ്പിൽ ഒരുതരത്തിലുള്ള സുജൂദും ചെയ്യരുതെന്നും അത് മതനിഷേധമാണെന്നും ശുജായി വീറോടെ വാദിച്ചു.

വാദപ്രതിവാദത്തിനു ശേഷം മുസ്‌ലിയാരകത്ത് അഹ്മദ്കുട്ടി മുസ്‌ലിയാർ 'അൽബുസ്താൻ' എന്നപേരിൽ കൊണ്ടോട്ടി ത്വരീഖത്തിനെ ന്യായീകരിച്ചുകൊണ്ട്ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. 'മുഹമ്മദ് ശാ മുതൽ ഇത്തിയാഖ് ശാ വരെയുള്ള തങ്ങന്മാരും അവരുടെ മുരീദന്മാരും യഥാർഥ സുന്നിയാക്കളാണ്. അവർ ഖാദിരിയ്യാ ത്വരീഖത്തിൽ ഉറച്ചുനിൽക്കുന്നു. അവർ റാഫിളിയാക്കളോ ശിയാക്കളോ അല്ല' എന്നെല്ലാം ബുസ്താനിൽ ന്യായീകരിച്ചു.

**1850കളിൽ നിര്യാതനായ കണ്ണൂർ പുറത്തിയിൽ മുഹമ്മദ് ശൈഖ് തങ്ങൾ ഇത്തരം സുജൂദുകൾക്കെതിരെ മതവിധി പുറപ്പെടുവിച്ചിട്ടുണ്ട്. മുഹ്‌യിദ്ദീൻ മാലയിൽ അനുബന്ധമായി ചേർക്കപ്പെട്ടിട്ടുള്ള 'അലിഫെന്ന മാണിക്യം' രചിച്ച കോഴിക്കോട് ക്വാദി മുഹ്‌യിദ്ദീൻ സുജൂദ് വാദക്കാരൻ നിർമതവാദിയാണെന്ന് തന്റെ മതവിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അക്കാലത്തുതന്നെ പൊന്നാനിയിൽ ജീവിച്ചിരുന്ന പ്രസിദ്ധ പണ്ഡിതന്മാരായിരുന്ന പുതിയകത്ത് കമ്മുക്കുട്ടി മുസ്‌ല്യാരും വലിയ ബാവ മുസ്‌ല്യാരും കൊണ്ടോട്ടി ത്വരീഖത്തിനെതിരിൽ നാവുകൊണ്ടും തൂലികകൊണ്ടും അവിശ്രമം പടനയിച്ചവരിൽ പ്രധാനികളാണ്. തലശ്ശേരി ക്വാദി അബ്ദുല്ല അറബിഭാഷയിൽ നൽകിയ മതവിധിയിൽ ശരീഅത്തിനെതിരായ എല്ലാ ത്വരീഖത്ത് ആചാരങ്ങളും കൈവെടിയാൻ ശക്തമായി ആഹ്വാനം ചെയ്യുന്നുണ്ട്.**



ഹിജ്റ 1808ൽ പൊന്നാനി പുതിയകത്ത് മഖ്ദൂം കമ്മുക്കുട്ടി മുസ്‌ല്യാരുടെ പുത്രൻ പുത്തൻവീട്ടിൽ അഹ്മദ് മുസ്‌ല്യാർ അൽബുസ്താനിന് 'ഹയാതുദ്ദീൻ വമമാതുൽ മുആനിദീൻ' എന്ന പേരിൽ 228 പുറങ്ങളുള്ള ഖണ്ഡനം എഴുതി ഹിജ്റ 1308ൽ പൊന്നാനിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തി.

സയ്യിദ് ഹസൻ ബാഅലവി മുല്ലക്കോയ തങ്ങൾ (കോഴിക്കോട് വലിയക്വാദി), ക്വാദി മുഹമ്മദ് അലി (കോഴിക്കോട് ചെറിയക്വാദി), ഒറ്റകത്ത് ഓടക്കൽ കുഞ്ഞഹ്മദ് മുസ്‌ല്യാർ (മലപ്പുറം ക്വാദി), പുത്തൻവീട്ടിൽ അബ്ദുല്ലക്കുട്ടി മുസ്‌ല്യാർ (കൊണ്ടോട്ടി ഖാസിയാരകം ക്വാദി), ചെമ്മനൂർ വലിയവളപ്പിൽശൈഖ് അഹ്മദ് മുസ്‌ല്യാർ, പൊന്നാനി വലിയ മഖ്ദൂം പുതിയകത്ത് അബ്ദുർറഹ്മാൻകുട്ടി മുസ്‌ല്യാർ, കോടഞ്ചേരി അഹ്മദ്കുട്ടി മുസ്‌ല്യാർ, ചെമ്മനാട് കുഞ്ഞിമുസ്‌ലിയാർ (പൊന്നാനി മുദർരിസ്) മുതലായവർ പ്രസ്തുത ഗ്രന്ഥത്തിന് സമ്മതപത്രം എഴുതിയിട്ടുണ്ട്.

ജനങ്ങളുടെ ശക്തമായ എതിർപ്പു നിമിത്തം അവസാനം കൊണ്ടോട്ടി തങ്ങൻമാർ മുഹർറാഘോഷംനിർത്തൽ ചെയ്തു. മുരീദന്മാരോട് സുജൂദ് ചെയ്യിപ്പിക്കുന്ന കർമവും ഉപേക്ഷിച്ചു. ഒരുകാലത്ത് സമുദായത്തിനിടയിൽ

വിവാദത്തിനും ഖണ്ഡനമണ്ഡനങ്ങൾക്കും കാരണമായിരുന്ന കൊണ്ടോട്ടി-പൊന്നാനി കൈത്തർക്കം അതോടെ കെട്ടടങ്ങി.

ചാലിലകത്ത് കുസാഈ ഹാജിയുടെ പ്രഥമ പുത്രനും ചാപ്പനങ്ങാടി ബാപ്പുമുസ്‌ലിയാരുടെ പിതാവായ ഹസൻ മുസ്‌ല്യാർ, മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മുതലായവരുടെ ഗുരുനാഥനും കേരളത്തിലെ പ്രാമാണിക പണ്ഡിതനും ഉന്നത സാഹിത്യകാരനും തിരൂരങ്ങാടി നടുവിലെ പള്ളിയിലെ മുദർരിസുമായിരുന്ന അലി ഹസൻ മൗലവി കൊടികുത്ത് ഉത്സവം, ചാവടിയന്തിരം മുതലായ അനാചാരങ്ങളെയും നഖ്ശബന്തി ത്വരീകത്തിനെയും കൊണ്ടോട്ടി ത്വരീകത്തിനെയും ശക്തയായി എതിർത്തിരുന്നു. ഖുർആനും ഹദീസും പണ്ഡിതന്മാരുടെ ഉദ്ധരണികളും നിരത്തിവെച്ച് തന്റെ വാദത്തെ സ്ഥാപിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് മികച്ചതായിരുന്നു.

കൊണ്ടോട്ടി ത്വരീകത്തിനെ ന്യായീകരിച്ചുകൊണ്ട് 'അൽബുസ്താൻ' എന്ന ഗ്രന്ഥമെഴുതിയ മുസ്‌ലിയാരകത്ത് അഹ്മദ്കുട്ടി മുസ്‌ല്യാരുടെ മകൻ കുഞ്ഞുട്ടി മുസ്‌ല്യാർ പിൽക്കാലത്ത് മുഹമ്മദ്ശാ സ്തുതികീർത്തനവും എഴുതിയിട്ടുണ്ട്. അലി(റ)യുടെ ഖിലാഫത്തുകാലത്ത്, മുസ്‌ലിംകൾക്കിടയിൽ നടന്ന ദൗർഭാഗ്യകരമായ ജമൽ, സ്വിഫ്ഫീൻ യുദ്ധ ചരിത്രങ്ങൾ പ്രതിപാദിച്ചുകൊണ്ട് അദ്ദേഹം രചിച്ച മഹാകാവ്യമായ 'വ്യസനമാല'യുടെ പ്രചാരണത്തിനെതിരിൽ കൈപ്പറ്റ അഹ്മദ് മുസ്‌ലിയാർ, കൈപ്പറ്റ മമ്മദ്കുട്ടി മുസ്‌ല്യാർ, അബ്ദുൽബാരി മുസ്‌ല്യാർ, കെ.എം. മൗലവി മുതലായ മതപണ്ഡിതന്മാർ മതവിധികൾ ഇറക്കി. സഹാബത്തിന്റെ നേരെ സമുദായത്തിനു വെറുപ്പു വളരുന്നതിനും ശീഈ വിശ്വാസ പ്രചാരണത്തിന് ആക്കംകൂട്ടുന്നതിനും ആ കൃതി സഹായകമായി ഭവിക്കുമെന്നാണ് പണ്ഡിതന്മാർ കുറ്റപ്പെടുത്തിയത്. തന്നിമിത്തം 'വ്യസനമാല'യുടെ പരിണാമം പൂർണമായും വ്യസനപര്യവസായിയായിത്തീർന്നു. ആ കൃതി വാങ്ങിയിരുന്നവർ വെള്ളത്തിൽ ഒഴുക്കിയും കരിച്ചും നശിപ്പിച്ചു.

(തുടരും)

കൊണ്ടോട്ടി ത്വരീകത്തിനെ ന്യായീകരിച്ചുകൊണ്ട് 'അൽബുസ്താൻ' എന്ന ഗ്രന്ഥമെഴുതിയ മുസ്‌ലിയാരകത്ത് അഹ്മദ് കുട്ടി മുസ്‌ല്യാരുടെ മകൻ കുഞ്ഞുട്ടി മുസ്‌ല്യാർ പിൽക്കാലത്ത് മുഹമ്മദ്ശാ സ്തുതികീർത്തനവും എഴുതിയിട്ടുണ്ട്. അലി(റ)യുടെ ഖിലാഫത്തുകാലത്ത്, മുസ്‌ലിംകൾക്കിടയിൽ നടന്ന ദൗർഭാഗ്യകരമായ ജമൽ, സ്വിഫ്ഫീൻ യുദ്ധചരിത്രങ്ങൾ പ്രതിപാദിച്ചുകൊണ്ട് അദ്ദേഹം രചിച്ച മഹാകാവ്യമായ 'വ്യസനമാല'യുടെ പ്രചാരണത്തിനെതിരിൽ കൈപ്പറ്റ അഹ്മദ് മുസ്‌ലിയാർ, കൈപ്പറ്റ മമ്മദ്കുട്ടി മുസ്‌ല്യാർ, അബ്ദുൽബാരി മുസ്‌ല്യാർ, കെ.എം. മൗലവി മുതലായ മതപണ്ഡിതന്മാർ മതവിധികൾ ഇറക്കി. സഹാബത്തിന്റെ നേരെ സമുദായത്തിനു വെറുപ്പു വളരുന്നതിനും ശീഈ വിശ്വാസ പ്രചാരണത്തിന് ആക്കംകൂട്ടുന്നതിനും ആ കൃതി സഹായകമായി ഭവിക്കുമെന്നാണ് പണ്ഡിതന്മാർ കുറ്റപ്പെടുത്തിയത്. തന്നിമിത്തം 'വ്യസനമാല'യുടെ പരിണാമം പൂർണമായും വ്യസനപര്യവസായിയായിത്തീർന്നു. ആ കൃതി വാങ്ങിയിരുന്നവർ വെള്ളത്തിൽ ഒഴുക്കിയും കരിച്ചും നശിപ്പിച്ചു.



**വിഷയ സൂചിക:**

(1) വിരുദ്ധമായി.

(2) പാടൂർ കോയക്കുട്ടി തങ്ങൾ, വൈതുല്യം, കണ്ണൂർ, ഹിജ്റ 1279, പുറം 278. അവലംബ:സി.എൻ അഹ്മദ് മൗലവി&കെ.കെ മുഹമ്മദ് അബ്ദുൽ കരീം, മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം,1978, പുറം 214.

(3) അക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാരുടെ മതവിധികൾ സമാഹരിച്ച് 1858ൽ തയ്യാറാക്കിയ കയ്യെഴുത്ത്ഗ്രന്ഥം.

(4) ചാലിലകത്ത് കുസാഈ ഹാജിയുടെ ശേഖരത്തിലെ ചില അമൂല്യ ഗ്രന്ഥങ്ങൾ ഈ ലേഖകന്റെ നേതൃത്വത്തിൽ കൽപകഞ്ചേരിയിൽ പ്രവർത്തിക്കുന്ന കേരള ഹെറിറ്റേജ് സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്.



> ജനാധിപത്യത്തിൻെറ മധുരതരമായ ഓർമകൾ അയവിറക്കി വോട്ട് രാഷ്ട്രീയത്തിൻെറ കയ്പുനീർ കുടിച്ചുതീർക്കേണ്ട ഗതികേടിലാണ് ഇന്ത്യൻ ജനത. പരമതവിദ്വേഷവും വിഭാഗീയചിന്തകളും ജയപരാജയത്തിൻെറ വിഭവങ്ങളായി മാറുന്ന സത്യാനന്തരകാലത്ത് മതേതരബോധമുള്ളവരെങ്കിലും കൃത്യമായ തിരുത്തലുകൾക്ക് തയ്യാറായിട്ടില്ലെങ്കിൽ പ്രത്യാശയുടെ പുലരിവെട്ടം പ്രതീക്ഷിക്കുന്നതിൽ യാതൊരു അർഥവുമില്ല.

# രാഷ്ട്രീയചതുരംഗം: തിരുത്തലുകളാണാവശ്യം

**മുജീബ് ഒട്ടുമ്മൽ**
:9744431890

അമേരിക്കൻ ഐക്യനാടുകളിലെ അടിമത്ത നിരോധനത്തിന് ശേഷം സ്വത്ത്, പദവി, അധികാരം തുടങ്ങിയ ഇടങ്ങളിലേക്ക് കറുത്തവരും മറ്റു പാർശ്വവൽകൃത വിഭാഗങ്ങളും കടന്നുവരുന്നതിനെ കുറിച്ച് വെള്ളക്കാരായ വംശീയവാദികളുടെ ഭയാശങ്കകൾ കാരണം 'ലിഞ്ചിംഗ്' വ്യാപകമായി.

തെറ്റായ പ്രവൃത്തിയോ പ്രാദേശിക ആചാരങ്ങളുടെ ലംഘനമോ ഒരാളിൽ സംശയിച്ചാൽ വിചാരണയോ അന്വേഷണമോ കൂടാതെ ആൾകൂട്ടങ്ങളായി അയാളെ കൊലപ്പെടുത്തുകയെന്നതാണ് 'ലിഞ്ചിംഗ്.' അറുപതുകളിൽ അമേരിക്കയിൽ ഇതിന് അംഗീകാരം നൽകിയിരുന്നത്രെ! ലിഞ്ചിംഗിന് ശേഷം ഇരകളുടെ ഫോട്ടോകൾ വ്യാപകമായി പ്രചരിപ്പിക്കുമായിരുന്നു.

ഇന്ത്യയിൽ ഹിന്ദുത്വത്തിനും സവർണ മേധാവിത്വത്തിനും എതിര് നിൽക്കുന്ന സാമൂഹികവിഭാഗങ്ങളെ നിശ്ശബ്ദരാക്കുന്നതിനും ഭയപ്പെടുത്തി അധികാരം നേടിയെടുക്കുന്നതിനും ലിഞ്ചിംഗ് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സോഷ്യൽ മീഡിയകളിലൂടെ ഇവയുടെ ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നതിനും ചില ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ഇരകളുടെ നിസ്സഹായാവസ്ഥ ബോധ്യപ്പെടുത്തുന്നതോടൊപ്പം ഹിന്ദുത്വ ഭരണത്തിൻ കീഴിൽ അക്രമികൾ പൂർണ സുരക്ഷിതരാണെന്ന സന്ദേശവും നൽകുന്നുണ്ട്.

ഇന്ത്യയിലെ ലിഞ്ചിംഗിന് പിന്നിൽ ആൾക്കൂട്ടമാണെന്നാണ് മുഖ്യധാരാ മാധ്യമങ്ങൾ പറയുന്നത്. യഥാർഥത്തിൽ സംഘപരിവാര സംഘടനകളിലെ പ്രവർത്തകരാണിത് ചെയ്യുന്നതെന്നുള്ള കാര്യം വളരെ വ്യക്തമാണ്.

ഇന്ത്യയിൽ നടന്ന ആൾക്കൂട്ട കൊലപാതകങ്ങളിലധികവും പ്രതിസ്ഥാനത്ത് സംഘ പരിവാരങ്ങൾ തന്നെയെന്നതിൽ തർക്കമില്ല. അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പ് ഫലം മതനിരപേക്ഷമൂല്യങ്ങളുൾക്കൊള്ളുന്ന

ജനവിഭാഗങ്ങളെ ഏറെ ആശങ്കപ്പെടുത്തിയിട്ടുണ്ട്. സംഘപരിവാരങ്ങൾ വിജയിച്ച സംസ്ഥാനങ്ങളിലൊക്കെയും ഭരണരംഗം ദയനീയ പരാജയമാണെന്ന് കാണാം. അവിടങ്ങളിൽ മികവുറ്റ വികസനമോ ദാരിദ്ര്യനിർമാർജനമോ മികച്ച ജീവിത നിലവാരമോ വിദ്യാഭ്യാസ, സാമ്പത്തിക വളർച്ചയോ ഒന്നും കാണാൻ സാധ്യമല്ല. എന്നിട്ടും ഭരണത്തുടർച്ചയുണ്ടാകുന്നതും അധികാരം ലഭിക്കുന്നതും എന്തുകൊണ്ട് എന്ന ചോദ്യത്തിനുത്തരമാണ് ലിഞ്ചിംഗ് ക്രൂരത എന്ന് വിലയിരുത്താനാകും. ഉത്തർപ്രദേശിലെ ദാദ്രിക്ക് സമീപമുള്ള ബിസാഹ്റ ഗ്രാമവാസികൾ മുഹമ്മദ് അഖ്‌ലാഖ് എന്ന മധ്യവയസ്കനെ കൊല്ലുകയും കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്ത രവി സിസോഡിയ എന്നയാൾ രോഗിയായി മരണപ്പെട്ടപ്പോൾ കേന്ദ്ര മന്ത്രി മഹേഷ് വർമ സന്ദർശിച്ച് ഇന്ത്യൻ പതാക പുതപ്പിച്ച് വീരപരിവേഷം നൽകിയതും, ഉത്തർപ്രദേശിലെ ഹപൂരിൽ നടന്ന മറ്റൊരു കൊലപാതകവും ജാർഖണ്ഡിൽ രണ്ട് കന്നുകാലി കച്ചവടക്കാരെ ആൾക്കൂട്ടം കൊന്നതും ഗുജറാത്തിലെ ഉനയിൽ നാല് ദളിത് യുവാക്കൾ ക്രൂരമായ ആക്രമണങ്ങൾക്ക് വിധേയമായതും രാജസ്ഥാനിലെ തിരക്കേറിയ ഹൈവേയിൽവച്ച് പെഹ്‌ലു ഖാനെ ആൾക്കൂട്ടം കൊലപ്പെടുത്തിയതും ലിഞ്ചിംഗ് ക്രൂരതയുടെ ചില ഉദാഹരണങ്ങളാണ്.

ഉത്തർപ്രദേശിലെ ലഖിംപൂർ ഖേരി ജില്ലയിൽ കാർഷിക നിയമത്തിനെതിരെ പ്രതിഷേധിച്ച കർഷകർക്കെതിരെ വാഹനമോടിച്ചുകയറ്റിയതിന്റെ ഫലമായി ഒരു പത്രപ്രവർത്തകനടക്കം എട്ടുപേർ കൊല്ലപ്പെട്ട സംഭവം ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. കേന്ദ്രമന്ത്രി അജയ് കുമാർ മിശ്രയുടെ മകന്റെ നേതൃത്വത്തിലെ സംഘമാണ് ക്രൂരമായ കൂട്ടക്കൊല നടത്തിയത്. എന്നിട്ടും ലഖിംപൂർ ഖേരി ജില്ലയിലെ എട്ട് മണ്ഡലങ്ങളിലും ബി.ജെപിയാണ് ജയിച്ചതെന്ന് പറയുമ്പോൾ ഭയം അവിടത്തെ മനസ്സുകളെ കീഴ്പെടുത്തുകയും ലിഞ്ചിംഗ് ഫലപ്പെടുകയും ചെയ്തിരിക്കുന്നുവെന്നർഥം.

### മിത്തുകൾ പ്രചരണായുധം

വർഗീയ രാഷ്ട്രീയത്തിന്റ നിലനിൽപുതന്നെ വർഗീയ സംഘർഷങ്ങളിലാണ്. തെറ്റിദ്ധാരണകളാണ് വർഗീയ സംഘർഷങ്ങൾക്ക് എരിതീ പകരാനുള്ള ഏറ്റവും യോജിച്ച വഴി. പരമത വിദ്വേഷം വളർത്താനും അതുതന്നെയാണ് ഏറ്റവും ശക്തമായ ആയുധം. സമൂഹമാധ്യമങ്ങളിലൂടെ ഇന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മിത്തുകൾ മതന്യൂനപക്ഷങ്ങളുടെ നേർക്ക് വിദ്വേഷം വളർത്താൻ കാരണമാവുകയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് പടിപടിയായി നിർമിച്ചെടുത്ത രാമക്ഷേത്ര വിവാദവും ഗോവധവും ഗോമാംസ ഭോജനവുമടക്കം അവസാനം ഹിജാബ് വരെയുള്ള വിഷയങ്ങളെടുത്തിട്ട് നടത്തുന്ന വ്യാജപ്രചാരണങ്ങൾ മനുഷ്യഹൃദയങ്ങളിൽ വെറുപ്പിന്റ വേരുകൾ പടർത്തുകയായിരുന്നു. കേരളത്തിന്റ മുൻ മുഖ്യമന്ത്രി വി. എസ് അച്ചുതാനന്ദനാണ് ആദ്യമായി ലൗ ജിഹാദെന്ന വാക്ക് ഉരുവിട്ടതെന്ന വാദം നിലനിൽക്കുമ്പോൾ തന്നെ അടുത്ത ഇരുപത് വർഷമാകുമ്പോഴേക്ക് കേരളം മുസ്‌ലിം സംസ്ഥാനമാകുമെന്ന വാചകവും അദ്ദേഹത്തിൽനിന്ന് തന്നെയാണ് ഉയർന്നത്. ഉത്തർപ്രദേശിൽ യോഗി ആദിത്യനാഥ് പ്രചാരണത്തിൽ ഇത് വ്യാപകമായി ഉപയോഗിച്ചു.

ഫാഷിസം ഭയമനഃശാസ്ത്രം പ്രചരിപ്പിക്കുന്നത് അയഥാർഥ ശത്രുവിനെക്കുറിച്ചുള്ള നുണക്കഥകളിലൂടെയാണ്. ആര്യൻ മേധാവിത്ത സിദ്ധാന്തവും വംശശുദ്ധിയും ഊന്നാൻ നുണമരങ്ങൾ തന്നെ വളർത്തുകയായിരുന്നു അവർ. വലിയ നുണകൾ പറഞ്ഞാൽ അത് സ്വീകരിക്കാൻ മനസ്സുകൾ പാകപ്പെടുമെന്ന ധാരണയിൽ ജോസഫ് ഗീബൽസ് ഹിറ്റ്ലറിന് വേണ്ടി അതിശയോക്തിപരമായ നുണകൾ പ്രചരിപ്പിച്ച പോലെയാണ് സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ സംഘ പരിവാരങ്ങൾ നുണകൾ പടച്ചുവിട്ടിരുന്നത്. ഒരു ഭാഗത്ത് ലിഞ്ചിംഗിലൂടെ ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്താൻ ക്രൂരതകളുടെ ചിത്രങ്ങളും വീഡിയോ ക്ലിപ്പുകളും വ്യാപകമായി പ്രചരിപ്പിക്കുകയും മറുഭാഗത്ത് ന്യൂനപക്ഷങ്ങളോട് അരിശമുണ്ടാകുംവിധമുള്ള പെരുംനുണ

**ഇന്ത്യയിൽ ഹിന്ദുത്വത്തിനും സവർണ മേധാവിത്വത്തിനും എതിര് നിൽക്കുന്ന സാമൂഹിക വിഭാഗങ്ങളെ നിശ്ശബ്ദരാക്കുന്നതിനും ഭയപ്പെടുത്തി അധികാരം നേടിയെടുക്കുന്നതിനും ലിഞ്ചിംഗ് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സോഷ്യൽ മീഡിയകളിലൂടെ ഇവയുടെ ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നതിനും ചില ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ഇരകളുടെ നിസ്സഹായാവസ്ഥ ബോധ്യപ്പെടുത്തുന്നതോടൊപ്പം ഹിന്ദുത്വ ഭരണത്തിൻ കീഴിൽ അക്രമികൾ പൂർണ സുരക്ഷിതരാണെന്ന സന്ദേശവും നൽകുന്നുണ്ട്. ഇന്ത്യയിലെ ലിഞ്ചിംഗിന് പിന്നിൽ ആൾക്കൂട്ടമാണെന്നാണ് മുഖ്യധാരാ മാധ്യമങ്ങൾ പറയുന്നത്. യഥാർഥത്തിൽ സംഘപരിവാര സംഘടനകളിലെ പ്രവർത്തകരാണിത് ചെയ്യുന്നതെന്നുള്ള കാര്യം വളരെ വ്യക്തമാണ്.**

കൾ തയ്യാറാക്കി സമൂഹ മാധ്യമങ്ങളിലടക്കം വ്യാപകമായ പ്രചാരണം നടത്തുകയും ചെയ്തുകൊണ്ടാണ് സംഘ പരിവാരം തെരഞ്ഞെടുപ്പിൽ വിജയം ഉറപ്പിച്ചത്. അതിനായി സോഷ്യൽ മീഡിയകൾ വിലക്കെടുത്ത് വ്യാജ ഐഡികൾ ഉപയോഗിച്ചുകൊണ്ടിരുന്നു. കേരളം സോമാലിയ ആണെന്ന നരേന്ദ്ര മോഡിയുടെ പ്രസ്താവന കേവലം നാക്കുപിഴയെല്ലന്ന് ബോധ്യമാകുന്നതവിടെയാണ്. വോട്ട് ചെയ്യുമ്പോൾ ശ്രദ്ധിച്ചില്ലെങ്കിൽ ഉത്തർപ്രദേശ് കേരളമാകുമെന്ന് യോഗി ആതിത്യനാഥ് യു.പി ജനങ്ങളെ ഭയപ്പെടുത്തിയത് അവരുടെ മനസ്സുകളിൽ രൂപപ്പെടുത്തിയ കേരള ചിത്രം അത്രയും ഭീകരമാണെന്നർഥം.

കേരളത്തിലെ ഒരു ജില്ലയിൽ ഹൈന്ദവ ദൈവങ്ങളെയും ആചാരങ്ങളെയും അധിക്ഷേപിക്കുന്നുവെന്നും ഹിന്ദു സഹോദരങ്ങളെ ഉപദ്രവിക്കുന്നുവെന്നും അവർക്ക് പ്രവേശനാനുമതി നിഷേധിക്കുന്നുവെന്നുമുള്ള ഭീകരമായ നുണകൾ പ്രചരിപ്പിച്ചുകൊണ്ടാണ് മനസ്സുകളെ അവർ വർഗീകരിച്ചത്. വർഗീയതയുടെ വിത്ത് കേരളപ്രബുദ്ധതയിൽ വിതയ്ക്കാൻ നുണകളുടെ പെരുമഴ പെയ്യിക്കാനും സംഘപരിവാരങ്ങൾ ശ്രമിക്കുന്നുണ്ട്. ഹലാലെന്ന ഇസ്‌ലാമിക മര്യാദയെ സംസ്കാര ശൂന്യരായ വിവരദോഷികളെ പോലും നാണിപ്പിക്കും വിധമാണ് സംഘപരിവാരങ്ങൾ ദുർവ്യാഖ്യാനിച്ച് വിവാദമാക്കിയിരിക്കുന്നത്. യോഗിയെ പോലെയുള്ള വർഗീയ കോമരങ്ങൾക്ക് കേരളത്തിൽ നിലമൊരുക്കുകയാണിവർ ചെയ്യുന്നത്.

## ക്രിമിനൽ രാഷ്ട്രീയാധിനിവേശം

സംശയത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും പ്രക്ഷുബ്ധമായ അവസ്ഥയിൽ മുസ്‌ലിം സമൂഹത്തെ ഒന്നാകെ നിയമപരമായും പ്രായോഗികമായും അരക്ഷിതരാക്കുക എന്ന ഒരേ ഒരുദ്ദേശ്യമാണ് സംഘ പരിവാര രാഷ്ട്രീയത്തിന്റ സാംസ്കാരിക യുക്തി. അധികാരവും സമ്പത്തും അധീനപ്പെടുമ്പോൾ മാത്രമാണ് ഇവരുടെ യുക്തിയെ പ്രായോഗികതയിലേക്ക് കൊണ്ട് വരാനാവുക എന്നിവർ കരുതുന്നു. ആൾക്കൂട്ട മനഃശാസ്ത്രം നന്നായി വശമുണ്ടായിരുന്ന ജോസഫ് ഗീബൽസിന്റെയും നാസികളുടെയും ദർശനത്തിന്റ പിൻബലത്തോടുകൂടി രാഷ്ട്രീയത്തിന് ക്രിമിനൽ പശ്ചാത്തലമൊരുക്കാൻ സംഘപരിവാരങ്ങൾ ബൗദ്ധികമായ നീക്കങ്ങൾ നടത്തി. ജനാധിപത്യ രാഷ്ട്രീയത്തെ അധികാര ദുരയാൽ ക്രിമിനൽവൽകരിക്കാൻ വളരെ വേഗം സാധിക്കുമെന്നതാണ് വർഗീകരണത്തിന് വളമാക്കുന്നത്. വർഗീയതയെന്ന സാമൂഹിക രോഗം സൃഷ്ടിക്കുന്ന മത്സരങ്ങളിൽനിന്നാണ് ക്രിമിനൽ രാഷ്ട്രീയം ഉടലെടുക്കുന്നത്. ന്യൂനപക്ഷ ഉൻമൂലനത്തിനായി സാഡിസ്റ്റുകളായ മനോരോഗികളെ പാർട്ടി നേതൃത്വത്തിലേക്കും അധികാര രാഷ്ട്രീയത്തിലേക്കും വർഗരാഷ്ട്രീയം കൈപിടിച്ചുയർത്തുന്നു.

**ഉത്തർപ്രദേശിലെ ലഖിംപൂർ ഖേരി ജില്ലയിൽ കാർഷിക നിയമത്തിനെതിരെ പ്രതിഷേധിച്ച കർഷകർക്കെതിരെ വാഹനമോടിച്ചുകയറ്റിയതിന്റെ ഫലമായി ഒരു പത്രപ്രവർത്തകനടക്കം എട്ടുപേർ കൊല്ലപ്പെട്ട സംഭവം ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. കേന്ദ്ര മന്ത്രി അജയ് കുമാർ മിശ്രയുടെ മകന്റെ നേതൃത്വത്തിലെ സംഘമാണ് ക്രൂരമായ കൂട്ടക്കൊല നടത്തിയത്. എന്നിട്ടും ലഖിംപൂർ ഖേരി ജില്ലയിലെ എട്ട് മണ്ഡലങ്ങളിലും ബി.ജെപിയാണ് ജയിച്ചതെന്ന് പറയുമ്പോൾ ഭയം അവിടത്തെ മനസ്സുകളെ കീഴ്പെടുത്തുകയും ലിഞ്ചിംഗ് ഫലപ്പെടുകയും ചെയ്തിരിക്കുന്നുവെന്നർഥം.**

ഗുജറാത്തിലെ നരവേട്ടയും ആസാമിലെ അഭയാർഥി പ്രശ്നങ്ങളും കാശ്മീരികളുടെ ദുരിതജീവിതവും ഉത്തരേന്ത്യയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന പിന്നാക്ക-ദളിത് പീഡനങ്ങളും അതാണ് നമ്മെ ഓർമിപ്പിക്കുന്നത്. ലോകസഭയിലേയ്ക്കും നിയമസഭകളിലേക്കും തെരെഞ്ഞെടുക്കപ്പെട്ടവരിലധികവും ക്രിമിനലൽ പശ്ചാത്തലമുള്ള വരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കേന്ദ്രം ഭരിക്കുന്ന മുഖ്യ കക്ഷിയിലെ അംഗങ്ങളിൽ ധാരാളം പേർ വ്യത്യസ്ത കുറ്റങ്ങളിൽ കേസുള്ളവരാണത്രെ! സ്ത്രീകൾക്കെതിരായ അതിക്രമങ്ങളടക്കം അതീവ ഗൗരവമുള്ള കേസുകളാണ് ഇവർക്കെതിരെയുള്ളത്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള കക്ഷികളിലെ ജനപ്രതിനിധികളിലും ധാരാളം കുറ്റവാളികളുണ്ട്. ഒരുവേള സുപ്രീം കോടതിവരെ ഇടപെട്ട് ക്രിമിനലുകളുടെ വിവരം വെളിപ്പടുത്താത്ത കക്ഷികൾക്ക് എതിരെ പിഴ ചുമത്തിയിട്ടുണ്ട്. കൊല്ലാനും തകർക്കാനുമുള്ള അറപ്പ് തീർന്ന കൊടുംകുറ്റവാളികളെക്കൊണ്ട് മലീമസമായിട്ടുള്ള നിയമനിർമാണ സഭകളിൽനിന്ന് ന്യൂനപക്ഷ, ദളിത് പിന്നാക്ക വിഭാഗങ്ങളെങ്ങനെയാണ് സുരക്ഷിതത്വം പ്രതീക്ഷി



ക്കുക? യുപിയിലെ ഹാഥ്റസി ൽ പീഡനങ്ങൾക്ക് വിധേയമായി അതി ക്രൂരമായി കൊലചെയ്യ പ്പെട്ട ദളിത് യുവതിയുടെ ഘാ തകരടക്കം സ്വൈര്യവിഹാരം നടത്തിക്കൊണ്ടിരിക്കുന്ന സാ ഹചര്യങ്ങളുണ്ടായത് ക്രിമിന ലുകളുടെ കയ്യിൽ അധികാരമ മർന്നത് നിമിത്തമാണ്.

**ഭരണഘടനയുടെ സുരക്ഷിതത്വം**

വൈവിധ്യങ്ങളുടെ നാടായ ഇന്ത്യയുടെ ഭരണഘടന എല്ലാ വിഭാഗം ജനങ്ങളെയും ഉൾകൊ ണ്ടുള്ളതും വ്യക്തിസ്വാതനത്ര്യ ത്തിനും ആവിഷ്കാരത്തിനും അഭിപ്രായങ്ങൾക്കും പ്രാധാന്യം നൽകുന്നതുമാണ്. ഭരണഘട നയുടെ സംരക്ഷകരായി അവ രോധിതരായ കേരള ഗവർണ ർ മുഹമ്മദ് ആരിഫ് ഖാന്റെയും ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു വിന്റെയും അടുത്തകാലത്തെ പ്രസ്താവനകൾ അതിനെ കളങ്ക പ്പെടുത്താനുള്ള സംഘപരിവാര രാഷ്ട്രീയത്തിന്റ ഭാഗമാണോയെ ന്ന് സംശയിക്കണം.

നൂറ്റാണ്ടുകളായി മുസ്ലിം പെൺകുട്ടികൾ ഇസ്ലാമിക സംസ്കാരത്തിന്റ പ്രതീകമാ യി ധരിച്ചിരുന്ന ഹിജാബിനെ തിരെയുള്ള കർണാടകയിലെ കാവി വിദ്യാർഥികളുടെ സമീപനത്തെയും ഹൈ ക്കോടതി വിധിയെയും അനുകൂലിച്ചുകൊണ്ടുള്ള പ്രസ്താവനയാണൊന്ന്. ഇന്ത്യയുടെ മഹത്തായ പൈതൃകത്തെയും മാനവ വിഭവശേഷിയെയും വിസ്മരിച്ചുകൊണ്ട് ലോകത്തെ ബൗദ്ധിക മാർക്ക റ്റുകളിൽനിന്ന് ഇന്ത്യൻ യുവത്വത്തെ നിഷ്കാസി തമാക്കാൻ സഹായിക്കുന്ന കേന്ദ്ര വിദ്യാഭ്യാസ പോളിസിയെ ന്യായീകരിച്ചുകൊണ്ടുള്ള ഉപരാഷ്ട്ര പതിയുടെ പ്രസ്താവനയാണ് മറ്റൊന്ന്. കാവിരാഷ്ട്രീ യത്തിന്റ സൈദ്ധാന്തികാടിത്തറക്ക് നിദാനമാകുന്ന വിദ്യാഭ്യാസ പോളിസിയെക്കുറിച്ച് ആ തലത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം സംവദിച്ചത്. ഭരണഘ ടന നൽകുന്ന ന്യൂനപക്ഷ സുരക്ഷയെ തകർക്കു ന്ന വിവാദങ്ങൾക്കെല്ലാം ഇവർ കുടപിടിക്കുന്നത് പ്രത്യയ ശാസ്ത്രവൽകരിച്ചുകൊണ്ടിരിക്കുന്ന കാവി രാഷ്ട്രീയത്തിനാണെന്നതിൽ തർക്കമില്ല. എന്നാൽ ഓരോ ചെറിയ സാമൂഹ്യ വിഭാഗത്തിനും അവരു ടെ സംസ്കാരവും മൂല്യവ്യവസ്ഥയും വലിയ ഒരു ദേശീയ സമൂഹത്തിനകത്ത് പരസ്പരം ഉരസലില്ലാതെ തന്നെ നിലനിർത്താൻ അവസരം നൽകണമെന്നതാ ണ് സാംസ്കാരിക ബഹുസ്വരവാദത്തിന്റ കാതൽ.

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവു മായ നീതിയാണ് ഭരണഘടനയുടെ അന്തിമല ക്ഷ്യസ്ഥാനം. ഇതിനെ കളങ്കപ്പെടുത്തുന്നതിനുള്ള വഴികൾ തേടുന്നതിന്റ ഭാഗമായാകണം ഇത്തരം പ്രസ്താവനകളെന്ന തിരിച്ചറിവ് പൊതുബോധത്തി നുണ്ടാകണം. പ്രത്യയശാസ്ത്ര നിർമാതാക്കളെ അനു സരിച്ചുകൊണ്ടുള്ള സവർണ നീക്കങ്ങളാണിവിടെ നടക്കുന്നത്. ഭരണഘടനാനിർമാണ പ്രക്രിയയി ലെ ആദ്യ കാൽ വയ്പായ 1928ലെ മോത്തിലാൽ നെഹ്റു റിപ്പോർട്ടിൽ ഫെഡറലിസം എന്ന ആശയം മുന്നോട്ടുവച്ചപ്പോൾ ഹിന്ദു മഹാസഭ അതിനെ നി ശിതമായി എതിർക്കുകയും യൂണിറ്ററി സംവിധാന ത്തിന് വേണ്ടി വാദിക്കുകയുമാണ് ചെയ്തത്. 1961 ൽ ദേശീയ ഉദ്ഗ്രഥന സമിതിക്ക് അയച്ച കത്തിൽ സംഘ് രാഷ്ട്രീയത്തിന്റ താത്വികാചാര്യനായ എം. എസ് ഗോൾവാൾക്കർ ഇങ്ങനെ പ്രസ്താവിക്കുകയു ണ്ടായി: 'നിലവിലുള്ള ഫെഡറൽ ഭരണ സംവിധാ നം വിഘടനവാദത്തിന് ജൻമം നൽകുന്നുവെന്ന് മാത്രമല്ല അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു. ഏകരാഷ്ട്രം എന്ന വസ്തുത അത് നിഷേധിക്കുകയും അതിനെ നശിപ്പിക്കുകയും ചെയ്യുന്നു. ഫെഡറലി സത്തെ നീക്കം ചെയ്തുകൊണ്ട് ഭരണഘടനയെ ശു ദ്ധീകരിക്കേണ്ടതുണ്ട്. അതിന് പകരം യൂണിറ്ററി ഭരണ സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്.'

ഗോൾവാൾക്കർ വിചാരധാരയിൽ ഒന്നുകൂടി വ്യ ക്തമാക്കുന്നുണ്ട്: 'രാഷ്ട്രത്തിന്റ ഉള്ളിലുള്ള സ്വയം ഭരണമോ അർധ സ്വയം ഭരണമോ ഉള്ള സ്റ്റേറ്റു കളെ പൂർണമായും നിർമാർജനം ചെയ്യുന്നതിനു ള്ള ഏറ്റവും പ്രധാനവും ഫലപ്രദവുമായ കാൽവയ്പ്പ് നമ്മുടെ രാഷ്ട്രത്തിന്റ ഭരണഘടനയിലെ ഫെഡറ ലിസത്തെ സംബന്ധിച്ച എല്ലാ ചർച്ചയും ആഴത്തിൽ

കുഴിച്ചുമൂടുക എന്നതാണ്. നമ്മുടെ ഏകീകൃത മൈത്രിക്ക് ഭംഗം വരുത്താൻ പ്രാദേശികവും വിഭാഗീയവും ഭാഷാപരവുമായ അഭിമാനങ്ങളെ അനുവദിച്ചുകൂടാ. നമ്മുടെ ഭരണഘടനയെ തിരുത്തിയെഴുതുകയും പുനഃപരിശോധിക്കുകയും ഒരു യൂണിറ്ററി സംവിധാനം സ്ഥാപിക്കുകയും വേണം.'

ഇന്ത്യയുടെ സംസ്കാരിക വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്ന ഫെഡറലിസത്തെ മാത്രമല്ല അധികാര വികേന്ദ്രീകൃത ഘടനയെയും ജനാധിപത്യത്തെയും സാംസ്കാരിക ബഹുസ്വരതയെയുമെല്ലാം ശത്രുസ്ഥാനത്ത് പ്രതിഷ്ഠിച്ച് അതിനെ തകർക്കുന്നവരുടെ കരങ്ങളിലാണിന്ന് ഇന്ത്യയെന്ന ധാരണയില്ലാത്ത പോലെയാണ് മതനിരപേക്ഷ കക്ഷികളുടെ പ്രവർത്തനം.

## തിരുത്തലുകൾ അനിവാര്യം

അപകടകരമായ ഫാഷിസ്റ്റ് കരങ്ങളിലാണ് ഇന്ത്യയുടെ ഭരണഘടനയും സാംസ്കാരിക ബഹുസ്വരതയുടെ സുരക്ഷയും ഉള്ളത്. ഭരണഘടനയെ കളങ്കപ്പെടുത്താനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ട് നാളേറെയായി, അന്നവർക്ക് അധികാരമില്ലായിരുന്നു. ഇന്ത്യയിലെ മതനിരപേക്ഷ പ്രസ്ഥാനങ്ങൾ ഭിന്നതകൾ മറന്ന് രാജ്യരക്ഷയ്ക്കായി കൈകോർക്കുന്നതിന്റ പ്രാധാന്യം ബോധ്യപ്പെടുത്തുന്നവയാണ് സമീപകാലത്തെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ ധ്വംസിക്കാൻ നീതിപീഠങ്ങൾ വരെ കൂട്ടുചേർന്നത്. ചെറുകക്ഷികളായി പിരിഞ്ഞ് രാജ്യസ്നേഹികളുടെ വോട്ടുകൾ ശിഥിലീകരിക്കുന്ന പ്രവണതയാണ് ആദ്യം നിറുത്തേണ്ടത്.

രാജ്യത്തിന്റ സുരക്ഷയ്ക്കായി പ്രായോഗിക രാഷ്ട്രീയം രൂപപ്പെടുത്താൻ എല്ലാവരും ഒത്തൊരുമിക്കണം. വ്യക്തിപരവും പ്രാസ്ഥാനികവുമായ താൽപര്യങ്ങൾക്കതീതമായി രാജ്യരക്ഷയ്ക്കാണ് പ്രാധാന്യം നൽകേണ്ടതെന്ന ബോധം വളരണം. വർഗീയതയുടെ ചേരിതിരിവുകൾ സൃഷ്ടിച്ച് മുതലെടുക്കാൻ കുതന്ത്രങ്ങൾ മെനയുന്ന സംഘ രാഷ്ട്രീയത്തിന്റ പ്രകോപനങ്ങളിൽ ത്രസിക്കുന്ന വികാര പ്രകടനങ്ങളെ നിയന്ത്രിക്കാനും ബുദ്ധിപരവും വൈജ്ഞാനികവുമായ സമുദ്ധാരണം നടത്താനും ശ്രമങ്ങളുണ്ടാവണം. വികാരങ്ങൾക്കടിമപ്പെട്ടവരെ സമൂഹമധ്യെ തള്ളിയിട്ട് അവരുടെ അവിവേകങ്ങൾക്ക് സമുദായം മൊത്തം വില നൽകേണ്ടി വരുന്ന ഗതികേടിൽനിന്ന് മോചിതരാകണം. ഐക്യത്തെക്കുറിച്ച് വാചാലമാവുകയും സമുദായത്തിന്റെ മുറിവുകളിൽ അടയിരുന്ന് കൂടുതൽ വ്രണപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്ന അരാഷ്ട്രീയതയുടെ കാപട്യങ്ങളെ തിരിച്ചറിയാനാകണം. കക്ഷിതാൽപര്യങ്ങൾക്കായി സമുദായത്തെ ഒറ്റിക്കൊടുക്കുന്ന ജനവഞ്ചകരുടെ കുതന്ത്രങ്ങളിൽനിന്ന് രക്ഷനേടണം. മുസ്‌ലിം സമുദായത്തെ അന്യവൽകരിക്കാനും അപരവൽകരിക്കാനും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും അനാവശ്യ തർക്കങ്ങളിലേക്ക് കൊണ്ടുവന്ന് സമുദായത്തെ സംശയത്തിന്റ മുനയിൽ നിറുത്തി ക്രൂശിക്കുന്ന മതനിരപേക്ഷതയുടെ മേലങ്കിയണിഞ്ഞ മാധ്യമങ്ങളുടെ അജണ്ടകളെ കരുതിയിരിക്കണം.

ഉത്തരേന്ത്യയിലെ തെരഞ്ഞെടുപ്പുകളിലെ മതനിരപേക്ഷ ചേരിയുടെ പരാജയം ജനാധിപത്യ മുന്നേറ്റങ്ങളിൽ പാഠമായിത്തീരണം. ഇന്ത്യൻ ബഹുസ്വരതയുടെ സൗന്ദര്യവും അതിന്റ സദാചാര മൂല്യങ്ങളും മനസ്സുകളിലേക്ക് പകർന്ന് നൽകുന്നതിന് സമൂഹ മാധ്യമങ്ങളടക്കമുള്ള സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം. ജുഡീഷ്യറിയുടെ വിശ്വാസ്യത നഷ്ടപ്പെടും വിധമുള്ള വിധികൾ പുറത്ത് വരുമ്പോൾ അതിന്റ മതപരവും അല്ലാത്തതുമായ നിജസ്ഥിതി ജനങ്ങളിലേക്കെത്തിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കണം, ആദർശബോധവും ദൃഢചിത്തതയും കർമസന്നദ്ധതയും സേവന തൽപരരുമായ നേതൃത്വം വളർന്നുവരണം. ജനക്ഷേമത്തിന് സന്നദ്ധമായ സേവനതൽപരരെ വളർത്തിയെടുക്കണം. രാഷ്ട്ര നിർമാണ പ്രവർത്തനങ്ങളിൽ പ്രായോഗിക സമീപനം സ്വീകരിക്കാനാകുന്നവർക്ക് പ്രചോദനമേകുന്ന പദ്ധതികൾക്ക് രൂപം നൽകണം. ഓരോ വിഭാഗവും അവരുടെ സ്വത്വം നിലനിറുത്തിക്കൊണ്ട് തന്നെ പരസ്പരം സഹകരണവും സാഹോദര്യവും രൂപപ്പെടുത്താനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണം.

സമീപകാല സംഭവവികാസങ്ങളിൽ ഇസ്‌ലാമിക സ്വത്വം മുറുകെ പിടിച്ച് ജീവിക്കുന്ന വിശ്വാസികളൊരിക്കലും നിരാശരാവുകയില്ലെന്ന് മാത്രമല്ല അഹങ്കാരത്തിലൂടെ ഉൻമൂലന രാഷ്ട്രീയത്തിന് നേതൃത്വം നൽകിയവരെല്ലാം കടപുഴകി വീണ ചരിത്രമാണ് വായിക്കാനായത്. അതിലുമപ്പുറം പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു സഹായിക്കുമെന്ന ശുഭാപ്തിവിശ്വാസമാണ് അവർക്ക് കരുത്തേകുന്നത്. അല്ലാഹു പറയുന്നു: ``നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ'' (ക്വുർആൻ 3:139).

> ഉത്തരേന്ത്യയിലെ തെരഞ്ഞെടുപ്പുകളിലെ മതനിരപേക്ഷ ചേരിയുടെ പരാജയം ജനാധിപത്യ മുന്നേറ്റങ്ങളിൽ പാഠമായിത്തീരണം. ഇന്ത്യൻ ബഹുസ്വരതയുടെ സൗന്ദര്യവും അതിന്റ സദാചാര മൂല്യങ്ങളും മനസ്സുകളിലേക്ക് പകർന്ന് നൽകുന്നതിന് സമൂഹമാധ്യമങ്ങളടക്കമുള്ള സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം. ജുഡീഷ്യറിയുടെ വിശ്വാസ്യത നഷ്ടപ്പെടും വിധമുള്ള വിധികൾ പുറത്ത് വരുമ്പോൾ അതിന്റ മതപരവും അല്ലാത്തതുമായ നിജസ്ഥിതി ജനങ്ങളിലേക്കെത്തിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കണം, ആദർശബോധവും ദൃഢചിത്തതയും കർമസന്നദ്ധതയും സേവന തൽപരരുമായ നേതൃത്വം വളർന്നുവരണം.




# നമ്മുടെ മനസ്സ് എന്തിനും പാകപ്പെട്ടുവോ?

ടി.കെ അശ്റഫ്
: 81118 07199

മനുഷ്യമനസ്സ് ഏത് സാഹചര്യത്തിനനുസരിച്ചും വളരെവേഗം സെറ്റാകുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. 'ഇനിയുള്ള കാലം ഇങ്ങനെയൊക്കെത്തന്നെയായിരിക്കും' എന്ന ന്യായം നിരത്തിക്കൊണ്ടാണ് ഏത് അവസ്ഥയിലേക്കും മനസ്സിനെ പാകപ്പെടുത്തുന്നത്!

നിത്യജീവിതത്തിൽ നമ്മെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങൾ മുതൽ ആത്മീയരംഗത്തെ വിഷയങ്ങളിൽവരെ അത് പ്രകടമാണ്. കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഇന്ധനവിലയിൽ യാതൊരു അസ്വസ്ഥതയും പ്രകടിപ്പിക്കാത്ത മാനസികാവസ്ഥ രൂപപ്പെട്ടത് വർത്തമാനകാലത്തെ ഉദാഹരണമാണ്.

വർഗീയശക്തികൾ വർധിതവീര്യത്തോടെ വീണ്ടും അധികാരത്തിൽ തിരിച്ചെത്തുന്നതിനെ ചിലരെല്ലാം നിസ്സംഗതയോടെ നോക്കിനിൽക്കുന്നതും 'ഇനിയുള്ള കാലം ഇങ്ങനെയൊക്കെത്തന്നെയായിരിക്കും' എന്ന തോന്നൽ നമ്മെ അടക്കിഭരിക്കുന്നതിന്റെ തെളിവാണ്.

ആത്മീയ രംഗത്താകട്ടെ, വെള്ളത്തെ പോലെയാണ് പലരുടെയും സ്വഭാവം. ഏത് പാത്രത്തിലാണോ വെള്ളം ഒഴിച്ചത് അതിന്റെ ആകൃതിയാണല്ലോ വെള്ളത്തിനുണ്ടാവുക. താൻ ചെന്നെത്തിയ സ്ഥലത്തിനും സൗകര്യത്തിനും അവിടെയുള്ള ആളുകൾക്കും

അനുസരിച്ച് വളരെവേഗം തന്റെ വിശ്വാസവും വ്യക്തിത്വവും അഴിച്ചുവെക്കുന്നതിൽ യാതൊരു മനസ്സാക്ഷിക്കുത്തും കാണിക്കാത്തവരുടെ എണ്ണം വർധിക്കുകയാണ്. ഇക്കാര്യങ്ങൾക്ക് ധാരാളം ഉദാഹരണങ്ങൾ നിരത്താനാകും.

സ്ഥിരമായി നമസ്കരിക്കുന്ന ഒരു വ്യക്തിക്ക് അതിന് അൽപം അസൗകര്യം നേരിടുന്ന ഒരു സ്ഥലത്ത് ജീവിക്കേണ്ടിവന്നാൽ ക്രമേണ നമസ്കാരംതന്നെ വേണ്ടെന്ന് വെക്കുന്ന അവസ്ഥ!

മതത്തിന്റെയും മയക്കുമരുന്നിന്റെയും പുതിയ വകഭേദങ്ങൾ 'സോഷ്യൽ ഡ്രിങ്കിങ്' എന്ന ഓമനപ്പേരിട്ട് ഉപയോഗിക്കുന്നവരുടെ കൂടെ ചേർന്നാൽ വളരെവേഗം ലഹരിയുടെ അടിമയാകുന്നവർ, ധനസമ്പാദനത്തിന് വഴിവിട്ട ഏത് മാർഗവും തേടുന്ന മേഖലയിൽ എത്തിപ്പെട്ടാൽ ഹറാമും ഹലാലും വിസ്മരിച്ചുകൊണ്ട് അതിനോടൊപ്പം ചേരുന്നവർ, സ്ത്രീ-പുരുഷ അതിരുകളില്ലാതെ അഴിഞ്ഞാടുന്ന സദസ്സുകളിൽ ചെന്നാൽ അതിവേഗം അവരോടൊപ്പം നൃത്തം ചവിട്ടാൻ നാണമില്ലാത്തവർ, കൂടെയുള്ളവരെല്ലാം പുരുഷ വേഷം കെട്ടുന്നവരാണെങ്കിൽ ഞാനും എന്റെ മകളും കൂടി അങ്ങനെയാകാം എന്ന് ചിന്തിക്കുന്നവർ, പുതിയ കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഹിജാബ് പഠനത്തിന് തടസ്സമാണെങ്കിൽ അതങ്ങ് ഒഴിവാക്കാം എന്ന് ചിന്തിക്കുന്നവർ, വിവാഹം അത്യാഡംബരമായിട്ടാണ് തന്റെ സുഹൃത്തുക്കളെല്ലാം നടത്തുന്നതെങ്കിൽ നമുക്കും കുറഞ്ഞുകൊടുക്കേണ്ടതില്ലന്ന് തീരുമാനിക്കുന്നവർ.... ഇവരെല്ലാം ഇസ്‌ലാമിക വ്യക്തിത്വം സന്ദർഭത്തിനുസരിച്ച് അഴിച്ചുവെക്കാൻ യാതൊരു വൈമനസ്യവും കാണിക്കാത്തവരാണ്.

**മതത്തിന്റെയും മയക്കുമരുന്നിന്റെയും പുതിയ വകഭേദങ്ങൾ 'സോഷ്യൽ ഡ്രിങ്കിങ്' എന്ന ഓമനപ്പേരിട്ട് ഉപയോഗിക്കുന്നവരുടെ കൂടെ ചേർന്നാൽ വളരെവേഗം ലഹരിയുടെ അടിമയാകുന്നവർ, ധനസമ്പാദനത്തിന് വഴിവിട്ട ഏത് മാർഗവും തേടുന്ന മേഖലയിൽ എത്തിപ്പെട്ടാൽ ഹറാമും ഹലാലും വിസ്മരിച്ചുകൊണ്ട് അതിനോടൊപ്പം ചേരുന്നവർ, സ്ത്രീ-പുരുഷ അതിരുകളില്ലാതെ അഴിഞ്ഞാടുന്ന സദസ്സുകളിൽ ചെന്നാൽ അതിവേഗം അവരോടൊപ്പം നൃത്തം ചവിട്ടാൻ നാണമില്ലാത്തവർ, കൂടെയുള്ളവരെല്ലാം പുരുഷ വേഷം കെട്ടുന്നവരാണെങ്കിൽ ഞാനും എന്റെ മകളും കൂടി അങ്ങനെയാകാം എന്ന് ചിന്തിക്കുന്നവർ, പുതിയ കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഹിജാബ് പഠനത്തിന് തടസ്സമാണെങ്കിൽ അതങ്ങ് ഒഴിവാക്കാം എന്ന് ചിന്തിക്കുന്നവർ, വിവാഹം അത്യാഡംബരമായിട്ടാണ് തന്റെ സുഹൃത്തുക്കളെല്ലാം നടത്തുന്നതെങ്കിൽ നമുക്കും കുറഞ്ഞുകൊടുക്കേണ്ടതില്ലന്ന് തീരുമാനിക്കുന്നവർ....ഇവരെല്ലാം ഇസ്‌ലാമിക വ്യക്തിത്വം സന്ദർഭത്തിനുസരിച്ച് അഴിച്ചുവെക്കാൻ യാതൊരു വൈമനസ്യവും കാണിക്കാത്തവരാണ്.**

'ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ അതിന്റെ നടുക്കഷ്ണം തിന്നണം' എന്ന പഴഞ്ചൊല്ല് യാഥാർഥ്യമാക്കുന്നതു പോലെയാണ് വർത്തമാനകാലത്തെ അവസ്ഥ.

വിശ്വാസികൾക്ക് ഇത്തരം സമീപനങ്ങൾ ഒരിക്കലും പാടില്ല. ഏതു ഘട്ടത്തിലും തന്റെ ഇസ്‌ലാമിക വ്യക്തിത്വം കാത്തുസൂക്ഷിക്കണം. നല്ലവരോടൊപ്പം മനസ്സിനെ അടക്കി നിർത്തണം. ദുനിയാവിന്റെ അലങ്കാരങ്ങളുടെ പിറകെ പോകരുത്. മതബോധമുള്ളവരുമായുള്ള ബന്ധം ഉപേക്ഷിച്ചാൽ അല്ലാഹുവിനെ വിസ്മരിച്ചവരെയും തന്നിഷ്ടത്തെ പിൻപറ്റുന്നവരെയുമാണ് പിന്നീട് നമുക്ക് കണ്ടുമുട്ടേണ്ടി വരിക.അവരെ ഒരു കാരണവശാലും ഒരു വിശ്വാസിക്ക് അനുസരിക്കാൻ പാടില്ല.



**Statement about ownership and other particulars about Nerpatham Weekly Form - IV (See Rule 8)**

| | |
|---|---|
| 1. Place of publication: | 1st Room, 1st Floor, EKP Building, Kallai Road, Kozhikode, PIN 673002, Kerala |
| 2. Penodicity of its publication: | Weekly |
| 3. Printer's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 4. Publisher's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 5. Editor's Name: | Usman Palakkazhi |
| Nationality: | Indian |
| Address: | Thevarkalathil, Palakkazhi, PO Karkkidamkunnu, Alanallur, Plakkad-678601, Kerala |

6. I, Sajjad K, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 26.03.2022

(Sd/-)
Publisher



**'ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ അതിന്റെ നടുക്കഷ്ണം തിന്നണം' എന്ന പഴഞ്ചൊല്ല് യാഥാർഥ്യമാക്കുന്നതു പോലെയാണ് വർത്തമാനകാലത്തെ അവസ്ഥ. വിശ്വാസികൾക്ക് ഇത്തരം സമീപനങ്ങൾ ഒരിക്കലും പാടില്ല. ഏതു ഘട്ടത്തിലും തന്റെ ഇസ്‌ലാമിക വ്യക്തിത്വം കാത്തുസൂക്ഷിക്കണം. നല്ലവരോടൊപ്പം മനസ്സിനെ അടക്കി നിർത്തണം. ദുനിയാവിന്റെ അലങ്കാരങ്ങളുടെ പിറകെ പോകരുത്. മതബോധമുള്ളവരുമായുള്ള ബന്ധം ഉപേക്ഷിച്ചാൽ അല്ലാഹുവിനെ വിസ്മരിച്ചവരെയും തന്നിഷ്ടത്തെ പിൻപറ്റുന്നവരെയുമാണ് പിന്നീട് നമുക്ക് കണ്ടുമുട്ടേണ്ടി വരിക. അവരെ ഒരു കാരണവശാലും ഒരു വിശ്വാസിക്ക് അനുസരിക്കാൻ പാടില്ല.**

എത്ര വലിയവനാണെങ്കിലും അതിനുള്ള സാധ്യതയുള്ളതുകൊണ്ടാണ് ക്വുർആൻ നബി(സ്വ)യോട് ഇപ്രകാരം കൽപിച്ചത്:

''തങ്ങളുടെ റബ്ബിന്റെ മുഖത്തെ (പ്രീതിയെ) ഉദ്ദേശിച്ചുകൊണ്ട് കാലത്തും വൈകുന്നേരവും അവനോ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂട്ടത്തിൽ നീ നിന്നെ സ്ഥിരപ്പെടുത്തുക; ഐഹിക ജീവിതത്തിന്റെ അലങ്കാരത്തെ ഉദ്ദേശിച്ച് അവരിൽനിന്നു നിന്റെ ദൃഷ്ടികൾ വിട്ടുപോകരുത്. നമ്മുടെ ബോധാനത്തെ സംബന്ധിച്ചു നാം ആരുടെ ഹൃദയത്തെ ബോധരഹിതമാക്കുകയും, തന്റെ ഇച്ഛയെ അവൻ പിതുടരുകയും, തന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തിരിക്കുന്നുവോ അവനെ, നീ അനുസരിക്കുകയും ചെയ്യരുത്''(ക്വുർആൻ 18:28).

മേൽ നിർദേശങ്ങൾ വിസ്മരിച്ച് ഒഴുകുന്നവരോടൊപ്പം ഒഴുകിയാൽ ചെന്നെത്തുന്നത് നരകത്തിലായിരിക്കും. എന്തുകൊണ്ട് നിങ്ങൾ നരകാവകാശികളായി എന്ന ചോദ്യത്തിന് മറുപടിയായി നരകക്കാർ പറയുന്നത് ക്വുർആൻ നമ്മെ അറിയിച്ചത് നോക്കൂ:

''നിങ്ങളെ 'സക്വറിൽ' പ്രവേശിപ്പിച്ചത് എന്താണ് എന്ന്. അവർ (മറുപടി) പറയും: 'ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിൽ ആയിരുന്നില്ല. ഞങ്ങൾ സാധുക്കൾക്ക് ഭക്ഷണം കൊടുത്തിരുന്നതുമില്ല. (തോന്നിയവാസത്തിൽ) മുഴുകിയിരുന്നവരോടൊപ്പം ഞങ്ങൾ മുഴുകിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. പ്രതിഫല നടപടിയുടെ ദിവസത്തെ ഞങ്ങൾ വ്യജമാക്കുകയും ചെയ്തിരുന്നു. അങ്ങനെ (മരണമാകുന്ന ആ) ഉറപ്പു ഞങ്ങൾക്ക് വന്നെത്തി'' (ക്വുർആൻ 74:42-47).

അല്ലാഹു ആരെയും വിശ്വാസിയാകാനും അതനുസരിച്ച് ജീവിക്കാനും നിർബന്ധിക്കുന്നില്ല. വിശ്വസിച്ചാൽ സ്വന്തത്തിനാണ് അതിന്റെ പ്രയോജനം. ഇല്ലെങ്കിൽ ഭയാനകമായ നരകമാണ് നമ്മെ കാത്തിരിക്കുന്നത്. ക്വുർആൻ പറയുന്നത് നോക്കൂ:

''പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവച്ചിട്ടുണ്ട്. അതിന്റെ കൂടാരം അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം ഉരുക്കിയ ലോഹം പോലുള്ള ഒരു വെള്ളമായിരിക്കും അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അത് മുഖങ്ങളെ എരിച്ച് കളയും. വളരെ ദുഷിച്ച പാനീയം തന്നെ. അത് (നരകം) വളരെ ദുഷിച്ച വിശ്രമസ്ഥലം തന്നെ'' (ക്വുർആൻ 18:29).

അതുകൊണ്ട് കാലഘട്ടത്തിന്റെ വെല്ലുവിളികൾ എത്ര കടുത്തതാണെങ്കിലും തന്റെ ഇസ്‌ലാമിക വ്യക്തിത്വം കാത്തുസൂക്ഷിച്ച് ജീവിക്കാൻ നാം കഠിനാധ്വാനം ചെയ്യണം. ഒഴുക്കിനെതിരെ നീന്തുന്നവർക്കുള്ളതാണ് സ്വർഗം. ഒഴുക്കിനോടൊപ്പം ഒഴുകുന്ന ചപ്പുചവറുകളായി എന്റെ സമുദായം മാറുമെന്ന നബി (സ്വ)യുടെ താക്കീത് വർത്തമാനകാലത്ത് നാം ഗൗരവത്തിലെടുക്കണം.



ലേഖനം

തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം 6

# 'അല്ലാഹുവിനെ കാണുന്ന സൂഫി'

**സക്കീർ ഹുസൈൻ ഈരാറ്റുപേട്ട**

സകരിയ്യ സാഹിബ് എഴുതുന്നു: ''ഹള്റത് ഷിബിലി (റ:അ) പറയുന്നു: 'ഞാൻ ഒരിടത്ത് ഒരു മജ്നൂനിനെ (ബുദ്ധിഭ്രമമുള്ളവനെ) കണ്ടു. കുട്ടികൾ കല്ലും മണ്ണും വാരി അദ്ദേഹത്തെ എറിഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ അവരെ വിരട്ടിയോടിച്ചു. അപ്പോൾ 'ഇയാൾ അല്ലാഹുവിനെ കാണുന്നു' എന്ന് പറയുന്നെന്ന് ആ കുട്ടികൾ പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ സമീപത്ത് ചെന്നപ്പോൾ അദ്ദേഹം എന്തോ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാനതു ശ്രദ്ധിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നതായിട്ടാണ് കേട്ടത്: 'നീ വളരെ നല്ല കാര്യമാണ് ചെയ്തത്. ഈ കുട്ടികളെ എന്നെ ഉപദ്രവിക്കാനായി നിശ്ചയിച്ചല്ലോ.' ഞാൻ ചോദിച്ചു: 'ഈ കുട്ടികൾ നിങ്ങളെ പറ്റി ഒരു കാര്യം പറയുന്നുവല്ലോ.' അദ്ദേഹം ചോദിച്ചു: 'എന്താണ്?' ഞാൻ പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിനെ കാണുന്ന ആളാണ് എന്ന് വാദിക്കുന്നു എന്ന് അവർ പറയുന്നു.' ഇതു കേട്ടിട്ട് അദ്ദേഹം ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു: 'ഷിബ്‌ലീ, അല്ലാഹുവിൽ സത്യമായി അവൻ തന്റെ സ്നേഹത്തിൽ എന്നെ ഈ നിലയിൽ അലഞ്ഞുനടക്കുന്ന ഒരു അവസ്ഥയിലാക്കി. അവന്റെ അടുപ്പത്തിലും അകൽച്ചയിലും വഴിയറിയാതെ അലഞ്ഞുനടക്കുന്നവനാക്കിയിരിക്കുന്നു. അൽപസമയമെങ്കിലും അവൻ എന്നിൽനിന്നും മറഞ്ഞിരിക്കുകയാണെങ്കിൽ (അതായത് അവന്റെ ഹുളൂരിയ്യത് -സാന്നിധ്യം- ഇല്ലാതിരിക്കുകയാ

**സൂഫിസം തലയിൽ കയറുന്നതോടെ അൽപാൽപമായി കിറുക്ക് പ്രത്യക്ഷപ്പെട്ടുതുടങ്ങും. ഒരു യഥാർഥ സൂഫിയായി മാറുമ്പോഴേക്കും മുഴുക്കിറുക്കനായി അയാൾ രൂപം പ്രാപിച്ചിരിക്കും. ഇവിടെ പടച്ചവനോടുള്ള 'സ്നേഹ ലഹരിയിൽ' ഭ്രാന്തുപിടിച്ച ഒരാളുടെ കവിത സാഹിബ് ഉദ്ധരിച്ചിരിക്കുന്നു. ഈ ഭ്രാന്തന്റെ കഥ ഉദ്ധരിക്കും മുമ്പ് അദ്ദേഹം എഴുതിയത് ശ്രദ്ധിക്കുക: 'എന്നാൽ ഒരു സമയത്തും അല്ലാഹുവിനെക്കുറിച്ചുള്ള വിസ്മൃതിയിൽ കഴിയാതിരിക്കുന്ന അനേകം ദാസന്മാരും അല്ലാഹുവിനുണ്ട്.'**
**കുട്ടികൾപോലും കല്ലെറിഞ്ഞാട്ടുന്ന, ഭ്രാന്തനായി കാണുന്ന ഇയാളെ അല്ലാഹുവിനെ എപ്പോഴും ഓർത്തുകൊണ്ടിരിക്കുന്ന മഹാനായിട്ടാണ് ഗ്രന്ഥകർത്താവ് കാണുന്നത് എന്ന് സാരം. അല്ലാഹുവിന്റെ വചനത്തെക്കാൾ ഭ്രാന്തന്റെ കവിതയ്ക്ക് സകരിയ്യ സാഹിബ് സ്ഥാനം കൊടുക്കുന്നു: 'നിന്റെ രൂപം എന്റെ കൺമുമ്പിൽ സ്ഥിരമായി കാണുന്നു. നിന്റെ ദിക്റ് എല്ലാ സമയത്തും എന്റെ നാവിലുണ്ട്. നിന്റെ ആസ്ഥാനം എന്റെ ഹൃദയത്തിലാണ്. അപ്പോൾ നിനക്ക് എവിടെ മറഞ്ഞിരിക്കാൻ കഴിയും?**



ണെങ്കിൽ ഞാൻ വിരഹദുഃഖംകൊണ്ട് കഷണം കഷണമായി മുറിഞ്ഞുപോകുന്നതാണ്.' ഇത്രയും പറഞ്ഞശേഷം അദ്ദേഹം എന്നിൽനിന്നും മുഖംതിരിച്ച് താഴെ പറയുന്ന ഗാനം ആലപിച്ചുകൊണ്ട് ഓടിക്കളഞ്ഞു: 'നിന്റെ രൂപം എന്റെ കൺമുമ്പിൽ സ്ഥിരമായി കാണുന്നു. നിന്റെ ദിക്റ് എല്ലാ സമയത്തും എന്റെ നാവിലുണ്ട്. നിന്റെ ആസ്ഥാനം എന്റെ ഹൃദയത്തിലാണ്. അപ്പോൾ നിനക്ക് എവിടെ മറഞ്ഞിരിക്കാൻ കഴിയും?'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 270).

''ഹള്റത് മുംഷാദ് ദൻയൂരി പ്രസിദ്ധനായ ഒരു മഹാനാണ്. അദ്ദേഹത്തിന്റെ മരണമടുത്തപ്പോൾ ഒരാൾ അടുത്തിരുന്ന് 'അല്ലാഹുവേ, ഇദ്ദേഹത്തിന് സ്വർഗത്തിൽ ഇന്ന സമ്പത്തുകൾ നൽകേണമേ' എന്നു ദുആ ചെയ്തു. അപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: 'സ്വർഗം അതിന്റെ എല്ലാവിധ അലങ്കാരത്തോടുകൂടി മുപ്പതുവർഷമായിട്ട് എന്റെ മുമ്പിൽ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ഞാൻ ഒരു പ്രാവശ്യവും (അല്ലാഹുവിലേക്കുള്ള ശ്രദ്ധവിട്ടിട്ട്) ആ ഭാഗത്തേക്ക് ശ്രദ്ധതിരിച്ചിട്ടില്ല'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 271).

സൂഫിസം തലയിൽ കയറുന്നതോടെ അൽപാൽപമായി കിറുക്ക് പ്രത്യക്ഷപ്പെട്ടുതുടങ്ങും. ഒരു യഥാർഥ സൂഫിയായി മാറുമ്പോഴേക്കും മുഴുക്കിറുക്കനായി അയാൾ രൂപം പ്രാപിച്ചിരിക്കും. ഇവിടെ പടച്ചവനോടുള്ള 'സ്നേഹ ലഹരിയിൽ' ഭ്രാന്തുപിടിച്ച ഒരാളുടെ കവിത സാഹിബ് ഉദ്ധരിച്ചിരിക്കുന്നു. ഈ ഭ്രാന്തന്റെ കഥ ഉദ്ധരിക്കും മുമ്പ് അദ്ദേഹം എഴുതിയത് ശ്രദ്ധിക്കുക: 'എന്നാൽ ഒരു സമയത്തും അല്ലാഹുവിനെക്കുറിച്ചുള്ള വിസ്മൃതിയിൽ കഴിയാതിരിക്കുന്ന അനേകം ദാസന്മാരും അല്ലാഹുവിനുണ്ട്.'

കുട്ടികൾപോലും കല്ലെറിഞ്ഞാട്ടുന്ന, ഭ്രാന്തനായി കാണുന്ന ഇയാളെ അല്ലാഹുവിനെ എപ്പോഴും ഓർത്തുകൊണ്ടിരിക്കുന്ന മഹാനായിട്ടാണ് ഗ്രന്ഥകർത്താവ് കാണുന്നത് എന്ന് സാരം. അല്ലാഹുവിന്റെ വചനത്തെക്കാൾ ഭ്രാന്തന്റെ കവിതയ്ക്ക് സകരിയ്യ സാഹിബ് സ്ഥാനം കൊടുക്കുന്നു: 'നിന്റെ രൂപം എന്റെ കൺമുമ്പിൽ സ്ഥിരമായി കാണുന്നു. നിന്റെ ദിക്റ് എല്ലാ സമയത്തും എന്റെ നാവിലുണ്ട്. നിന്റെ ആസ്ഥാനം എന്റെ ഹൃദയത്തിലാണ്. അപ്പോൾ നിനക്ക് എവിടെ മറഞ്ഞിരിക്കാൻ കഴിയും?'

ഇവിടെ അല്ലാഹുവിനെ കൊച്ചാക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു: ''കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും...'' (അൽഅൻആം: 103).

**നോമ്പ് തബ്‌ലീഗുകാരുടെ വീക്ഷണത്തിൽ**

''നോമ്പുകാരൻ ശ്രദ്ധിക്കേണ്ട അഞ്ചാമത്തെ സംഗതി, നോമ്പു തുറക്കുമ്പോൾ ഹലാലായ ഭക്ഷണം കൊണ്ട് തന്നെയും അധികമായി വയറു നിറക്കരുത് എന്നുള്ളതാണ്. കാരണം അതുകൊണ്ട് നോമ്പിന്റെ ഉദ്ദേശം തന്നെ നഷ്ടപ്പെട്ടുപോകും. ശാരീരികേച്ഛകളുടെ ശക്തിയെയും മൃഗീയ സ്വഭാവങ്ങളുടെ ശക്തിയെയും കുറച്ച്, നൂറാനിയായ ശക്തിയെയും (പ്രകാശത്തെ), മലകിയ്യ ശക്തിയെയും (മലക്കുകളിലുള്ള സ്വഭാവം) വർധിപ്പിക്കുകയെന്നതാണ് നോമ്പിന്റെ ഉദ്ദേശം. പതിനൊന്നു മാസവും ഇഷ്ടാനുസരണം ആഹാരം കഴിച്ചവർ ഒരുമാസം അതിലൽപം കുറവു വരുത്തുന്നതിൽ എന്താണ് പ്രയാസം? അതുകൊണ്ട് ജീവൻ പൊയ്പ്പോകുമോ? പക്ഷേ, ഇന്ന് നമ്മുടെ അവസ്ഥയെന്താണ്? നോമ്പ് തുറക്കുന്ന സമയത്ത് അതിനു മുമ്പ് വിട്ടുപോയതിന് പരിഹാരമായ രീതിയിലും അത്താഴസമയത്ത് പിന്നീടുള്ള നേരത്തേക്ക് കരുതലായ രീതിയിലും നാം തിന്നുന്നു...'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 51).

''നോമ്പിന്റെ രണ്ടാമത്തെ ഉദ്ദേശം സാധുക്കളോടു സാദൃശ്യമുണ്ടാവുകയും അവരുടെ അവസ്ഥയെക്കുറിച്ചൽപം ചിന്തിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ഇതും എപ്പോഴാണ് കരസ്ഥമാക്കാൻ കഴിയുന്നത്? വൈകുന്നേരംവരെ വിശക്കാതിരിക്കത്തക്കവണ്ണം അത്താഴത്തിന് പാലും ജിലേബിയുംകൊണ്ടു വയർ നിറച്ചാലതു സാധിക്കുമോ? സാധുക്കളോട് സാദൃശ്യമുണ്ടാകുന്നതെപ്പോഴാണ്? 'ബിഷർ ഹാഫി' അവർകളുടെ സന്നിധിയിൽ ഒരാൾ ചെന്നു. കഠിനമായ തണുപ്പിനാൽ വിറച്ചുകൊണ്ടിരുന്നെങ്കിലും അദ്ദേഹം തന്റെ വസ്ത്രങ്ങൾ സമീപത്തുതന്നെ വച്ചിരുന്നു. ചെന്നയാൾ ഇപ്പോൾ വസ്ത്രങ്ങൾ മാറ്റിവയ്ക്കേണ്ട സമയമല്ലല്ലോ എന്ന് ചോദിച്ചപ്പോൾ സാധുക്കൾ ധാരാളമുണ്ട്, അവർക്ക് സഹായം ചെയ്യാനുള്ള കഴിവ് എനിക്കില്ല. അതുകൊണ്ട് ഞാനും അവരെപ്പോലെ ആയിക്കൊണ്ട് അവരോട് സഹതാപം കാണിക്കുകയാണ് എന്ന് അദ്ദേഹം മറുപടി പറഞ്ഞു'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 52).

''മറാഖിൽ ഫലാഹ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'സുഖലോലുപരായ ആളുകളെപ്പോലെ അത്താഴം (സഹർ) കൂടുതലായി കഴിക്കരുത്. അതു നോമ്പിന്റെ ഉദ്ദേശത്തെ ഇല്ലാതാക്കിക്കളയും.' അതിന്റെ വിവരണത്തിൽ അല്ലാമാ ഥഹ്ഥാവി അവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു: 'നോമ്പുകൊണ്ട് വിശപ്പിന്റെ പ്രയാസം അനുഭവപ്പെടുന്നതു കൂടുതൽ സവാബ് ലഭിക്കുന്നതിനും സാധുക്കളോടു ദയവുതോന്നുന്നതിനും കാരണമാകുന്നതാണ്. റസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹി വസല്ലം അരുളിയിരിക്കുന്നു: അല്ലാഹു സുബ്ഹാനവഹു വ തആലാക്കു വയർ നിറയ്ക്കുന്നതുപോലെ മറ്റൊരു പാത്രവും നിറയ്ക്കുന്നതു ഇഷ്ടക്കേടായിട്ടില്ല. മറ്റൊരു ഹദീസിൽ 'മനുഷ്യന് അവന്റെ അര നേരെ നിൽക്കത്തക്കവണ്ണം പിടി ആഹാരം മാത്രം മതിയാകുന്നതാണ്...നബി സ്വല്ലല്ലാഹു അലൈഹിവസല്ലം അനേകദിവസം തുടരെ നോമ്പുവയ്ക്കുകയും അതിനിടയിൽ യാതൊന്നും കഴിക്കാതിരിക്കുകയും ചെയ്തപ്പോൾ അതിലെന്തോ കാര്യം അടങ്ങിയിരിക്കുമല്ലോ?'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 53).

''എന്റെ ബഹുമാനപ്പെട്ട ശൈഖ് മൗലാന ഖലീൽ അഹ്മദ് സാഹിബ് (നവ്വറല്ലാഹു മർഖദഹു) അവർകളെ ഞാൻ നേരിട്ടിപ്രകാരം കണ്ടിട്ടുണ്ട്; പരിശുദ്ധ റംസാൻ മാസം മുഴുവനും ഇഫ്താർ, സഹ്ർ, രണ്ടുനേരത്തേക്കും കൂടി ഒന്നര ചപ്പാത്തിയിൽ കൂടുതൽ അദ്ദേഹം കഴിച്ചിരുന്നില്ല. തന്റെ ഖാദിമീങ്ങളാരെങ്കിലും ഇതിനെപ്പറ്റി പറഞ്ഞാൽ 'വിശപ്പില്ല. സ്നേഹിതന്മാരെ ഓർത്തിട്ട് കൂട്ടത്തിലിരിക്കുകയാണ്' എന്നു പറയുമായിരുന്നു. ഇതിലും അധികമായിട്ട് മൗലാനാ ഷാഹ് അബ്ദുർറഹിം സിബി റായ്പൂരി (നവ്വറല്ലാഹുമർഖദഹു) അവർകളെ സംബന്ധിച്ചും ഇപ്രകാരം കേട്ടിട്ടുണ്ട്. അദ്ദേഹം റംസാൻ മാസത്തിൽ അനേകദിവസം തുടരെ ഇഫ്ത്വാറിനും സഹറിനും പാലൊഴിക്കാത്ത ഏതാനും കപ്പു വെറും ചായ

''നോമ്പിന്റെ രണ്ടാമത്തെ ഉദ്ദേശം സാധുക്കളോടു സാദൃശ്യമുണ്ടാവുകയും അവരുടെ അവസ്ഥയെക്കുറിച്ചൽപം ചിന്തിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ഇതും എപ്പോഴാണ് കരസ്ഥമാക്കാൻ കഴിയുന്നത്? വൈകുന്നേരംവരെ വിശക്കാതിരിക്കത്തക്കവണ്ണം അത്താഴത്തിന് പാലും ജിലേബിയുംകൊണ്ടു വയർ നിറച്ചാലതു സാധിക്കുമോ? സാധുക്കളോട് സാദൃശ്യമുണ്ടാകുന്നതെപ്പോഴാണ്? 'ബിഷർ ഹാഫി' അവർകളുടെ സന്നിധിയിൽ ഒരാൾ ചെന്നു. കഠിനമായ തണുപ്പിനാൽ വിറച്ചുകൊണ്ടിരുന്നെങ്കിലും അദ്ദേഹം തന്റെ വസ്ത്രങ്ങൾ സമീപത്തുതന്നെ വച്ചിരുന്നു. ചെന്നയാൾ ഇപ്പോൾ വസ്ത്രങ്ങൾ മാറ്റിവയ്ക്കേണ്ട സമയമല്ലല്ലോ എന്ന് ചോദിച്ചപ്പോൾ സാധുക്കൾ ധാരാളമുണ്ട്, അവർക്ക് സഹായം ചെയ്യാനുള്ള കഴിവ് എനിക്കില്ല. അതുകൊണ്ട് ഞാനും അവരെപ്പോലെ ആയിക്കൊണ്ട് അവരോട് സഹതാപം കാണിക്കുകയാണ് എന്ന് അദ്ദേഹം മറുപടി പറഞ്ഞു''
(റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 52).



അല്ലാതെ മറ്റൊന്നുംതന്നെ കഴിച്ചിരുന്നില്ല. ഒരു പ്രാവശ്യം അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ശിഷ്യനായ മൗലാനാ ഷാഹ് അബ്ദുൽഖാദിർ സാഹിബ് (നവ്വറല്ലാഹുമർഖദഹു) അവർകൾ വളരെ വേദനയോടുകൂടി, 'ഹസ്റത്ത്; ബലഹീനത വളരെ കൂടുതലായിരിക്കുന്നു. അങ്ങ് യാതൊന്നും കഴിക്കുന്നില്ലല്ലോ' എന്നു പറഞ്ഞപ്പോൾ 'അൽഹംദുലില്ലാഹ്, സ്വർഗത്തിന്റെ രസം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു' എന്ന് പറയുകയുണ്ടായി'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 53-54).

''ഇബ്നു ദഖീഖുൽ ഈദ് എന്ന മഹാൻ അത്താഴം കഴിക്കുന്നതിനെപ്പറ്റി ചില സൂഫിയാക്കളുടെ അഭിപ്രായമായി ഇങ്ങനെ പറയുന്നു: 'അത്താഴം കഴിക്കൽ നോമ്പിന്റെ ലക്ഷ്യത്തിനു മാറ്റമാണ്. കാരണം വയറ്റിന്റെയും ഗുഹ്യസ്ഥാനത്തിന്റെയും അതിരുകടന്ന ആഗ്രഹം മുറിക്കുക എന്നതാണ് നോമ്പിന്റെ ലക്ഷ്യം. അത്താഴം കഴിക്കുന്നതുകൊണ്ട് ആ ലക്ഷ്യം കരഗതമാകാതായിപ്പോകും...'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 44).

''...ഒരു മനുഷ്യൻ റംസാൻ മാസത്തിൽ വിശന്ന് കഴിയുകയാണെങ്കിൽ അടുത്ത റംസാൻ വരെ വർഷം മുഴുവനും ശൈത്വാന്റെ കഠിനമായ ഷർറിൽനിന്നും അവൻ സൂക്ഷിക്കപ്പെട്ടവനാകും' എന്ന് മഹാന്മാർ പറഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ ഷൈഖന്മാർ വളരെ താക്കീതു നൽകിയിട്ടുണ്ട്'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 45).

''സഹ്ലുബ്നു അബ്ദില്ലാഹ് എന്ന മഹാൻ പതിനഞ്ച് ദിവസത്തിലൊരിക്കൽ മാത്രം ആഹാരം കഴിച്ചിരുന്നു. പരിശുദ്ധ റംസാനിൽ ഒരു പിടി ആഹാരം മാത്രം ഭക്ഷിച്ചിരുന്നു. സുന്നത്തിനെ പിൻപറ്റാൻ വേണ്ടി ദിവസവും അൽപം വെള്ളം കുടിച്ച് നോമ്പു തുറന്നിരുന്നു'' (റമദാനിന്റെ മഹത്ത്വങ്ങൾ, പേജ് 45).

ഇത്തരത്തിലുള്ള ധാരാളം ഇസ്‌ലാമിക വിരുദ്ധമായ ഉദ്ബോധനങ്ങൾ സകരിയ്യ സാഹിബ് തന്റെ അനുയായികൾക്ക് വേണ്ടി എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. കപടഭക്തിക്ക് വലിയ മാർക്കറ്റുള്ള ഇക്കാലത്ത് ഇത്തരം ദുർബോധനങ്ങളിൽ ചില ശുദ്ധഗതിക്കാർ അറിയാതെ വീണുപോകുന്നത് നമുക്ക് കാണാൻ കഴിയും. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ കാര്യങ്ങളെ ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

തിന്നുക, കുടിക്കുക, അതിരുകവിയരുത് എന്ന് ക്വുർആൻ (അഅ്റാഫ് 31) പഠിപ്പിച്ചിട്ടുണ്ട്. നബി(സ്വ)യാകട്ടെ അമിതമായി കഴിക്കുന്നതിനെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. നോമ്പുതുറക്കുമ്പോഴും അത്താഴ സമയത്തും അമിതമായി തിന്നുകയും കുടിക്കുകയും ചെയ്യുന്നവർ സമൂഹത്തിലുണ്ട്. ഇത് ഒഴിവാക്കേണ്ടതുതന്നെയാണ്. ഇതൊക്കെ ആർക്കും

**തിന്നുക, കുടിക്കുക, അതിരുകവിയരുത് എന്ന് ക്വുർആൻ (അഅ്റാഫ് 31) പഠിപ്പിച്ചിട്ടുണ്ട്. നബി(സ്വ)യാകട്ടെ അമിതമായി കഴിക്കുന്നതിനെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. നോമ്പു തുറക്കുമ്പോഴും അത്താഴ സമയത്തും അമിതമായി തിന്നുകയും കുടിക്കുകയും ചെയ്യുന്നവർ സമൂഹത്തിലുണ്ട്. ഇത് ഒഴിവാക്കേണ്ടതുതന്നെയാണ്. ഇതൊക്കെ ആർക്കും അറിയാവുന്നതും പൊതുവെ അംഗീകരിക്കപ്പെട്ടതുമായ കാര്യങ്ങളാണ്. എന്നാൽ എല്ലായ്പ്പോഴും പാലിക്കേണ്ട പൊതുതത്ത്വം റമദാനിലും കൃത്യമായി പാലിക്കണം എന്നല്ല തബ്ലീഗ് കിതാബിലെ ഉപദേശം. മറിച്ച് മറ്റു 11 മാസങ്ങളിലും കഴിക്കുന്നതിനെക്കാൾ വളരെ കുറച്ച് ഭക്ഷണമെ റമദാനിൽ കഴിക്കാവൂ എന്നാണ് പറയുന്നത്. അദ്ദേഹം പറയുന്ന കാരണമാകട്ടെ നോമ്പിന്റെ ഉദ്ദേശത്തിന് എതിരാണ് എന്നാണ്. എന്നാൽ അല്ലാഹുവോ റസൂലോ റമദാനിലെ ഭക്ഷണ രീതിയെക്കുറിച്ച് ഇങ്ങനെയൊരു സ്പെഷ്യൽ ഓർഡർ ഇറക്കിയതായി കേട്ടിട്ടില്ല.**

അറിയാവുന്നതും പൊതുവെ അംഗീകരിക്കപ്പെട്ടതുമായ കാര്യങ്ങളാണ്. എന്നാൽ എല്ലായ്പ്പോഴും പാലിക്കേണ്ട പൊതുതത്ത്വം റമദാനിലും കൃത്യമായി പാലിക്കണം എന്നല്ല തഅ്ലീം കിതാബിലെ ഉപദേശം. മറിച്ച് മറ്റു 11 മാസങ്ങളിലും കഴിക്കുന്നതിനെക്കാൾ വളരെ കുറച്ച് ഭക്ഷണമെ റമദാനിൽ കഴിക്കാവൂ എന്നാണ് പറയുന്നത്. അദ്ദേഹം പറയുന്ന കാരണമാകട്ടെ നോമ്പിന്റെ ഉദ്ദേശത്തിന് എതിരാണ് എന്നാണ്. എന്നാൽ അല്ലാഹുവോ റസൂലോ റമദാനിലെ ഭക്ഷണരീതിയെക്കുറിച്ച് ഇങ്ങനെയൊരു സ്പെഷ്യൽ ഓർഡർ ഇറക്കിയതായി കേട്ടിട്ടില്ല.

അത്താഴം കഴിക്കുന്നത് നോമ്പിന്റെ ലക്ഷ്യത്തിന് എതിരാണെന്നും അത്താഴം കഴിച്ചാൽ നോമ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ കഴിയില്ലെന്നും അദ്ദേഹം എഴുതിവിടുന്നു. എന്നാൽ നബിയുടെ വചനങ്ങൾ നോക്കൂ:

“നിങ്ങൾ അത്താഴം കഴിക്കുക. കാരണം അത്താഴത്തിൽ ബറകതുണ്ട്; തീർച്ച” (ബുഖാരി, മുസ്‌ലിം).

“അത്താഴം ബറകതാണ്. അതിനാൽ അത് നിങ്ങൾ ഉപേക്ഷിക്കരുത്. ഒരിറക്ക് വെള്ളം കുടിച്ചുകൊണ്ടെങ്കിലും അത് നിർവഹിക്കുക. കാരണം തീർച്ചയായും അല്ലാഹു അത്താഴം കഴിക്കുന്നവരെ അനുഗ്രഹിക്കുന്നു. അല്ലാഹുവിന്റെ മലക്കുകൾ അത്താഴം കഴിക്കുന്നവർക്ക് അനുഗ്രഹം ലഭിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നു” (അഹ്മദ്).


‘അത്താഴം കഴിക്കൽ നമ്മുടെ നോമ്പും വേദക്കാരുടെ നോമ്പും തമ്മിലുള്ള വ്യത്യാസമാണ്’ എന്നും നബി(സ്വ) പറഞ്ഞിട്ടുണ്ട്. എന്നിട്ടും അത്താഴം നോമ്പിന്റെ ലക്ഷ്യത്തിനെതിരാണ് എന്നു പറയുന്നിലെ ന്യായമെന്താണ്?

വിശപ്പ് സഹിക്കാൻ മുസ്‌ലിംകളെ പരിശീലിപ്പിക്കുകയാണ് നോമ്പിന്റെ ലക്ഷ്യമെന്ന് അല്ലാഹുവോ റസൂലോ പറഞ്ഞിട്ടില്ല. പട്ടിണി പരിശീലിപ്പിക്കലായിരുന്നു നോമ്പിനെ ഉദ്ദേശമെങ്കിൽ വിശപ്പും ദാഹവും ഏറെ സഹിക്കാൻ നബി(സ്വ)യും അനുചരന്മാരും നിർബന്ധിക്കപ്പെട്ട മക്കാജീവിതകാലത്തായിരുന്നു നോമ്പ് നിർബന്ധമാക്കേണ്ടിയിരുന്നത്. എന്നാൽ മദീനയിൽ വന്നശേഷം നബിക്കും സ്വഹാബിമാർക്കും അൽപമെങ്കിലും ആശ്വാസം ലഭിച്ചപ്പോഴാണ് റമദാനിലെ നോമ്പ് നിയമമാക്കപ്പെട്ടത്.

ഒരു ഹദീസിൽ ഇപ്രകാരം കാണാം: “ആരെങ്കിലും മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ അവന്റെ നോമ്പ് പൂർത്തിയാക്കട്ടെ. അല്ലാഹുവാണ് അവനെ തീറ്റിച്ചതും കുടിപ്പിച്ചതും” (മുസ്ലിം).

നോമ്പ് തുറക്കാൻ സമയമായാൽ തിടുക്കത്തിൽ നോമ്പുതുറക്കാൻ നബി(സ്വ) പ്രത്യേകം ഉണർത്തിയിട്ടുണ്ട്: “സമയമായാൽ നോമ്പുതുറക്കാൻ ധൃതികാണിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിൽ ആയിക്കൊണ്ടേയിരിക്കും” (ബുഖാരി, മുസ്‌ലിം).

ഭക്ഷണത്തോടുള്ള ആഗ്രഹം ഇല്ലാതാക്കലാണ് നോമ്പിന്റെ ഉദ്ദേശമെങ്കിൽ, കൂടുതൽ വിശപ്പ് സഹിച്ചാൽ നോമ്പിന്റെ പ്രതിഫലം വർധിക്കുമെങ്കിൽ പരമാവധി നേരം വൈകി നോമ്പുതുറക്കുന്നതാണ് ഗുണകരം എന്നല്ലേ നബി(സ്വ) പറയുക? (തുടരും)



**വിശപ്പ് സഹിക്കാൻ മുസ്‌ലിംകളെ പരിശീലിപ്പിക്കുകയാണ് നോമ്പിന്റെ ലക്ഷ്യമെന്ന് അല്ലാഹുവോ റസൂലോ പറഞ്ഞിട്ടില്ല. പട്ടിണി പരിശീലിപ്പിക്കലായിരുന്നു നോമ്പിനെ ഉദ്ദേശമെങ്കിൽ വിശപ്പും ദാഹവും ഏറെ സഹിക്കാൻ നബി(സ്വ)യും അനുചരന്മാരും നിർബന്ധിക്കപ്പെട്ട മക്കാജീവിതകാലത്തായിരുന്നു നോമ്പ് നിർബന്ധമാക്കേണ്ടിയിരുന്നത്. എന്നാൽ മദീനയിൽ വന്നശേഷം നബിക്കും സ്വഹാബിമാർക്കും അൽപമെങ്കിലും ആശ്വാസം ലഭിച്ചപ്പോഴാണ് റമദാനിലെ നോമ്പ് നിയമമാക്കപ്പെട്ടത്.
ഒരു ഹദീസിൽ ഇപ്രകാരം കാണാം: “ആരെങ്കിലും മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ അവന്റെ നോമ്പ് പൂർത്തിയാക്കട്ടെ. അല്ലാഹുവാണ് അവനെ തീറ്റിച്ചതും കുടിപ്പിച്ചതും” (മുസ്‌ലിം).
നോമ്പ് തുറക്കാൻ സമയമായാൽ തിടുക്കത്തിൽ നോമ്പുതുറക്കാൻ നബി(സ്വ) പ്രത്യേകം ഉണർത്തിയിട്ടുണ്ട്: “സമയമായാൽ നോമ്പുതുറക്കാൻ ധൃതികാണിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിൽ ആയിക്കൊണ്ടേയിരിക്കും” (ബുഖാരി, മുസ്‌ലിം).
ഭക്ഷണത്തോടുള്ള ആഗ്രഹം ഇല്ലാതാക്കലാണ് നോമ്പിന്റെ ഉദ്ദേശമെങ്കിൽ, കൂടുതൽ വിശപ്പ് സഹിച്ചാൽ നോമ്പിന്റെ പ്രതിഫലം വർധിക്കുമെങ്കിൽ പരമാവധി നേരം വൈകി നോമ്പുതുറക്കുന്നതാണ് ഗുണകരം എന്നല്ലേ നബി(സ്വ) പറയുക?**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ്
# (വിജയം)

(മദീനയിൽ അവതരിച്ചത്)

6. അല്ലാഹുവെപ്പറ്റി തെറ്റായ ധാരണവെച്ചുപുലർത്തുന്ന കപടവിശ്വാസികളെയും കപട വിശ്വാസിനികളെയും ബഹുദൈവവിശ്വാസികളെയും ബഹുദൈവവിശ്വാസിനികളെയും ശിക്ഷിക്കുവാൻ വേണ്ടിയുമാണത്. അവരുടെ മേൽ തിന്മയുടെ വലയമുണ്ട്. അല്ലാഹു അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും, അവർക്ക്വേണ്ടി നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരാനുള്ള ആ സ്ഥലം എത്രമോശം.
7. അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങൾ. അല്ലാഹു പ്രതാപിയും യുക്തിമാനുമായിരിക്കുന്നു.
8. തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയായും സന്തോഷവാർത്ത നൽകുന്നവനായും താക്കീതുകാരനായും അയച്ചിരിക്കുന്നു.
9. അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവാനും അവനെ സഹായിക്കുവാനും ആദരിക്കുവാനും രാവിലെയും വൈകുന്നേരവും നിങ്ങൾ അവന്റെ മഹത്വം പ്രകീർത്തിക്കുവാനും വേണ്ടി.
10. തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും (അത്) ലംഘിക്കുന്നപക്ഷം ലംഘിക്കുന്നതിന്റെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.
11. ഗ്രാമീണ അറബികളിൽനിന്ന് പിന്നോക്കം മാറി നിന്നവർ നിന്നോട് പറഞ്ഞേക്കും: ഞങ്ങളുടെ സ്വത്തുക്കളുടെയും കുടുംബങ്ങളുടെയും കാര്യം ഞങ്ങളെ

وَيُعَذِّبَ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ
وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ ٱلظَّآنِّينَ بِٱللَّهِ
ظَنَّ ٱلسَّوْءِ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۖ وَغَضِبَ
ٱللَّهُ عَلَيْهِمْ وَلَعَنَهُمْ وَأَعَدَّ لَهُمْ جَهَنَّمَ ۖ
وَسَآءَتْ مَصِيرًا ﴿٦﴾

وَلِلَّهِ جُنُودُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَزِيزًا
حَكِيمًا ﴿٧﴾

إِنَّآ أَرْسَلْنَٰكَ شَٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٨﴾

لِّتُؤْمِنُوا۟ بِٱللَّهِ وَرَسُولِهِۦ وَتُعَزِّرُوهُ
وَتُوَقِّرُوهُ وَتُسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٩﴾

إِنَّ ٱلَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ ٱللَّهَ يَدُ
ٱللَّهِ فَوْقَ أَيْدِيهِمْ ۚ فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ
نَفْسِهِۦ ۖ وَمَنْ أَوْفَىٰ بِمَا عَٰهَدَ عَلَيْهُ ٱللَّهَ
فَسَيُؤْتِيهِ أَجْرًا عَظِيمًا ﴿١٠﴾

سَيَقُولُ لَكَ الْمُخَلَّفُونَ مِنَ الْأَعْرَابِ
شَغَلَتْنَا أَمْوَالُنَا وَأَهْلُونَا فَاسْتَغْفِرْ لَنَا ۚ يَقُولُونَ
بِأَلْسِنَتِهِم مَّا لَيْسَ فِي قُلُوبِهِمْ ۚ قُلْ فَمَن يَمْلِكُ
لَكُم مِّنَ اللَّهِ شَيْئًا إِنْ أَرَادَ بِكُمْ ضَرًّا أَوْ أَرَادَ
بِكُمْ نَفْعًا ۚ بَلْ كَانَ اللَّهُ بِمَا تَعْمَلُونَ خَبِيرًا ﴿١١﴾

بَلْ ظَنَنتُمْ أَن لَّن يَنقَلِبَ الرَّسُولُ وَالْمُؤْمِنُونَ
إِلَىٰ أَهْلِيهِمْ أَبَدًا وَزُيِّنَ ذَٰلِكَ فِي قُلُوبِكُمْ
وَظَنَنتُمْ ظَنَّ السَّوْءِ وَكُنتُمْ قَوْمًا بُورًا
﴿١٢﴾

وَمَن لَّمْ يُؤْمِن بِاللَّهِ وَرَسُولِهِ فَإِنَّا أَعْتَدْنَا
لِلْكَافِرِينَ سَعِيرًا ﴿١٣﴾

(നിങ്ങളോടൊപ്പം വരാൻ പറ്റാത്ത വിധം) വ്യാപൃതരാക്കികളഞ്ഞു. അതുകൊണ്ട് താങ്കൾ ഞങ്ങൾക്കു പാപമോചനത്തിനായി പ്രാർഥിക്കണം. അവരുടെ നാവുകൾ കൊണ്ട് അവർ പറയുന്നത് അവരുടെ ഹൃദയങ്ങളിലുള്ളതല്ലാത്ത കാര്യമാണ്. നീ പറയുക: അപ്പോൾ അല്ലാഹു നിങ്ങൾക്കു വല്ല ഉപദ്രവവും ചെയ്യാൻ ഉദ്ദേശിച്ചാൽ അല്ലെങ്കിൽ അവൻ നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യാൻ ഉദ്ദേശിച്ചാൽ അവന്റെ പക്കൽനിന്ന് നിങ്ങൾക്കു വല്ലതും അധീനപ്പെടുത്തിത്തരാൻ ആരുണ്ട്? അല്ല, നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.

12. അല്ല, റസൂലും സത്യവിശ്വാസികളും ഒരിക്കലും അവരുടെ കുടുംബങ്ങളിലേക്ക് തിരിച്ചെത്തുകയേ ഇല്ല എന്ന് നിങ്ങൾ വിചാരിച്ചു. നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നുകയും ചെയ്തു. ദുർവിചാരമാണ് നിങ്ങൾ വിചാരിച്ചത്. നിങ്ങൾ തുലഞ്ഞ ഒരു ജനവിഭാഗമാകുന്നു.

13. അല്ലാഹുവിലും അവന്റെ റസൂലിലും വല്ലവനും വിശ്വസിക്കാത്തപക്ഷം അത്തരം സത്യനിഷേധികൾക്ക് വേണ്ടി നാം ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെച്ചിരിക്കുന്നു.

**6.** എന്നാൽ കപടവിശ്വാസികളെയും വിശ്വാസിനികളെയും ബഹുദൈവവിശ്വാസികളെയും വിശ്വാസിനികളെയും അതുമൂലം അല്ലാഹു ശിക്ഷിക്കും. അവർക്ക് വിഷമകരമായത് അവൻ കാണിച്ചുകൊടുക്കുകയും ചെയ്യും. വിശ്വാസികളെ കൈവെടിയലായിരുന്നു അവരുടെ ഉദ്ദേശ്യം. അല്ലാഹു അവന്റെ ദീനിനെ സഹായിക്കുക യോ അവന്റെ വചനത്തെ ഉയർത്തുകയോ ചെയ്യുകയില്ലെന്ന് അവർ അവനെക്കുറിച്ച് തെറ്റായി ധരിച്ചു. സത്യത്തിന്നെതിരെ തിന്മയുടെ വലയം ഉണ്ടായിരിക്കുമെന്നും അസത്യത്തിന്റെ ആളുകൾ ധരിച്ചു. അവരുടെ ഉദ്ദേശ്യം അല്ലാഹു അവർക്ക് നേരെ തിരിച്ചു. ഇഹലോകത്ത് തന്നെ തിന്മയുടെ വലയം അവർക്കുമേൽ ഉണ്ടായി. (അല്ലാഹു അവരുടെ നേരെ കോപിക്കുകയും) അല്ലാഹുവിനോടും അവന്റെ ദൂതനോടും അവർ ശത്രുത കാണിച്ചത് നിമിത്തം(അവരെ ശിക്ഷിക്കുകയും) അവന്റെ കാരുണ്യത്തിൽ നിന്ന് അവരെ വിദൂരമാക്കുകയും അകറ്റുകയും ചെയ്തു. (അവർക്ക് വേണ്ടി നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരാനുള്ള ആ സ്ഥലം എത്രമോശം!)

**7.** അല്ലാഹു ആവർത്തിച്ചറിയിക്കുന്നുണ്ട്, ആകാശ ഭൂമികളുടെ ആധിപത്യവും അവയിലുള്ള സൈന്യങ്ങളും അവന്റേതാണെന്ന്. അവനാണ് പ്രതാപം നൽകുന്നവനും പ്രതാപം ഇല്ലാതാക്കുന്നവനും. അവന്റെ സൈന്യത്തെ അവൻ സഹായിക്കും. അല്ലാഹു പറയുന്നു.

وَإِنَّ جُندَنَا لَهُمُ الْغَالِبُونَ ﴿١٧٣﴾

''തീർച്ചയായും നമ്മുടെ സൈന്യം തന്നെയാണ് ജേതാക്കളായിരിക്കുക എന്നും.'' (37:173)

(അല്ലാഹു പ്രതാപിയും യുക്തിമാനുമായിരിക്കുന്നു). അതായത് അവൻ വിജയിക്കുന്നവനും ശക്തവാനും എല്ലാറ്റിലും പരമാധികാരമുള്ളവനുമാണ്. പ്രതാപവും ശക്തിയും ഉള്ളതോടൊപ്പം തന്നെ സൃഷ്ടിപ്പിലും നിയന്ത്രണത്തിലുമെല്ലാം അവൻ യുക്തിമാനുമാകുന്നു. അവന്റെ നിയന്ത്രണങ്ങളെല്ലാം അവന്റെ യുക്തിയും അന്യൂനതയും അനുസരിച്ചാണ്.

**8.** (തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നു) പരിശുദ്ധനായ പ്രവാചകരെ (സാക്ഷിയായി എന്ന്) സമുദായത്തിന് ഒരു സാക്ഷിയായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഏകത്വത്തിന് സാക്ഷ്യം വഹിക്കാൻ; അവർ ചെയ്യുന്ന നല്ലതും ചീത്തയുമായ എല്ലാ കാര്യങ്ങളുടേയും സത്യവും അസത്യവുമായ വിവിധ വിഷയങ്ങളുടെ സാക്ഷിയായും അവർ ചെയ്യുന്ന എല്ലാ കാര്യങ്ങളുടേയും സാക്ഷിയായും അദ്ദേഹത്തെ അയച്ചിരിക്കുന്നു. എല്ലാനിലക്കുമുള്ള പൂർണത അവനു മാത്രമാണെന്നതിനും സാക്ഷിയായി (സന്തോഷവാർത്ത നല്കുന്നവനായും) നിന്നെയും അല്ലാഹുവിനെയും അനുസരിക്കുന്നവർക്ക് മതപരവും ഭൗതികവും പാരത്രികവുമായ പ്രതിഫലമുണ്ടെന്ന് പറഞ്ഞിടത്ത് അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും ശിക്ഷയെപ്പറ്റിയുള്ള (താക്കീതുകാരനായും). പെട്ടെന്നോ

പിന്നീടോ ശിക്ഷ ലഭിക്കും അല്ലാഹുവിനോട് എതിര് പ്രവർത്തിക്കുന്നവർക്കെന്ന താക്കീത്. താക്കീതിന്റെയും സന്തോഷവാർത്തയുടെയും പൂർണത സന്തോഷവും ശിക്ഷയും ലഭിക്കുന്ന സർവ സ്വഭാവ കർമങ്ങളും വിശദീകരിച്ചു നൽകലാണ്. പ്രവാചകൻ നന്മയും തിന്മയും സൗഭാഗ്യവും ദൗർഭാഗ്യവും അസത്യത്തിൽ നിന്ന് സത്യത്തെയും വ്യക്തമാക്കിക്കൊടുക്കുന്നു.

**9.** അതാണ് തുടർന്ന് അല്ലാഹു പറയുന്നത് (അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവാനും) നിങ്ങൾക്ക് ഉപകാരപ്പെടുന്ന കാര്യങ്ങളുമായിട്ടാണ് നാം അദ്ദേഹത്തെ അയച്ചത് എന്നതിനാലും അദ്ദേഹം നിങ്ങളെ ക്ഷണിക്കുന്നതിനാലും അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസം ശരിയായി നിർവഹിക്കണം. എല്ലാ കാര്യങ്ങളിലും അവരെ രണ്ടുപേരെയും നിങ്ങൾ അനുസരിക്കൽ ആ വിശ്വാസത്തിന്റെ അനിവാര്യതയാണ്. (നിങ്ങൾ സഹായിക്കുവാനും) അതായത് പ്രവാചകനെ സഹായിക്കുവാനും (ആദരിക്കുവാനും) അദ്ദേഹത്തെ മഹത്വപ്പെടുത്തുകയും ബഹുമാനിക്കുകയും അദ്ദേഹത്തിന് അവകാശങ്ങൾ വകവെച്ചു കൊടുക്കുകയും വേണം. കാരണം നിങ്ങൾ അദ്ദേഹത്തോട് വളരെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് നിങ്ങളോട് വലിയ കാരുണ്യം ഉള്ളതുപോലെത്തന്നെ. (അവന്റെ മഹത്വം പ്രകീർത്തിക്കുവാനും വേണ്ടി) അതായത്, അല്ലാഹുവിനെ പ്രകീർത്തിക്കാൻ. (രാവിലെയും വൈകുന്നേരവും) പകലിന്റെയും രാത്രിയുടെയും തുടക്കത്തിൽ. അല്ലാഹുവിനും റസൂലിനും ഒന്നിച്ച് നൽകേണ്ട ബാധ്യതയാണ് ഇവിടെ പരാമർശിച്ചത്. അവരിൽ രണ്ട് പേരിലുമുള്ള വിശ്വാസമാണ് പ്രവാചകന് മാത്രം പ്രത്യേകമായി പറഞ്ഞ അവകാശം. സഹായിക്കലും ആദരിക്കലുമാണ്. അല്ലാഹുവിന് മാത്രം പ്രത്യേകമായി പറഞ്ഞത് അവനെ പ്രകീർത്തിക്കലും നമസ്കാരം പോലുള്ളതുകൊണ്ട് പരിശുദ്ധപ്പെടുത്തലുമാണ്.

**10.** അല്ലാഹു ഇവിടെ സൂചിപ്പിച്ച പ്രതിജ്ഞ 'ബൈഅത്തു റിള്വാൻ' ആണ്. അല്ലാഹുവിന്റെ റസൂലിനോട് സ്വഹാബികൾ കരാർ ചെയ്തത് അവർ ഓടിപ്പോകില്ലെന്ന കാര്യത്തിലാണ്. അത് ഒരു സവിശേഷമായ ഉടമ്പടിയാണ്. വളരെക്കുറച്ച് ആളുകൾ മാത്രമാണെങ്കിലും അവർ ഓടിപ്പോകില്ലെന്നതാണ് അതിൽ പ്രധാന കാര്യം. ഓടിപ്പോകാൻ അനുവാദമുള്ള അവസ്ഥയിൽപോലും. അല്ലാഹു പറയുന്നു: (തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ). യഥാർഥത്തിൽ അവർ (അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്). അല്ലാഹുവോടാണ് അവർ ഉടമ്പടി ഉണ്ടാക്കുന്നത്. അതിനെ ഒന്നു കൂടി ബലപ്പെടുത്തിപ്പറയുന്നു. (അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്ക് മീതെയുണ്ട്). ആ പ്രതിജ്ഞയിൽ അവർ അല്ലാഹുവിന് കൈ കൊടുത്തതുപോലെയാണ്. അതെല്ലാം പ്രതിജ്ഞയെ ബലപ്പെടുത്താനും ശക്തിപ്പെടുത്താനും വേണ്ടിയാണ് പറയുന്നത്. അത് പൂർത്തീകരിക്കാൻ അവരെ പ്രേരിപ്പിക്കാൻവേണ്ടി കൂടിയാണ്. അതിനാലാണ് പറഞ്ഞത് (അതിനാൽ ആരെങ്കി ലും അത് ലംഘിക്കുന്നപക്ഷം) അല്ലാഹുവുമായി ചെയ്ത കരാറിനെ പൂർത്തിയാക്കാത്തപക്ഷം (ലംഘിക്കുന്നതിന്റെ ദോഷഫലം അവനു തന്നെയാകുന്നു). അതിന്റെ നാശം അവനിലേക്ക് തന്നെ മടങ്ങും. അവനുള്ള ശിക്ഷ അവനിലേക്കെത്തുകയും ചെയ്യും. (താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഓർപ്പെട്ട കാര്യം വല്ലവനും നിറവേറ്റിയൽ) അത് പൂർണമായി ശരിയായി ചെയ്താൽ (അവന്ന് മഹത്തായ പ്രതിഫലം അവൻ നൽകുന്നതാണ്). അത് നൽകുന്നവനല്ലാതെ ആ പ്രതിഫലത്തിന്റെ മഹത്വവും അളവും അറിയുകയില്ല.

**11-13.** ഗ്രാമീണ അറബികളിൽ അല്ലാഹുവിന്റെ ദൂതനിൽനിന്നും പിന്നോക്കം മാറിനിന്നവരെ ആക്ഷേപിക്കുകയാണ് അല്ലാഹു ഇവിടെ. വിശ്വാസം ദുർബലമായവരും ഹൃദയത്തിൽ രോഗമുള്ളവരും അല്ലാഹുവിനെക്കുറിച്ച് ചീത്തവിചാരമുള്ളവരുമാണവർ. അല്ലാഹുവിന്റെ മാർഗത്തിൽ പുറപ്പെടാൻ അവരുടെ സ്വത്തുക്കളും കുടുംബങ്ങളും അവരെ ജോലിയിലാക്കിക്കളഞ്ഞു എന്നവർ ഒഴിവുകഴിവുകൾ പറയും. പ്രവാചകനോട് പാപമോചനം തേടാൻ അവർ ആവശ്യപ്പെടുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു (അവരുടെ നാവുകൾകൊണ്ട് അവർ പറയുന്നത്, അവരുടെ ഹൃദയങ്ങളിലുള്ളതല്ലാത്ത കാര്യമാണ്). അവർ അവരോട്തന്നെ ചെയ്ത അപരാധങ്ങളെ അംഗീകരിക്കുകയും ഖേദിക്കുകയും ചെയ്യുന്നുണ്ടെന്നാണ് പ്രവാചകനോട് അവർ പാപമോചനം തേടാൻ ആവശ്യപ്പെട്ടതിൽ നിന്ന് മനസ്സിലാകുന്നത്. അവർ പിന്മാറിനിന്നതിൽ പാപമോചനവും മടക്കവും ആവശ്യമാണെന്നർഥം. അങ്ങനെ അവരുടെ മനസ്സിൽ ഉണ്ടെങ്കിൽ പ്രവാചകന്റെ പാപമോചനം അവർക്ക് ഫലം ചെയ്യും. കാരണം അവർ പശ്ചാത്തപിക്കുക യും ഖേദിക്കുകയും ചെയ്തു.

എന്നാൽ അവർ മാറിനിന്നത് അല്ലാഹുവിനെക്കുറിച്ചുള്ള ചീത്തവിചാരം കൊണ്ടാണെന്നാണ് അവരുടെ മനസ്സിലുള്ളതെങ്കിൽ അതായത് അവരുടെ വിചാരം ഇതാണെങ്കിൽ! (അല്ല റസൂലും സത്യവിശ്വാസികളും ഒരിക്കലും അവരുടെ കുടുംബങ്ങളിലേക്ക് തിരിച്ചെത്തുകയേ ഇല്ല എന്ന്). അതായത് അവർ കൊല്ലപ്പെടുകയും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്യുമെന്ന്. ഈ ധാരണ അവരുടെ ഹൃദയങ്ങളിൽ ന്യായമായി തോന്നുകയും അത് അവരുടെ ഹൃദയങ്ങളിൽ ആഴത്തിൽ വേരൂന്നുന്നതുവരെ അതിൽ സംതൃപ്തരാവുകയും ചെയ്തു. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന് അവർ(തുലഞ്ഞ ഒരു ജനവിഭാഗമാകുന്നു). ഒരു ഗുണവുമില്ലാത്ത നശിച്ചവർ. വല്ല നന്മയും അവരിലുണ്ടായിരുന്നുവെങ്കിൽ ഈ ചിന്ത അവരുടെ ഹൃദയത്തിൽ ഉണ്ടാകുമായിരുന്നില്ല. രണ്ടാമത്തേത് അവരുടെ വിശ്വാസത്തിന്റെ ബലഹീനതയും അല്ലാഹു അവന്റെ വചനത്തെ ഉയർത്തുമെന്നും അവന്റെ ദീനിനെ സഹായിക്കുമെന്നുള്ള വാഗ്ദത്തത്തിലും അവർക്ക് ഉറപ്പില്ലാത്തതിനാലാണ്. അതാണ് അല്ലാഹു പറഞ്ഞത് (അല്ലാഹുവിലും അവന്റെ ദൂതനിലും വല്ലവനും വിശ്വസിക്കാത്തപക്ഷം) തീർച്ചയായും അവൻ ശിക്ഷക്കർഹനായ അവിശ്വാസിയാണ്. (സത്യനിഷേധികൾക്കുവേണ്ടി നാം ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെച്ചിരിക്കുന്നു). ■



# തബൂക് യാത്രയിൽ പിന്തിനിന്നവർ



ഹുസൈൻ സലഫി
: +971 50 634 6963

ക്വുർആനിനോടും സുന്നത്തിനോടും എതിരാകുന്ന വലുതും ചെറുതുമായ ധാരാളം വിശ്വാസ-ആചാര-അനുഷ്ഠാനമുറകൾ പ്രചരിപ്പിക്കുന്ന വിവിധ പള്ളികൾ ഉള്ള സ്ഥലത്ത് തൗഹീദിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലും, അതിന്റെ പ്രചാരണത്തിനായും തക്വ്‌വയുടെ അടിത്തറയിൽ ഒരു പള്ളി നിർമിക്കപ്പെട്ടാൽ അതിനെ മസ്ജിദുളിറാറായി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്ന ചില ഉസ്താദുമാരുണ്ട്. അത് ശരിയല്ല. ഒരു നാട്ടിൽ ആദ്യം നിർമിച്ച പള്ളിയാണ് ശരിയായതെന്നും ശേഷം നിർമിക്കപ്പെടുന്ന പള്ളികൾ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതും ഭിന്നിപ്പുണ്ടാക്കുന്നതാണെന്നുമുള്ള കണ്ടെത്തൽ തീർത്തും അബദ്ധമാണ്. എപ്പോൾ നിർമിക്കപ്പെട്ടാലും ശരി, തക്വ്‌വയിൽ അധിഷ്ഠിതമാണെങ്കിൽ മാത്രമെ ഇസ്‌ലാം വിഭാവനം ചെയ്യുന്ന പള്ളിയാകുകയുള്ളൂ.

നമസ്‌കരിക്കേണ്ട പള്ളിയെപ്പറ്റി പറഞ്ഞപ്പോൾ 'അതിൽ ചില പുരുഷന്മാരുണ്ട്' എന്നു പറഞ്ഞതിനെ (ഫീഹി രിജാലുൻ) എടുത്ത് സ്ത്രീകൾക്ക് പള്ളികളിൽ പോയി നമസ്‌കരിക്കൽ നിഷിദ്ധമാണെന്ന് വാദിക്കുന്നവരുണ്ട്. മദീനയിൽ നബി(സ്വ) ഒരു പള്ളി പണിതപ്പോൾ സ്ത്രീകൾക്ക് പള്ളിയിൽ പ്രവേശിക്കുന്നതിനായി പ്രത്യേകമായ വാതിൽതന്നെ സംവിധാനിച്ചിരുന്നു. ഇന്നും മദീനയിലെ പള്ളിയടക്കം അനവധി പള്ളികളിലും നമുക്ക് അത് കാണാവുന്നതാണ്. നബി

(സ്വ) സ്ഥാപിച്ച ആ വാതിലിലൂടെ പുരുഷന്മാർ പ്രവേശിക്കുന്നത് ഉമറി(റ)ന്റെ ഭരണകാലത്ത് അദ്ദേഹം ശക്തമായി വിലക്കിയതായി ചരിത്രത്തിൽ കാണാം. നബി(സ്വ)യുടെ കൂടെ സ്ത്രീകൾ ജമാഅത്ത് നിസ്കാരത്തിൽ പങ്കെടുത്തതിന് എത്രയോ തെളിവുകൾ സ്വഹീഹുൽ ബുഖാരിയടക്കമുള്ള പ്രസിദ്ധമായ എല്ലാ ഹദീസ് ഗ്രന്ഥങ്ങളിലും നമുക്ക് കാണാവുന്നതാണ്. നബി(സ്വ)യുടെ ചര്യനോക്കാതെ ക്വുർആനിനെ വ്യാഖ്യാനിക്കുന്നതിന് പറയുന്ന പേരാണ് 'ദുർവ്യാഖ്യാനം.' അതാണ് ഇത്തരക്കാർ പൊതുജനങ്ങൾക്കിടയിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

ഇസ്‌ലാം അനുവദിച്ചിട്ടുള്ള ഒരു കാര്യത്തെ മനഃപൂർവം ഒരാൾ നിഷേധിക്കുകയാണെങ്കിൽ പരലോകത്ത് അവന്റെ കാര്യം എത്ര ഗുരുതരമാണെന്നത് ആലോചിക്കുക.

തബൂക് യുദ്ധം മുസ്‌ലിംകൾക്ക് വിജയമാണ് സമ്മാനിച്ചത്. തബൂകിൽനിന്നും നബി(സ്വ)യും അനുചരന്മാരും മദീനയിൽ എത്തി. യുദ്ധത്തിന് പോകാതെ പലവിധ കാരണങ്ങളാലും മദീനയിൽ തങ്ങിയവർ ധാരാളമായിരുന്നു. അവർ ഓരോരുത്തരും നബി(സ്വ)യുടെ സമീപത്ത് വരാൻ തുടങ്ങി. യുദ്ധത്തിന് വരാത്തതിന്റെ പേരിൽ നബി(സ്വ) തങ്ങളെപ്പറ്റി ദുഷിച്ചതൊന്നും വിചാരിക്കരുതെന്ന് കരുതി യുദ്ധത്തിൽ പങ്കെടുക്കാത്തതിന്റെ കാരണം പറഞ്ഞ് നബി(സ്വ)നോട് മാപ്പു ചോദിക്കാനായിരുന്നു അവരുടെ ഓരോരുത്തരുടെയും വരവ്.

യുദ്ധത്തിന് പോകാതെ മദീനയിൽ തങ്ങിയവരിൽ ബഹുഭൂരിപക്ഷവും കപടവിശ്വാസികളായിരുന്നു എന്നത് നാം മനസ്സിലാക്കുകയുണ്ടായി. അവർതന്നെയായിരുന്നു നബി(സ്വ)യോട് മാപ്പ് ചോദിക്കാനായി ആദ്യമാദ്യം മുമ്പോട്ടുവന്നതും. അവരെ സംബന്ധിച്ച് ക്വുർആൻ ഇപ്രകാരം പറയുന്നു:

''അവരുടെ അടുക്കലേക്ക് (യുദ്ധം കഴിഞ്ഞ്) നിങ്ങൾ മടങ്ങിയെത്തിയാൽ അവർ നിങ്ങളോട് ഒഴികഴിവ്പറയുന്നതാണ്. പറയുക: നിങ്ങൾ ഒഴികഴിവൊന്നും പറയേണ്ട. നിങ്ങളെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. (കാരണം) നിങ്ങളുടെ ചില വർത്തമാനങ്ങൾ അല്ലാഹു ഞങ്ങൾക്ക് അറിയിച്ച് തന്നിട്ടുണ്ട്. നിങ്ങളുടെ പ്രവർത്തനം അല്ലാഹുവും അവന്റെ ദൂതനും കാണുന്നതുമാണ്. പിന്നീട് അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അപ്പോൾ അവൻ നിങ്ങൾക്ക് വിവരം നൽകുന്നതാണ്'' (9:94).

അല്ലാഹുവും റസൂലും നിങ്ങളുടെ ചെയ്തികൾ കാണുമെന്ന് പറഞ്ഞതിനെ അല്ലാഹുവിന്റെയും റസൂലിന്റെയും കാഴ്ച ഒരുപോലെയാണെന്ന് വ്യാഖ്യാനിക്കാവതല്ല. ചിലർ അങ്ങനെ ദുർവ്യാഖ്യാനിക്കാറുണ്ട്.

തബൂക് യുദ്ധത്തിലേക്ക് പുറപ്പെടാത്തവരെ സംബന്ധിച്ച് അല്ലാഹു അറിയിച്ച സന്ദർഭത്തിലാണല്ലോ നബി(സ്വ)ക്ക് അവരുടെ തനിനിറം മനസ്സിലായത്. പിന്നെ അല്ലാഹുവും റസൂലും കാണും എന്ന് പറഞ്ഞതിന്റെ ഉദ്ദേശം എന്താണെന്ന് മുഫസ്സിറുകൾ പറയുന്നത് കാണുക:

'ഇതിന് ശേഷം നിങ്ങളുടെ ചെയ്തികളെ അല്ലാഹുവും അവന്റെ റസൂലും കാണുന്നതാകുന്നു. (അഥവാ) നിങ്ങളുടെ കാപട്യത്തെ തൊട്ട് നിങ്ങൾ പശ്ചാത്തപിക്കുമോ, അതല്ല, നിങ്ങൾ അതിൽതന്നെ നിലകൊള്ളുമോ (എന്നത്).' (ഇമാം ബഗവി(റഹി).

'അല്ലാഹുവും അവന്റെ റസൂലും നിങ്ങളുടെ പ്രവൃത്തിയെ കാണുന്നതാകുന്നു എന്നതിന്റെ അർഥം; റസൂലി(സ്വ)നോടും വിശ്വാസികളോടുമുള്ള സ്നേഹത്താലാണോ, അവരോടുള്ള അനുകമ്പയാലാണോ, അവരെ സഹായിക്കുന്നതിലുള്ള ആഗ്രഹത്താലാണോ ആ

**ക്വുർആനിനോടും സുന്നത്തിനോടും എതിരാകുന്ന വലുതും ചെറുതുമായ ധാരാളം വിശ്വാസ-ആചാര-അനുഷ്ഠാനമുറകൾ പ്രചരിപ്പിക്കുന്ന വിവിധ പള്ളികൾ ഉള്ള സ്ഥലത്ത് തൗഹീദിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലും, അതിന്റെ പ്രചാരത്തിനായും തക്വ്‌വയുടെ അടിത്തറയിൽ ഒരു പള്ളി നിർമിക്കപ്പെട്ടാൽ അതിനെ മസ്ജിദുൻളിറാറായി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്ന ചില ഉസ്താദുമാരുണ്ട്. അത് ശരിയല്ല. ഒരു നാട്ടിൽ ആദ്യം നിർമിച്ച പള്ളിയാണ് ശരിയായതെന്നും ശേഷം നിർമിക്കപ്പെടുന്ന പള്ളികൾ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതും ഭിന്നിപ്പുണ്ടാക്കുന്നതാണെന്നുമുള്ള കണ്ടെത്തൽ തീർത്തും അബദ്ധമാണ്. എപ്പോൾ നിർമിക്കപ്പെട്ടാലും ശരി, തക്വ്‌വയിൽ അധിഷ്ഠിതമാണെങ്കിൽ മാത്രമെ ഇസ്‌ലാം വിഭാവനം ചെയ്യുന്ന പള്ളിയാകുകയുള്ളൂ.**

കാരണം ബോധിപ്പിക്കലിന്റെ സമയത്ത് അവർ അവരുടെ മനസ്സുകളിൽ ഉള്ളത് വെളിവാക്കിയിരുന്നത്? അതിനാൽ അല്ലാഹു പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ പ്രവൃത്തിയെ കാണും.' (അതായത്), നിങ്ങൾ ഇപ്പോൾ പ്രകടിപ്പിക്കുന്ന സത്യസന്ധതയും തെളിമയുമെല്ലാമാകുന്ന അവസ്ഥയിൽ നിലനിൽക്കുമോ അല്ലെങ്കിൽ നിലനിൽക്കില്ലയോ (എന്നത് അല്ലാഹു കാണുന്നതാകുന്നു)' (തഫ്സീർ ഇബ്നുകസീർ).

നബി(സ്വ)യുടെ മുമ്പിൽ വന്ന് കാരണം ബോധിപ്പിച്ച് മാന്യന്മാരാകാം എന്ന് വിചാരിച്ചവരെയും തക്കതായ കാരണത്താൽ മാറി നിൽക്കുകയും പിന്നീട് നബി(സ്വ)യോട് കാരണം ബോധിപ്പിക്കുകയും ചെയ്തവരെയും പിന്നീടുള്ള അവരുടെ ജീവിത രീതികളിൽനിന്ന് മനസ്സിലാക്കാം എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ദൃശ്യവും അദൃശ്യവും ഒരുപോലെ അറിയുന്നവൻ അല്ലാഹുമാത്രമാണ് എന്നതും ഈ വചനത്തിൽ വ്യക്തമാക്കിയതും നാം ശ്രദ്ധിക്കേണ്ട കാര്യമാണ്. മാത്രമല്ല, ഇതേ അധ്യായത്തിലെ 105ാമത്തെ ആയത്തിൽ വിശ്വാസികളെയും ചേർത്തിപ്പറഞ്ഞത് കാണാം. അപ്പോൾ എല്ലാവരുടെയും കാഴ്ച ഒരുപോലെയാണോ? അല്ല! ഈ വചനം ആരെ സംബന്ധിച്ചാണ് പറയുന്നതെന്നതും എപ്പോഴാണ് ഇറങ്ങിയതെന്നും മനസ്സിലാക്കൽ ഇതിന്റെ ദുർവ്യാഖ്യാനത്തിലെ അർഥശൂന്യത തിരിച്ചറിയാൻ സഹായകമാണ്.

തൽക്കാലം രക്ഷപ്പെടാൻ വേണ്ടി കാരണം ബോധിപ്പിക്കാൻ ശ്രമിക്കരുതെന്നും ദൃശ്യവും അദൃശ്യവും അറിയുന്നവനിലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നതെന്നും നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെ പറ്റിയും അപ്പോൾ അവൻ നിങ്ങൾക്ക് വിവരം നൽകുന്നതാണെന്നും അല്ലാഹു അറിയിക്കുന്നു. അതിനാൽ നിങ്ങൾക്ക് ഖേദവും പശ്ചാത്താപ മനഃസ്ഥിതിയും ഉണ്ടെങ്കിൽ ഭാവിയിലെ നിങ്ങളുടെ ജീവിതരീതി അല്ലാഹു നോക്കിക്കാണുകയും അതിനനുസരിച്ച് നിങ്ങളെ അവൻ പരിഗണിക്കുകയും ചെയ്യുന്നതാണ്. അതുപോലെ നിങ്ങളുടെ നേതാവായ നബി(സ്വ)യും നിങ്ങളുടെ ചെയ്തികൾ കണ്ടു മനസ്സിലാക്കുകയും അതുപ്രകാരം നിങ്ങളെ അവിടുന്ന് വിശ്വാസത്തിലെടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യുന്നതാണ്. കേവല മാപ്പപേക്ഷയിലൂടെ മാത്രം നിങ്ങളെ ഉൾകൊള്ളാൻ സാധ്യമല്ല.

കപടവിശ്വാസികളെ ആക്ഷേപിച്ചുകൊണ്ട് വീണ്ടും അല്ലാഹു പറഞ്ഞു: ''നിങ്ങൾ അവരുടെ അടുത്തേക്ക് തിരിച്ചുചെന്നാൽ നിങ്ങളോട് അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യും. നിങ്ങൾ അവരെ വിട്ടു ഒഴിഞ്ഞുകളയുവാൻ വേണ്ടിയത്രെ അത്. അതുകൊണ്ട് നിങ്ങൾ അവരെ ഒഴിവാക്കി വിട്ടേക്കുക. തീർച്ചയായും അവർ വൃത്തികെട്ടവരാകുന്നു. അവരുടെ സങ്കേതം നരകമത്രെ. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിനുള്ള പ്രതിഫലമാണത്. നിങ്ങളോടവർ സത്യം ചെയ്യുന്നത് നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയാകുവാൻ വേണ്ടിയാണ്. ഇനി നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയായാൽ തന്നെയും അല്ലാഹു അധർമകാരികളായ ജനങ്ങളെപ്പറ്റി തൃപ്തിപ്പെടുകയില്ല; തീർച്ച'' (9:96).

**കപടവിശ്വാസികളെ ആക്ഷേപിച്ചു കൊണ്ട് വീണ്ടും അല്ലാഹു പറഞ്ഞു: ''നിങ്ങൾ അവരുടെ അടുത്തേക്ക് തിരിച്ചുചെന്നാൽ നിങ്ങളോട് അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യും. നിങ്ങൾ അവരെ വിട്ടു ഒഴിഞ്ഞുകളയുവാൻ വേണ്ടിയത്രെ അത്. അതുകൊണ്ട് നിങ്ങൾ അവരെ ഒഴിവാക്കി വിട്ടേക്കുക. തീർച്ചയായും അവർ വൃത്തികെട്ടവരാകുന്നു. അവരുടെ സങ്കേതം നരകമത്രെ. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിനുള്ള പ്രതിഫലമാണത്. നിങ്ങളോടവർ സത്യം ചെയ്യുന്നത് നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയാകുവാൻ വേണ്ടിയാണ്. ഇനി നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയായാൽ തന്നെയും അല്ലാഹു അധർമകാരികളായ ജനങ്ങളെപ്പറ്റി തൃപ്തിപ്പെടുകയില്ല; തീർച്ച''** (9:96).

നിങ്ങൾ അവരിലേക്ക് മടങ്ങിച്ചെന്നാൽ അവർ നിങ്ങളോട് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് പല കാര്യങ്ങളും പറയുന്നതാണ്. എന്നാൽ അവരെ വിശ്വാസത്തിലെടുക്കരുത്. അവരെ അവഗണിച്ചേക്കണം. കാരണം, അവരുടെ മനസ്സ് മാലിന്യമാണ്. ദുഷിച്ചതേ അവർ ചിന്തിക്കൂ. ദുഷിച്ചതേ അവർ പ്ലാൻ ചെയ്യൂ. ദുഷിച്ചതിനേ അവർ ജനങ്ങളെ പ്രോത്സാഹിപ്പിക്കൂ. കളവിലൂടെയാണ് അവർ ജീവിക്കുന്നത്. അതിനാൽ തന്നെ അല്ലാഹു അവർക്ക് അവർ ചെയ്തതിനുള്ള പ്രതിഫലമായി നരകം തയ്യാർ ചെയ്തിട്ടുണ്ട്. ഇനി നിങ്ങളെ തൃപ്തിപ്പെടുത്താനായി ഏതെല്ലാം രൂപത്തിൽ സത്യം ചെയ്യുകയും

എന്നിട്ട് അവരെ അങ്ങ് തൃപ്തിപ്പെട്ടാലും അല്ലാഹു ഈ അധർമകാരികളായ കപടന്മാരെ തൃപ്തിപ്പെടുന്നതല്ല.

തുടർന്ന് അല്ലാഹുവിന്റെ റസൂലി(സ്വ)നോട് ആ കപടന്മാരോട് പറയാനായി ഇപ്രകാരം അല്ലാഹു കൽപിക്കുകയും ചെയ്തു: ''അല്ലാഹുവിന്റെ കൽപന കിട്ടുന്നതുവരെ തീരുമാനം മാറ്റിവെക്കപ്പെട്ട മറ്റുചിലരുമുണ്ട്. ഒന്നുകിൽ അവൻ അവരെ ശിക്ഷിക്കും. അല്ലെങ്കിൽ അവരുടെ പശ്ചാത്താപം സ്വീകരിക്കും. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു'' (9:106).

യുദ്ധത്തിൽനിന്നും വിട്ടുനിന്നവരിൽ നല്ലവരായ ചില സ്വഹാബിവര്യന്മാരും ഉണ്ടായിരുന്നു. ചെറിയ ഒരു അലസതയാണ് അവരെ ബാധിച്ചത്. ദീർഘ ദൂരമുണ്ടല്ലോ തബൂകിലേക്ക്. തങ്ങൾക്ക് നല്ല വാഹനവും വേഗത്തിൽ കുതിക്കുന്ന കുതിരയുമെല്ലാം ഉണ്ടല്ലോ. നബി(സ്വ)യും സ്വഹാബാക്കളും അവിടെ എത്തുമ്പോഴേക്ക് തങ്ങൾക്കും എത്താൻ സാധിക്കും. അതിനാൽ അൽപം കഴിഞ്ഞ് പോകാം എന്ന് വിചാരിച്ച് പിന്തിനിന്നവരായിരുന്നു അവർ. അവർ യുദ്ധത്തിന് പോകണം എന്ന് ആത്മാർഥമായി തീരുമാനിച്ചവർ തന്നെയായിരുന്നു. ആ കൂട്ടത്തിൽ പ്രഗത്ഭരായ മൂന്ന് സ്വഹാബിമാർ ഉണ്ടായിരുന്നു. കഅ്ബ് ഇബ്‌നു മാലിക്(റ), ഹിലാൽ ഇബ്‌നു ഉമയ്യ അൽവാക്വിഫിയ്യ്(റ), മുറാറ ഇബ്‌നുർറബീഅ് അൽഅംരിയ്യ്(റ) എന്നിവരായിരുന്നു ആ മൂന്ന് സ്വഹാബിമാർ. മറ്റു ചില സ്വഹാബിമാരും ഉണ്ടായിരുന്നു.

ഈ മൂന്ന് സ്വഹാബിമാർ തബൂകിലേക്ക് പോകാതിരിക്കാനുള്ള കാരണം എന്തായിരുന്നു? അവർ പോകാം... ചെയ്യാം... എന്നിങ്ങനെ ചിന്തിച്ചിരുന്നു. ഉച്ചക്കാകാം, വൈകുന്നേരമാകാം, രാത്രിയാകാം, നാളെയാകാം എന്നിങ്ങനെ അവർ കണക്കു കൂട്ടി. അവസാനം അവർക്ക് തബൂകിലേക്ക് പോകാൻ സാധിച്ചില്ല.

തബൂകിൽനിന്നും നബി(സ്വ) മദീനയിൽ തിരിച്ചെത്തി. നമസ്‌കാരം നിർവഹിച്ചു. ശേഷം അവിടുന്ന് പള്ളിയിൽ ഇരിക്കുന്ന സന്ദർഭത്തിൽ ഓരോരുത്തരും വന്ന് നബി(സ്വ)യോട് കാരണം ബോധിപ്പിച്ച് സംസാരിക്കാൻ തുടങ്ങി. പലരുടെയും കാര്യം നബി(സ്വ) അല്ലാഹുവിലേക്ക് ഏൽപിച്ചു. പലരുടെയും കാരണങ്ങളെ നബി(സ്വ) ഉൾകൊള്ളുകയും സ്വീകരിക്കുകയും ചെയ്തു. എന്നാൽ നേരത്തെ സൂചിപ്പിച്ച മൂന്നുപേരുടെ സ്ഥിതി വ്യത്യസ്തമായിരുന്നു. കഅ്ബ്(റ) ആ സംഭവം വിവരിക്കുന്നത് കാണുക:

അബ്ദുല്ലാഹിബ്‌നു കഅ്ബ് ഇബ്‌നു മാലികി(റ)ൽനിന്ന് നിവേദനം: ''കഅബ് ഇബ്‌നു മാലിക് അന്ധനായി മാറിയ സന്ദർഭത്തിൽ മക്കളായിരുന്നു അദ്ദേഹത്തെ സംരക്ഷിച്ചിരുന്നത്. തബൂക് യുദ്ധവേളയിൽ അല്ലാഹുവിന്റെ റസൂലി(സ്വ)ൽനിന്ന് പിന്തിനിന്ന സംഭവം അദ്ദേഹം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: തബൂക് യുദ്ധത്തിലൊഴികെ ഒരു യുദ്ധത്തിലും അല്ലാഹുവിന്റെ റസൂലി(സ്വ)നെ തൊട്ട് ഞാൻ പിന്തിനിന്നിട്ടില്ല. ബദ്ർ യുദ്ധത്തിൽ ഞാൻ പങ്കെടുത്തിരുന്നില്ല. ബദ്‌റിൽ പങ്കെടുക്കാത്തതിന്റെ പേരിൽ ആരെയും ആക്ഷേപിച്ചിട്ടില്ലല്ലോ. (ബദ്‌റിലേക്ക് പുറപ്പെടുമ്പോൾ) നബി(സ്വ)യും മുസ്‌ലിംകളും ക്വുറയ്ശികളുടെ കച്ചവട സംഘത്തെ ഉദ്ദേശിച്ചു പുറപ്പെട്ടതായിരുന്നു. (എന്നാൽ) അല്ലാഹു അവരെയും ശത്രുക്കളെയും കൂട്ടിമുട്ടിച്ചു. ഇസ്‌ലാമിന്റെ പേരിൽ കരാറിലേർപ്പെട്ട അക്വബയുടെ രാത്രിയിൽ ഞാനും നബി(സ്വ)യുടെ കൂടെയുണ്ടായിരുന്നു. ബദ്‌റിലെ പങ്കാളിത്തത്തിന് ഞാൻ ഇതിനെക്കാൾ പ്രാധാന്യം നൽകിയിരുന്നില്ല. ബദ്‌റിനാണ് ജനങ്ങൾക്കിടയിൽ കൂടുതൽ സ്മരിക്കപ്പെട്ടിരുന്നത്.

തബൂക് യുദ്ധത്തിൽ അല്ലാഹുവിന്റെ റസൂലി(സ്വ)നെ തൊട്ട് ഞാൻ പിന്തിനിന്ന എന്റെ കാര്യം ഇതായിരുന്നു: അന്ന് ഞാൻ ഒരിക്കലുമില്ലാത്ത വിധം ആരോഗ്യവാനും സമ്പന്നനുമായിരുന്നു. അല്ലാഹുവാണെ സത്യം, അതിന് മുമ്പൊന്നും എനിക്ക് രണ്ട് വാഹനങ്ങൾ ഉണ്ടായിരുന്നില്ല. ആ യുദ്ധത്തിൽ പങ്കെടുക്കാനായി ഞാൻ രണ്ടു വാഹനങ്ങൾ തയ്യാറാക്കിയിരുന്നു. (സാധാരണ ഗതിയിൽ) യുദ്ധത്തിന് പുറപ്പെടുന്ന സമയത്ത് അല്ലാഹുവിന്റെ റസൂൽ(സ്വ) വ്യംഗമായി സൂചിപ്പിക്കലായിരുന്നു പതിവ്. എന്നാൽ ഈ യുദ്ധം കഠിനമായ ഉഷ്ണകാലത്തായിരുന്നു. മരുഭൂമിയിലൂടെ ദീർഘമായി യാത്രചെയ്യേണ്ടതും ഉണ്ടായിരുന്നു. ശത്രു സൈന്യം ധാരാളവും. ഈ കാരണത്താൽ യുദ്ധോപകരണങ്ങൾ ഒരുക്കാനായി നബി(സ്വ) മുസ്‌ലിംകളോട് യുദ്ധകാര്യം വ്യക്തമാക്കി പറഞ്ഞു. ലക്ഷ്യസ്ഥാനവും വ്യക്തമാക്കി.

ഒരു രേഖയിൽ ഉൾകൊള്ളാനാവാത്തവിധം ധാരാളം മുസ്‌ലിം യോദ്ധാക്കൾ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെയുണ്ടായിരുന്നു. കഅ്ബ്(റ) പറയുന്നു: ആരെങ്കിലും അപ്രത്യക്ഷമാകാൻ ഉദ്ദേശിക്കുന്ന പക്ഷം എളുപ്പത്തിൽ അപ്രത്യക്ഷമാകാമായിരുന്നു. അല്ലാഹുവിൽനിന്ന് വഹ്‌യ് ഇറങ്ങിയില്ലെങ്കിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) അത് അറിയില്ലെന്ന് അത്തരക്കാർ ഊഹിച്ചു. അല്ലാഹുവിന്റെ റസൂൽ(സ്വ) ഈ യുദ്ധത്തിന് പുറപ്പെടുന്നത് ഈന്തപ്പനകൾ കുലക്കുന്ന, നിഴലുകൾക്ക് കനം കൂടുന്ന സന്ദർഭത്തിലായിരുന്നു. എനിക്ക് അവയിൽ അതീവ താൽപര്യമായിരുന്നു. നബി(സ്വ)യും മുസ്‌ലിംകളും യുദ്ധോപകരണങ്ങൾ ഒരുക്കിക്കൊണ്ടിരുന്നു. പ്രഭാതത്തിൽ ഞാനും യുദ്ധസന്നാഹങ്ങൾക്കായി പുറപ്പെടുമായിരുന്നെങ്കിലും വൈകുന്നേരം മടങ്ങുമ്പോൾ ഒരുക്കങ്ങൾക്കൊന്നും ചെയ്തിട്ടുണ്ടായിരിക്കുകയില്ല. ഞാൻ ഉദ്ദേശിക്കുമ്പോൾ,

എനിക്ക് അതിന് സാധിക്കാമല്ലോ എന്ന് ഞാൻ സ്വയം പറഞ്ഞു. ഈ അവസ്ഥയിൽ ദിവസങ്ങൾ കഴിഞ്ഞു. മുസ്‌ലിംകൾ അന്തിമമായി യാത്രക്ക് ഒരുങ്ങി. അങ്ങനെ അല്ലാഹുവിന്റെ റസൂലും മുസ്‌ലിംകളും പ്രഭാതത്തിൽ യാത്രയായി. ഞാൻ തീരെ ഒരുങ്ങിയിട്ടുണ്ടായിരുന്നില്ല. ഞാൻ പ്രഭാതത്തിൽ പുറപ്പെടുകയും ഒന്നും ഒരുങ്ങാതെ തിരിച്ചുപോരുകയും ചെയ്യും. സമയം അതിക്രമിച്ചു. മുസ്‌ലിം സൈന്യം ധൃതിയിൽ മുന്നേറി. യുദ്ധം എന്റെ പിടുത്തത്തിൽനിന്ന് അകലുന്നുവെന്ന് കണ്ടപ്പോൾ എത്രയും വേഗം യാത്ര ചെയ്ത് അവരെ കണ്ടെത്താമെന്ന് ഞാൻ വിചാരിച്ചു. ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! പക്ഷേ, എനിക്ക് അതിന് ഭാഗ്യമുണ്ടായിരുന്നില്ല.

അല്ലാഹുവിന്റെ റസൂൽ(സ്വ) പോയശേഷം പുറത്തിറങ്ങിയപ്പോൾ കണ്ട കാഴ്ച എന്നെ ദുഃഖിപ്പിക്കുന്നതായിരുന്നു. കാപട്യം ആരോപിക്കപ്പെടുന്ന ചിലരെയോ, അല്ലാഹു ഒഴിവ്കഴിവ് നൽകിയ ദുർബല വിഭാഗത്തെയോ അല്ലാതെ എന്റെ കൂട്ടാളികളായി ഞാൻ കണ്ടില്ല. തബൂകിൽ എത്തുന്നതുവരെ അല്ലാഹുവിന്റെ റസൂൽ(സ്വ) എന്നെ ഓർത്തില്ല. തബൂകിൽ എത്തിയ ശേഷം അവിടുന്ന് ജനങ്ങളോട് ചോദിച്ചു: 'കഅ്ബ് ഇബ്നു മാലികിന് എന്തുപറ്റി?' ബനൂ സലമയിൽ നിന്നുള്ള ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, കരിമ്പടവും ആഡംബരവും അഹന്തയും അദ്ദേഹത്തെ തടഞ്ഞിരിക്കുന്നു.' നീ പറഞ്ഞത് വളരെ മോശമായിപ്പോയി, അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ റസൂലേ, നന്മയല്ലാതെ അദ്ദേഹത്തെക്കുറിച്ച് ഞങ്ങൾക്കറിയില്ല' മുആദ് ഇബ്നു ജബൽ(റ) പറഞ്ഞു. അല്ലാഹുവിന്റെ റസൂൽ(സ്വ) മൗനം പാലിച്ചു. ഞങ്ങൾ അങ്ങനെയായിരിക്കെ ഒരു ശുഭ്രവസ്ത്രധാരി മരീചികയെ വകഞ്ഞ് മാറ്റിക്കൊണ്ട് വരുന്നതായി കണ്ടു. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'അത് അബൂഖയ്ഥമയാകട്ടെ.' അത് അബൂഖയ്ഥമതുൽ അൻസ്വാരിയായിരുന്നു. ഒരു സ്വാഅ് കാരക്ക ധർമം ചെയ്തതിന്റെ പേരിൽ കപടവിശ്വാസികൾ കുത്തുവാക്ക് പറഞ്ഞയാളായിരുന്നു. കഅ്ബ്(റ) പറയുന്നു: 'അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) തബൂകിൽ നിന്ന് തിരിച്ച് വരുന്ന വിവരം ലഭിച്ചപ്പോൾ എനിക്ക് വിഷമമായി. അപ്പോൾ ഞാൻ കള്ള (സൂത്രങ്ങൾ പലതും) ഓർത്തു. ഞാൻ പറയുന്നുണ്ടായിരുന്നു: നാളെ അവിടുത്തെ കോപത്തിൽനിന്നും എന്തുകൊണ്ടാണ് ഞാൻ പുറത്തുകടക്കുക (രക്ഷപ്പെടുക)? അതിനായി എന്റെ കുടുംബത്തിൽ പെട്ട ചിന്തകന്മാരുടെ സഹായവും തേടി. അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) തിരിച്ചെത്തിയ വിവരം കിട്ടിയപ്പോൾ എന്നിൽനിന്നും ആ കളവുകളെല്ലാം മാഞ്ഞു. നബി(സ്വ)യിൽനിന്ന് അവകൊണ്ടൊന്നും ഞാൻ ഒരിക്കലും രക്ഷപ്പെടില്ലെന്ന് ഞാൻ മനസ്സിലാക്കുകയും ചെയ്തു. അങ്ങനെ ഞാൻ അതിന്റെ സത്യാവസ്ഥ ഒരുമിപ്പിച്ചു. അല്ലാഹുവിന്റെ റസൂൽ(സ്വ) പ്രഭാതത്തിൽ വരികയും ചെയ്തു. അവിടുന്ന് ഒരു യാത്ര കഴിഞ്ഞെത്തിയാൽ പള്ളിയിൽ (വരികയും) രണ്ട് റക്അത് നിസ്കരിച്ച് ജനങ്ങൾക്ക് (സംസാരിക്കാനായി) ഇരിക്കലുമാണ് ആദ്യം ചെയ്യാറ്. അങ്ങനെ അതുപ്രകാരം അവിടുന്ന് ചെയ്തു. (യുദ്ധത്തിൽ നിന്ന്) പിന്തിനിന്നവർ അവിടുത്തെ സമീപിക്കുകയും അവിടുത്തോട് കാരണം ബോധിപ്പിക്കുകയും അവിടുത്തോട് സത്യം ചെയ്ത് പറയുകയും ചെയ്യാൻ തുടങ്ങി. അവർ എൺപത് പേരുണ്ടായിരുന്നു. അവരുടെ (സംസാരത്തിന്റെ) പ്രത്യക്ഷ (സ്വഭാവത്തെ പരിഗണിച്ച്) അവരിലെ (കാരണങ്ങളെ) അവിടുന്ന് പരിഗണിച്ചു. അവിടുന്ന് അവരോട് ബയ്അത് ചെയ്യുകയും അവർക്കായി പാപമോചനം തേടുകയും അവരുടെ പരോക്ഷാവസ്ഥ അല്ലാഹുവിലേക്ക് ഏൽപിക്കുകയും ചെയ്തു. അങ്ങനെ ഞാൻ (നബി(സ്വ)യിലേക്ക് വന്നു. ഞാൻ സലാം പറഞ്ഞപ്പോൾ കുപിതൻ ചിരിക്കുന്നത് പോലെ അവിടുന്ന് (എന്നോട്) ചിരിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു: 'വരൂ.' അപ്പോൾ ഞാൻ നടന്ന് ചെല്ലുകയും അവിടുത്തെ മുമ്പിൽ ഇരിക്കുകയും ചെയ്തു. എന്നിട്ട് എന്നോട് ചോദിച്ചു: 'താങ്കളെ പിന്തിപ്പിച്ച് നിർത്തിയ കാരണം എന്താണ്? താങ്കൾ വാഹനം തയ്യാർ ചെയ്തിരുന്നല്ലോ!' കഅ്ബ്(റ) പറയുന്നു; ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവാണെ സത്യം, ദുൻയാവിലെ മറ്റാരുടെയെങ്കിലും സമീപത്താണ് ഞാൻ (ഇപ്പോൾ) ഇരിക്കുന്നതെങ്കിൽ അയാളുടെ ദേഷ്യത്തിൽനിന്ന് രക്ഷപ്പെടാനായി പല കാരണങ്ങളും ഞാൻ കണ്ടെത്തുമായിരുന്നു. (അങ്ങനെ) തർക്കത്തിനുള്ള (കഴിവ്) എനിക്ക് നൽകപ്പെട്ടിട്ടുമുണ്ട്. പക്ഷേ, അല്ലാഹുവാണെ സത്യം! അങ്ങ് തൃപ്തിപ്പെടുന്ന വിധത്തിൽ ഞാൻ ഇന്ന് ഒരു കളവ് അങ്ങയോട് പറയുകയാണെങ്കിൽ അല്ലാഹു എന്റെ മേൽ അങ്ങയെ കോപിപ്പിച്ചേക്കുമോ എന്ന് ഞാൻ മനസ്സിലാക്കുന്നു. ഇനി ഞാൻ അങ്ങയോട് സത്യം പറഞ്ഞാലോ അങ്ങേക്ക് എന്റെ മേൽ വല്ലതും തോന്നുകയും ചെയ്തേക്കാം. അതിനാൽ അല്ലാഹുവിന്റെ (അടുക്കൽ നിന്നുള്ള നല്ല) പര്യവസാനമാണ് ഞാൻ ആഗ്രഹിക്കുന്നത്. അല്ലാഹുവാണെ സത്യം, എനിക്ക് ഒരു ഒഴികഴിവും ഉണ്ടായിരുന്നില്ല. അല്ലാഹുവാണെ സത്യം, അങ്ങയിൽനിന്ന് ഞാൻ പിന്തിനിന്ന സന്ദർഭത്തെക്കാൾ ഞാൻ ഏറ്റവും കൂടുതൽ സൗകര്യമുള്ളവനും ആരോഗ്യമുള്ളവനും ആയിട്ടില്ല തന്നെ...'' (തുടരും)



ലേഖനം

# വിശുദ്ധിയുടെ വ്രതനാളുകൾ; നാം ഒരുങ്ങിയോ?

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

വിശ്വാസികൾ കിഴക്കൻ ചക്രവാളത്തിലുദിക്കുന്ന റമദാൻ ഹിലാലിനെ പ്രതീക്ഷിച്ചിരിക്കുകയാണ്. വിശുദ്ധ റമദാനിനെ സന്തോഷത്തോടെ സ്വീകരിക്കാൻ...! നന്മകൾ നിറഞ്ഞ റമദാനിനെ വാരിപ്പുണരാനവർ വെമ്പൽകൊള്ളുന്നു.

ജീവിത സാഹചര്യങ്ങളിൽ വന്നുപോയ പാപക്കറകൾ മായ്ക്കാനുള്ള അസുലഭാവസരം. സഹജീവികളായ നിർധനരിലേക്ക് സഹായാസ്തങ്ങൾ നീട്ടി പുണ്യം കൊയ്തെടുക്കാനുള്ള സുവർണാവസരം. മാനവർക്കുള്ള മാർഗദർശന ഗ്രന്ഥമായ ക്വുർആനിനെ പഠിക്കാനും ഗ്രഹിക്കാനും കൂടുതൽ അവസരമൊരുങ്ങുന്ന മാസം.

അതെ, വരാനിരിക്കുന്നത് സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്ന സുദിനങ്ങളാണ്... തിന്മകളെ പ്രചോദിപ്പിക്കുന്ന പിശാചിനെ പിടിച്ചുകെട്ടുന്ന ദിനരാത്രങ്ങൾ... ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ലൈലതുൽ ക്വദ്റിനാൽ അനുഗൃഹീതമായ റമദാൻ... നന്മവാഹകരേ, കൂടുതൽ ആവേശത്തോടെ പുണ്യങ്ങളധികരിപ്പിക്കൂ; ദോഷികളേ, തിന്മകളിൽനിന്നകലൂ എന്ന് വിളംബരം ചെയ്യപ്പെടുന്ന ഏതാനും ദിനരാത്രങ്ങൾ... സ്വർഗത്തിന്റെ എട്ട് കവാടങ്ങളിൽ ഒന്നായ റയ്യാനിന്റെ കവാടം മലർക്കെ തുറക്കപ്പെട്ട് ആത്മാർഥമായി വ്രതമനുഷ്ഠിച്ചവരെ മാടിവിളിക്കുന്ന റമദാൻ...

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ സമ്മാനമാണ് പുണ്യങ്ങൾ നിറഞ്ഞൊഴുകുന്ന റമദാൻ. പൂർവികരെ ഈമാനികമായി വിമലീകരിച്ച വ്രതാനുഷ്ഠാനമാണല്ലോ റമദാനിലെ പ്രധാന ആരാധന. ആത്മീയ വിശുദ്ധിയും സൂക്ഷ്മതാബോധവും വർധിപ്പിക്കാനാണല്ലോ റമദാൻ വ്രതം. അല്ലാഹു പറയുന്നു:

''സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്'' (അൽബക്വറ 183).

വിശ്വാസികളേ, നന്മകളെല്ലാം വാരിക്കൂട്ടാൻ ഒരുങ്ങിയോ നാം? താഴെ കൊടുക്കുന്ന ക്വുർആൻ സൂക്തങ്ങളുടെ ആശയങ്ങൾ വ്യക്തമാക്കുന്നവരോടൊപ്പമാണോ നാം എന്ന് പരിശോധിക്കുക:

''തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ, തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ

വിശ്വസിക്കുന്നവരും തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നന്മകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും'' (അൽമുഅ്മിനൂൻ 57-61).

നമ്മുടെ ആയുസ്സിൽ എത്ര റമദാൻ അവശേഷിപ്പുണ്ടെന്ന് നമുക്കറിയില്ലല്ലോ! നമ്മുടെ ജീവിതത്തിലെ അവസാന റമദാനാണെന്ന ബോധ്യത്തോടെ വരാൻ പോകുന്ന റമദാനിനെ നാം വരവേൽക്കുക.

നശ്വരമായ ദുൻയാവിന് വേണ്ടി കൂടുതൽ ലാഭം ലഭിക്കുന്ന അവസരങ്ങളെ നാം പ്രയോജനപ്പെടുത്തുന്നതിനെക്കൾ അനശ്വരമായ പരലോക രക്ഷക്കായി റമദാനെന്ന നന്മയുടെ അവസരത്തെ പരമാവധി നാം പ്രയോജനപ്പെടുത്തുക.

ഐഹിക ജീവിതത്തിലെ നിർണായകമായ പരീക്ഷക്ക് വേണ്ടി മാസങ്ങൾക്ക് മുമ്പേ നാം ഒരുങ്ങുന്നതിനെക്കാൾ നന്നായി റമദാനിന് വേണ്ടി നാം ഒരുങ്ങുക.

നബി(സ്വ) റമദാനിന്റെ മുമ്പുള്ള ശഅ്ബാനിൽ നോമ്പും മറ്റു പുണ്യകർമങ്ങളും അധികമായി ചെയ്ത് ഒരുങ്ങിയിരുന്നുവെന്ന് ഹദീഥുകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യവും നാമും എവിടെ നിൽക്കുന്നുവെന്ന് ആലോചിക്കുക.

റമദാനിന് മുമ്പേ പള്ളികളും വീടുകളും വീട്ടുപകരണങ്ങളും പ്രത്യേകമായി വൃത്തിയാക്കുകയും സജ്ജമാക്കുകയും ചെയ്യുന്നത് പോലെ റമദാനിനായി നമ്മുടെ മനസ്സും വിശ്വാസവും കർമങ്ങളും നിയ്യത്തും ശുദ്ധീകരിച്ചുവോ?

റമദാനിന്റെ പുണ്യദിനരാത്രങ്ങൾ പ്രയോജനപ്പെടുത്താനായി മുന്നൊരുക്കവും സമയക്രമീകരണവും ചെയ്യാനുദ്ദേശിക്കുന്ന നന്മകളുടെ കൃത്യമായ രൂപവും നാം മുമ്പേ പ്ലാൻ ചെയ്യണം.

**വരാനിരിക്കുന്നത് സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്ന സുദിനങ്ങളാണ്... തിന്മകളെ പ്രചോദിപ്പിക്കുന്ന പിശാചിനെ പിടിച്ചുകെട്ടുന്ന ദിനരാത്രങ്ങൾ... ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ലൈലതുൽ ക്വദ്റിനാൽ അനുഗൃഹീതമായ റമദാൻ... നന്മവാഹകരേ, കൂടുതൽ ആവേശത്തോടെ പുണ്യങ്ങളധികരിപ്പിക്കൂ; ദോഷികളേ, തിന്മകളിൽനിന്നകലൂ എന്ന് വിളംബരം ചെയ്യപ്പെടുന്ന ഏതാനും ദിനരാത്രങ്ങൾ... സ്വർഗത്തിന്റെ എട്ട് കവാടങ്ങളിൽ ഒന്നായ റയ്യാനിന്റെ കവാടം മലർക്കെ തുറക്കപ്പെട്ട് ആത്മാർഥമായി വ്രതമനുഷ്ഠിച്ചവരെ മാടിവിളിക്കുന്ന റമദാൻ...**

എങ്കിൽ റമദാനിനെ നല്ലരൂപത്തിൽ അനുഭവിക്കാൻ നമുക്ക് സാധിക്കും. മാത്രമല്ല; എന്തെങ്കിലും കാരണത്താൽ ആ നന്മകളിൽ ഏതെങ്കിലും കർമങ്ങൾ ചെയ്യാൻ സാധിച്ചില്ലെങ്കിലും നമ്മുടെ ഉദ്ദേശത്തിന് പ്രതിഫലം ലഭിക്കും.

റസൂലുല്ലാഹ്(സ്വ) പറയുന്നു: ''നിശ്ചയം! അല്ലാഹു നന്മകളും തിന്മളും നിർണയിച്ചിരിക്കുന്നു. ശേഷം അത് വിശദീകരിക്കുകയും ചെയ്തു. ആരെങ്കിലും ഒരു നന്മ ചെയ്യാനുദ്ദേശിച്ചു. പക്ഷേ, അത് ചെയ്തില്ലെങ്കിലും അതിന് അല്ലാഹു അവന്റെയടുത്ത് ഒരു പൂർണ നന്മയായി രേഖപ്പെടുത്തും. ആരെങ്കിലും ഒരു നന്മ ഉദ്ദേശിച്ചു, എന്നിട്ട് അവനത് ചെയ്യുകയും ചെയ്താൽ അല്ലാഹു അവന്റെയടുത്ത് പത്ത് മുതൽ എഴുന്നൂറ് ഇരട്ടിയായി അത് രേഖപ്പെടുത്തും. തീർന്നില്ല, അതിനെ ഇരട്ടിയിരട്ടിയായി രേഖപ്പെടുത്തുന്നതാണ്.''

നമ്മുടെ സമയം അമൂല്യമാണ്. കൊഴിഞ്ഞുപോയ ഒരു നിമിഷം പോലും തിരിച്ചുകിട്ടില്ല. അതിനാൽ സമയത്തെ കൃത്യതയോടെ ഉപയോഗപ്പെടുത്തുക. റമദാനിലെ സമയത്തെ -രാപ്പകൽ വ്യത്യാസമില്ലാതെ- പ്രയോജനപ്പെടുത്തുക. ദിനേന ക്വുർആൻ പാരായണം ചെയ്യാനായി ഒരു കൃത്യസമയം നിശ്ചയിച്ച് സമയത്തെ പ്രയോജനപ്പെടുത്തുക.

ഒരു കവിയുടെ വരികളുടെ ആശയം എത്ര യാഥാർഥ്യമാണ്:

'ഹൃദയമിടിപ്പുകൾ അവനോടോതുന്നു... നിശ്ചയം ജീവിതം മിനുട്ടുകളും നിമിഷങ്ങളുമല്ലയോ...! മരണശേഷ രക്ഷക്കായി അതിനെ പ്രയോജനപ്പെടുത്തൂ... ആ ഓർമ മനുഷ്യന്റെ രണ്ടാം ആയുസ്സല്ലയോ...'

ജീവിതത്തിന്റെ ഫിനിഷിംഗ് പോയന്റിലേക്ക് കിതച്ചോടിക്കൊണ്ടിരിക്കുന്ന മനുഷ്യരേ, സമയം സോഷ്യൽ മീഡിയിൽ മുഴുകി പാഴാക്കാതിരിക്കൂ.

സ്രഷ്ടാവായ അല്ലാഹുവിന്റെ മാനവരിലേക്കുള്ള സന്ദേശമാണല്ലോ ക്വുർആൻ. മറ്റു കാര്യങ്ങളെല്ലാം മാറ്റിവെച്ച് റമദാനിന്റെ പുണ്യ ദിനരാത്രങ്ങളിൽ ക്വുർആൻ ഓതി ഖതം തീർക്കാൻ ശ്രമിക്കൂ...

മഹാനായ ഇമാം മാലിക് റമദാനിൽ മദീന പള്ളിയിലെ ദർസുകളെല്ലാം നിറുത്തിവെച്ച് ക്വുർആൻ പാരായണം ചെയ്യുമായിരുന്നുവെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നമ്മളും ക്വുർആൻ പാരായണം ചെയ്യാൻ പരിശ്രമിക്കേണ്ടതില്ലേ.

റമദാൻ വീണ്ടുവിചാരത്തിനുള്ള അവസരമാണ്. കഴിഞ്ഞ റമദാൻ മുതൽ ഈ റമദാൻവരെയുള്ള നമ്മുടെ കർമങ്ങളുടെ കണക്കുപുസ്തകം പരിശോധി

ക്കാനുള്ള അവസരം. നമ്മുടെ സമ്പത്ത്, സമയം, ആയുസ്സ്, അനുഗ്രഹങ്ങൾ, കടമകൾ, ബാധ്യതകൾ, കണ്ണ്, കാത്, ശരീരം മുതലായവ പരിശോധിക്കപ്പെടണം, വിചാരണ ചെയ്യപ്പെടണം. 'നിങ്ങൾ സ്വയം വിചാരണ ചെയ്യൂ; നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നതിന് മുമ്പ്, അതാണ് പരലോകത്തെ വിചാരണ എളുപ്പമാവാൻ നല്ലത്' എന്ന് നമ്മുടെ മുൻഗാമികളിൽ പെട്ട പലരും പറഞ്ഞതായി കാണാം.

റമദാനിലെ വ്രതവും മറ്റു ആരാധനാ കർമങ്ങളും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടാനാവശ്യമായ വിധിവിലക്കുകൾ പഠിക്കൽ വിശ്വാസികളുടെ ബാധ്യതയാണെന്ന് ഓർക്കുക. കാരണം, പറയുന്നതിനും ചെയ്യുന്നതിനും മുമ്പേ അറിവ് അത്യാവശ്യമാണ്.

റമദാൻ വ്രതം വെറും വിശപ്പും ദാഹവും സഹിക്കലല്ല. മനസ്സിനെ വിമലീകരിക്കൽ കൂടിയാണ്. തക്‌വ (സൂക്ഷ്മതാ ബോധം) കൈവരിക്കലും ഇസ്‌ലാമിക ശരീഅത്തിനോടുള്ള അടുപ്പം വർധിക്കലും അതുകൊണ്ട് സാധ്യമാകണം. അതിനാൽ നമ്മുടെ മനസ്സിനും വിചാരവികാരങ്ങൾക്കും, കണ്ണുകൾക്കും കാതുകൾക്കും ശരീരം മുഴുക്കെയും വ്രതമുണ്ട്. അങ്ങനെയാണോ നാം വ്രതമനുഷ്ഠിക്കാറുള്ളത്?

നബി(സ്വ) പറഞ്ഞു: "ചീത്ത വർത്തമാനവും മ്ലേച്ഛമായ പ്രവർത്തനങ്ങളും അവിവേകവും ഉപേക്ഷിക്കാത്തവൻ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി).

കർമങ്ങളുടെ സ്വീകാര്യതക്ക് തടസ്സം നിൽക്കുന്ന കാരണങ്ങൾ തിരിച്ചറിഞ്ഞ് അവ ഉപേക്ഷിച്ച് കർമങ്ങൾ സ്വീകാര്യയോഗ്യമാക്കുക. അതിൽ പ്രധാനം ബിദ്അത്ത്, ലോകമാന്യം, കുടുംബബന്ധവിഛേദനം പോലെയുള്ളതാണ്.

ഒരുപാട് പ്രതിസന്ധികളിലൂടെയാണ് മുസ്‌ലിം സമുദായം കടന്ന് പോവുന്നത്. പ്രത്യേകിച്ച് നമ്മുടെ രാജ്യത്ത്. എല്ലാ മേഖലകളിലുമത് പ്രകടമാണ്. റമദാനിൽ ഈമാനികമായി വിശുദ്ധി നേടി വിമലീകരിക്കപ്പെട്ട് ശുദ്ധമനസ്സോടെ ആത്മാർഥമായി അല്ലാഹുവിനോട് കരളുരുകി, കണ്ണുനീർ വാർത്ത് പ്രാർഥിക്കുക. സർവോപരി അല്ലാഹുവിന്റെ തൗഫീഖിനായി നാം പ്രാർഥിക്കുക:

"അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിനക്ക് നന്ദി ചെയ്യാനും നല്ലരൂപത്തിൽ നിന്നെ ആരാധിക്കാനും എന്നെ നീ സഹായിക്കേണമേ"- ഇത് രാവിലെയും വൈകുന്നേരവും കഴിയുന്ന മറ്റു സമയങ്ങളിലും പ്രാവർത്തികമാക്കുക. അങ്ങനെ റമദാൻ നമ്മിൽനിന്ന് വിടപറയുന്ന സന്ദർഭത്തിൽ പാപങ്ങളിൽനിന്ന് കൂടി വിടപറയുവാൻ കഴിയണം. അതിനായി പണിയെടുക്കുകയും ആത്മാർഥമായി പ്രാർഥിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

**നമ്മുടെ ആയുസ്സിൽ എത്ര റമദാൻ അവശേഷിപ്പുണ്ടെന്ന് നമുക്കറിയില്ലല്ലോ! നമ്മുടെ ജീവിതത്തിലെ അവസാന റമദാനാണെന്ന ബോധ്യത്തോടെ വരാൻ പോകുന്ന റമദാനിനെ നാം വരവേൽക്കുക. നശ്വരമായ ദുൻയാവിന് വേണ്ടി കൂടുതൽ ലാഭം ലഭിക്കുന്ന അവസരങ്ങളെ നാം പ്രയോജനപ്പെടുത്തുന്നതിനെക്കൾ അനശ്വരമായ പരലോക രക്ഷക്കായി റമദാനെന്ന നന്മയുടെ അവസരത്തെ പരമാവധി നാം പ്രയോജനപ്പെടുത്തുക. ഐഹിക ജീവിതത്തിലെ നിർണായകമായ പരീക്ഷക്ക് വേണ്ടി മാസങ്ങൾക്ക് മുമ്പേ നാം ഒരുങ്ങുന്നതിനെക്കാൾ നന്നായി റമദാനിന് വേണ്ടി നാം ഒരുങ്ങുക.**





# പുത്രസ്നേഹം അന്ധമാകരുത്

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
✆ : 99460 42525

സമ്പത്തുകൊണ്ടും പുത്രഭാഗ്യംകൊണ്ടും അനുഗൃഹീതനായിരുന്നു പോക്കർ ഹാജി. പാരമ്പര്യമായി കിട്ടിയ ഏക്കറുകൾ പരന്നുകിടക്കുന്ന കൃഷിഭൂമി, നാട്ടിലെ പ്രമാണി, ധാരാളം സേവകൻമാർ, തലയാട്ടിനിന്ന് മറുത്തൊരഭിപ്രായവും പറയാത്ത ശിങ്കിടികൾ, പോരാത്തതിന് ഈ സമ്പത്തിനെല്ലാം അനന്തരാവകാശിയായി ഏകമകനും...

ഒരു വ്യക്തിക്ക് അഹങ്കാരിയായി മാറാനാകുമോ എന്നറിയാനുള്ള എല്ലാ പരീക്ഷണങ്ങളും ഒന്നിച്ച് വന്നിരിക്കുന്നു. പോക്കർ ഹാജി എല്ലാ അർഥത്തിലും തന്റെ കഴിവിലും സമ്പത്തിലും പാരമ്പര്യത്തിലും പുത്രസൗഭാഗ്യത്തിലും അൽപം അഹങ്കരിച്ചു.

കാസിം പോക്കർ ഹാജിയുടെ അയൽവാസിയും സാമ്പത്തിക നിലയിൽ ശരാശരിക്കാരനുമായിരുന്നു, മൂന്ന് പെൺകുട്ടികളുടെ പിതാവും. ദൈവഭക്തനായിരുന്ന കാസിമിനെ കാണുമ്പോഴെല്ലാം പോക്കർ ഹാജി ഒന്നു 'കുത്തി സംസാരിക്കും.' തന്റെ സൗഭാഗ്യങ്ങളും ഏകമകനായതിനാലുള്ള ഭാവിഭദ്രതയും ഒക്കെത്തന്നെ വിഷയം. വീണ്ടും വീണ്ടും പെൺകുട്ടികൾ ജനിക്കുന്ന കാസിമിന് ഒരുപദേശവും; 'ഇനിയും കാത്തിരിക്കണ്ട, അങ്ങട്ട് നിർത്തിക്കളാ...' എത്രയോ കഥകളിൽ വിരിഞ്ഞ ഈ ഭാവന നമുക്കു ചുറ്റും ഒന്നല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കുന്ന യാഥാർഥ്യമാണ്.

മനുഷ്യന് നൽകപ്പെടുന്ന അനുഗ്രഹങ്ങളിലെ അതിശ്രേഷ്ഠമായ ഒന്നാണ് സന്താന സൗഭാഗ്യം. ഓരോ അനുഗ്രഹത്തിനും കൂടുതൽ കൂടുതൽ നന്ദി കാണിക്കേണ്ട മനുഷ്യൻ വഴിതെറ്റാതിരിക്കാൻ അതീവ ശ്രദ്ധ കാണിക്കേണ്ടതും ഇതിൽ തന്നെ.

ആൺകുട്ടികളെ സൗഭാഗ്യത്തിന്റെ അടയാളമായി കണക്കാക്കിയത് ചരിത്രകാലം മുതൽ നമുക്ക് വായിക്കാനാവും. എന്നാൽ അത് തെറ്റായ ധാരണയാണെന്നും എല്ലാ മക്കളെയും ഒരുപോലെ കാണാൻ പഠിപ്പിക്കുകയും പാകപ്പെടുത്തുകയുമാണ് ഇസ്‌ലാം ചെയ്തത്.

ചരിത്രത്തിൽ കഴിഞ്ഞുപോയ പല അഹങ്കാരികളുടെയും കഥ പറയുന്ന ക്വുർആൻ അവർ അഹങ്കരിക്കാൻ ന്യായമായി കണ്ടിരുന്ന കാരണങ്ങളിലൊന്ന് ആൺമക്കളും അവരുടെ സ്വാധീനവലയവുമായിരുന്നു എന്ന് കാണാനാകും. പുതിയ കാലത്ത് പുതിയ രൂപത്തിലും ഭാവത്തിലും അതേ അഹങ്കാരത്തിന്റെ ഡിജിറ്റൽ പതിപ്പുകൾ നമുക്ക് ചുറ്റും കാണാനാവുമെന്നതിൽ തർക്കമില്ല. അത്തരം അഹന്തയുടെ ചിന്തയിൽനിന്നും വർത്തമാനത്തിൽനിന്നും മാറിനിൽക്കാനായാൽ നമുക്ക് വിജയിക്കാനാകും, തീർച്ച. അനന്തരസ്വത്ത് ഓഹരിവെക്കുന്നിടത്ത് എല്ലാവർക്കുമുള്ള ഓഹരികൾ പറഞ്ഞ ശേഷം ക്വുർആൻ നടത്തുന്ന പ്രസ്താവന ഏറെ ശ്രദ്ധേയമാണ്: 'നിങ്ങളുടെ പിതാക്കൾ, മക്കൾ എന്നിവരിൽ ആരാണ് നിങ്ങൾക്ക് കൂടുതൽ ഉപകാരിയാവുക എന്നത് നിങ്ങൾക്കറിയില്ല തന്നെ.'

''നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക'' (ക്വുർആൻ 8:28).

മക്കളെ അനുഗ്രഹമായി കാണുന്നതോടൊപ്പം പരീക്ഷണമായിക്കൂടി കണ്ട് വിജയത്തിന്റെ വഴിയന്വേഷിക്കാൻ നാം തയ്യാറാവുക.


schoolOfQuranJamia
جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA
നല്ല നാളേക്കായ് ഇന്ന് പഠിക്കാം
ക്ലാസുകൾ ഞായറാഴ്ച്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം
ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശനം
FOR MORE ENQUIRY
+91 8606 788 882
2022-23
രജിസ്ട്രേഷൻ ആരംഭിച്ചു
അപേക്ഷകർ
www.schoolofquran.in
എന്ന വെബ്സെറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക
SCHOOL OF Qura'n
Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519
mail@schoolofquran.in
www.schoolofquran.in

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 MARCH 26

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




RESIDENTIAL CAMPUS FOR BOYS

# GREEN HOME

REGISTRATION OPEN
FOR GRADE 5-8

## SPECIALTIES

- Affiliated to CBSE Board of Education, New Delhi
- Curriculum enriched with Islamic History, Ethics and Morals
- Holistic Education through Experiential Learning
- Memorization of a prescribed portion of the Holy Qur'an with Thajweed rules
- Communicative English and Communicative Arabic
- Seasoned & Experienced Faculty

**CONTACT : +91 9605 146 000**

greenvalleycampus

Visit Us www.greenvalleycampus.com

Affiliated to CBSE : 930857, Green Valley Campus, Nellikkapramba, Mukkam, Kozhikode Dt, Pin: 673602